THE

# Travancore Government Gazette.

തിരുവിതാംകോട്ടു സൎക്കാർ ഗസെറ്റ

PUBLISHED BY AUTHORITY EVERY TUESDAY.

ഉത്തരവിൻപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

VOL. XLV.] TRIVANDRUM, TUESDAY, July 23, 1907. Karkadagom 8, 1082. NO. 30.

വാല്യം ൪൫. തിരുവനന്തപുരം, ൧൯൦൭ ജൂലായി ൨൩ / ൧൦൮൨ കൎക്കടകം ൮ ചൊവ്വാഴ്ച നമ്പർ ൩൦

## CONTENTS.

PART I.



ഒന്നാം ഭാഗം

PART II.





രണ്ടാം ഭാഗം

# Part I.—ഒന്നാം ഭാഗം.

## Leave of absence.

JUDICIAL DEPARTMENT.

His Highness the Maha Rajah has been pleased to grant one day's special casual leave for the 13th July 1907, to M. R. Ry. A. Govinda Pillai Avergal, B. A. & B. L., Puisne Judge, High Court.

---

His Highness the Maha Rajah has been pleased to grant twelve days' special casual leave and five days' casual leave in continuation to M. R. Ry. M. K. Ramachandra Rao Avergal, B. A. & B. L., Devaswom Special Officer, with effect from the 12th July, 1907.

## Assumption of Charge.

REVENUE AND MAGISTRACY.

M. R. Ry. K. Ramaswami Iyer, B. A. & B. L., Tahsildar and 2nd Class Magistrate, Nedumangad Taluk, appointed to act as Division Assistant and 1st Class Magistrate, Trivandrum, assumed charge of his duties on the afternoon of the 29th Mithunam, 1082.

MAGISTRACY.

Mr. N. Neelacanta Pillai, B. A. & B. L., 2nd Class Magistrate, Nedumangad Taluk, assumed charge of his duties on the forenoon of the 1st Karkadagom 1082.

M. Subramony Aiyar, B. A., Division Sirastadar, Padmanabhapuram, appointed to act as 2nd Class Magistrate, Parassala, assumed charge of his duties on the afternoon of the 29th Mithunam 1082.

## Resumption of Charge.

REVENUE AND MAGISTRACY.

M. R. Ry. M. Krishna Iyer, Tahsildar and 2nd Class Magistrate, Vilavankod Taluk, returned from leave and resumed charge of his duties on the forenoon of the 25th Mithunam, 1082.

## Cancelment of leave.

MAGISTRACY.

Forty-six days' out of the three months' privilege leave granted to Mr. P. P. Kurien B. A., 2nd Class Magistrate, Trivandrum Town, is cancelled at his request.

## അവധി കൊടുത്ത വിവരം

ഹൈക്കോർട്ട പ്യൂണിജഡ്ജി മ. രാ. രാ. എ. ഗോവിന്ദപ്പിള്ള ബി. എ., ബി. എൽ. അവർകൾക്ക ൧൯൦൭ ജൂലായി ൧൩-ാം ഒരു ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധി കല്പിച്ചു അനുവദിച്ചിരിക്കുന്നു.

ദേവസ്വം സ്പെഷ്യൽ ആപ്പീസർ മ. രാ. രാ. എം. കെ. രാമചന്ദ്രറായർ ബി. എ., ബി. എൽ. അവർകൾക്ക ൧൯൦൭ ജൂലൈ ൧൨-ാം മുതൽ ൧൨ ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധിയും അതിനെ തുടർച്ചയായി ൫ ദിവസത്തെ കാഷ്വൽ അവധിയും കല്പിച്ചു കൊടുത്തിരിക്കുന്നു.

## ചാർജെററ വിവരം

തിരുവനന്തപുരം ഡിവിഷൻ അസിസ്റ്റന്റും ൧-ാം ക്ലാസ്സ് മജിസ്ട്രേട്ടും ആയി കാര്യം വിചാരിക്കുന്നതിന നിയമിക്കപ്പെട്ട നെടുമങ്ങാട്ട താലൂക്ക തഹശീൽദാരും ൨-ാം ക്ലാസ്സ് മജിസ്ട്രേട്ടും ആയ മ. രാ. രാ. കെ. രാമസ്വാമിഅയ്യർ ബി. എ., ബി. എൽ. ൧൦൮൨ മിഥുനം ൨൯-ാം ഉച്ചതിരിഞ്ഞ ചാർജെററ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

നെടുമങ്ങാട്ട താലൂക്ക തഹശീൽദാരും ൨-ാം ക്ലാസ്സ് മജിസ്ട്രേട്ടും കാര്യം വിചാരിക്കുന്നതിന നിയമിക്കപ്പെട്ട നെടുമങ്ങാട്ട ൨-ാം ക്ലാസ്സ് മജിസ്ട്രേട്ട മിസ്റ്റർ എൻ. നീലകണ്ഠപ്പിള്ള ബി. എ., ബി. എൽ. ൧൦൮൨ കർക്കടകം ൧-ാം ഉച്ചയ്ക്കുമുമ്പ ചാർജെററ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

പാറശ്ശാല ൨-ാം ക്ലാസ്സ് മജിസ്ട്രേട്ട കാര്യം വിചാരിക്കുന്നതിന നിയമിക്കപ്പെട്ട പത്മനാഭപുരം ഡിവിഷൻ ശിരസ്തദാർ എം. സുബ്രഹ്മണ്യയ്യർ ബി. എ. ൧൦൮൨ മിഥുനം ൨൯-ാം ഉച്ചതിരിഞ്ഞ ചാർജെററ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

## തിരിച്ചു ചാർജെററ വിവരം

വിളവങ്കോട്ട താലൂക്ക തഹശീൽദാരും ൨-ാം ക്ലാസ്സ് മജിസ്ട്രേട്ടുമായ മ. രാ. രാ. എം. കൃഷ്ണയ്യർ അവധി കഴിഞ്ഞ ൧൦൮൨ മിഥുനം ൨൫-ാം ഉച്ചയ്ക്കുമുമ്പ തിരികെ ചാർജെററ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

## അവധി റദ്ദചെയ്ത വിവരം

തിരുവനന്തപുരം ടൌൺ ൨-ാം ക്ലാസ്സ് മജിസ്ട്രേട്ട മിസ്റ്റർ പി. പി. കുര്യൻ ബി. എ.ക്ക കൊടുത്തിരുന്ന ൩ മാസത്തെ പ്രിവിലെജ് അവധിയിൽ ൪൬ ദിവസത്തെ പ്രിവിലെജ് അവധി അപേക്ഷയിന്മേൽ റദ്ദ് ചെയ്തിരിക്കുന്നു.

## Leave of absence.

M. R. Ry. M. Raja Raja Varma Avergal, M. A. & B. L., Inspector of Schools, Northern Range, is granted 5 days' casual leave and 15 days' special casual leave in continuation.

## Appointment.

M. R. Ry. P. Ramaswami Aiyar Avergal, B. A., Inspector of Schools, Central Range, is appointed to be in charge of the Northern Range also, without prejudice to his own duties, during the absence of M. R. Ry. M. Raja Raja Varma Avergal on leave or until further orders.

## Retirement.

M. R. Ry. C. Krishna Pillai Avergal, B. A., Inspector of Schools, Southern Range, is to retire from service with effect from 1st Avvani 1083.

# *Programme of His Highness the Maha Rajah's tour to Courtallam and back*—1907.

| No. of Miles. | Station. | Date and hour. | | Day of the week. | Station. | Date and hour. | | Day of the week. |
|---|---|---|---|---|---|---|---|---|
| 40 | Leave Trivandrum .... | 26th July 1907. / 11th Audi 1082. | P. M. | Friday ... | Arrive Quilon .... | 27th July 1907. / 12th Audi 1082. | A. M. | Saturday. |
| 58 | ,, Quilon .... | 28th July 1907. / 13th Audi 1082. | 11-45 A.M. | Sunday ... | ,, Shencottah ... | 28th July 1907. / 13th Audi 1082. | 3–25 P. M. | Sunday. |
| 3 | ,, Shencottah ... | 28th July 1907. / 13th Audi 1082. | P. M. | Sunday ... | ,, Courtallam .... | 28th July 1907. / 13th Audi 1082. | P. M. | Sunday. |
| 3 | ,, Courtallam ... | 9th August 1907. / 25th Audi 1082. | P. M. | Friday ... | ,, Shencottah .... | 9th August 1907. / 25th Audi 1082. | P. M. | Friday. |
| 58 | ,, Shencottah .... | 9th August 1907. / 25th Audi 1082. | 2–20 P. M. | Friday .... | ,, Quilon .... | 9th August 1907. / 25th Audi 1082. | 5–50 P. M. | Friday |
| 40 | ,, Quilon ... | 11th August 1907. / 27th Audi 1082. | P. M. | Sunday .... | ,, Trivandrum .... | 12th August 1907. / 28th Audi 1082. | A. M. | Monday. |

18th July 1907.

വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കുററാലത്തേക്കു എഴുന്നള്ളി തിരിയെ എഴുന്നള്ളുന്ന വകക്കുള്ള പ്രൊഗ്രാം—ഫാറം.

| [illegible] | തിരിക്കുന്ന | | | | എത്തുന്ന | | | |
|---|---|---|---|---|---|---|---|---|
| | സ്റ്റെഷൻ | തീയതി | നേരം | ആഴ്ച | സ്റ്റെഷൻ | തീയതി | നേരം | ആഴ്ച |
| ൨൦ | തിരുവനന്തപുരം | ൧൯൦൭ ജൂലൈ ൨൬ / ൧൦൮൨ ആടി ൧൧ | അത്താഴം | വെള്ളി | കൊല്ലം | ൧൯൦൭ ജൂലൈ ൨൭ / ൧൦൮൨ ആടി ൧൨ | മുത്താഴം | ശനി |
| ൨൧ | കൊല്ലം | ൧൯൦൭ ജൂലൈ ൨൮ / ൧൦൮൨ ആടി ൧൩ | ഉച്ച ൧൧ മണി ൪൫ മിനിട്ടു | ഞായർ | ചെങ്കോട്ട | ൧൯൦൭ ജൂലൈ ൨൮ / ൧൦൮൨ ആടി ൧൩ | വൈകുന്നേരം ൩ മണി ൨൫ മിനിട്ടു | ഞായർ |
| ൩ | ചെങ്കോട്ട | ൧൯൦൭ ജൂലൈ ൨൮ / ൧൦൮൨ ആടി ൧൩ | വൈകുന്നേരം | ഞായർ | കുററാലം | ൧൯൦൭ ജൂലൈ ൨൮ / ൧൦൮൨ ആടി ൧൩ | അത്താഴം | ഞായർ |
| ൪ | കുററാലം | ൧൯൦൭ ആഗസ്റ്റ ൨ / ൧൦൮൨ ആടി ൧൮ | മുത്താഴം | വെള്ളി | ചെങ്കോട്ട | ൧൯൦൭ ആഗസ്റ്റ ൨ / ൧൦൮൨ ആടി ൧൮ | ഉച്ചക്കുമേൽ | വെള്ളി |
| ൫ | ചെങ്കോട്ട | ൧൯൦൭ ആഗസ്റ്റ ൨ / ൧൦൮൨ ആടി ൧൮ | ഉച്ചക്കുമേൽ ൨ മണി ൨൦ മിനിട്ടു | വെള്ളി | കൊല്ലം | ൧൯൦൭ ആഗസ്റ്റ ൨ / ൧൦൮൨ ആടി ൧൮ | വൈകുന്നേരം ൬ മണി ൧൦ മിനിട്ടു | വെള്ളി |
| ൨൦ | കൊല്ലം | ൧൯൦൭ ആഗസ്റ്റ ൪ / ൧൦൮൨ ആടി ൨൦ | അത്താഴം | ഞായർ | തിരുവനന്തപുരം | ൧൯൦൭ ആഗസ്റ്റ ൫ / ൧൦൮൨ ആടി ൨൧ | രാവിലെ | തിങ്കൾ |

൧൯൦൭ ജൂലൈ ൨൨

## Notice.

As the period for which licenses were granted to vendors of General Stamps will expire with the close of the current Malabar year, sealed applications for licenses for the year 1083 will be received by the Dewan Peishkar of each Division up to the 12th Audi 1082 corresponding to 27th July 1907. The licenses shall be only for sale of stamps of denominations below Rs. 25, stamps of higher values being sold direct at the Government Treasuries. The applications will be opened on the 14th Audi 1082, 29th July 1907 in the presence of such of the applicants as may be on the spot.

2. The applicants should be men of respectable means and should be acquainted with the Stamp Regulation and the Rules issued thereunder.

3. The maximum rate of discount sanctioned under the rules as payable to vendors in stamps is one per cent. (vide notification dated 30th May 1905 and published in the Government Gazette dated 6th June 1905).

4. Persons willing to take out licenses on the terms laid down in the preceding para or at lower rates, are required to state clearly in their applications the rates at which they are prepared to take them. School Masters and Anchal Masters may also apply for licenses on these terms with the permission of their respective superiors. Government do not bind themselves to accept the lowest or any tender.

5. The applicants selected will be required to bind themselves by duly executed agreements to strictly conform to the rules prescribed for the guidance of vendors. Those agreements will be subject to the usual stamp duty of one Rupee each, which must be paid to the respective Division Peishkars.

6. It shall be the duty of each vendor appointed for the ensuing year to return on or before the 1st Avani 1084 whatever balance of stamps may remain to the local Division Peishkar, to whom applications may be made for the value of such balance being refunded.

Huzur Cutcherry,
Trivandrum,
2nd July 1907.

S. GOPALACHARIYAR,
Dewan.

## പരസ്യം

മുദ്രകൾ വില്ക്കുന്നവൎക്കു കൊടുത്തിട്ടുള്ള ലൈസൻസുകളുടെ അവധി ൧൦൮൨-ാമാണ്ടു അവസാനത്തോടുകൂടി തീരുന്നതാകയാൽ ൧൦൮൩-ാമാണ്ടത്തെ ലൈസൻസിന്നായി അപേക്ഷിക്കുന്നവർ ൧൦൮൨ ആടിമാസം ൧൨-ാം തീയതിക്കു ശരിയായ ൧൯൦൭ ജൂലൈമാസം ൨൭-ാം തീയതി വരെ ഡിവിഷൻ പേഷ്കാരന്മാൎക്കു അപേക്ഷകൾ മുദ്രവെച്ചു അയക്കേണ്ടതാകുന്നു. ൨൫ രൂപായ്ക്കു താഴെ വിലയുള്ള മുദ്രകൾ വില്ക്കുന്നതിനുമാത്രമേ ലൈസൻസുകൾ കൊടുക്കയുള്ളു. കൂടുതൽ വിലയുള്ള മുദ്രകളെ ഗവൎമ്മെന്റു ട്രെഷറികളിൽ നിന്നു നേരിട്ടു വില്ക്കുന്നതാകുന്നു.

അപേക്ഷകളെ ആടിമാസം ൧൪-നു ഹാജരാകുന്ന അപേക്ഷക്കാരുടെ മുമ്പിൽവെച്ചു പൊട്ടിച്ചു നോക്കുന്നതാകുന്നു.

൨. അപേക്ഷകന്മാർ സാമാന്യമായി സമ്പന്നന്മാരും മുദ്രവില റെഗുലേഷനും അതു സംബന്ധമായി ഉണ്ടാക്കീട്ടുള്ള ചട്ടങ്ങളും മനസ്സിലാക്കിയിട്ടുള്ളവരും ആയിരിക്കേണ്ടതാകുന്നു.

൩. മുദ്രകൾ വില്ക്കുന്നവർ വില വാങ്ങുന്ന മുദ്രകൾക്കു അവൎക്കു കൊടുക്കേണ്ടതായി ചട്ടപ്രകാരമുള്ള ഡിസ്കൗണ്ടിന്റെ ഏറ്റവും കൂടുതലായ നിരക്കു നൂറ്റിനു ഒന്നുവീതം ആകുന്നു (൧൯൦൫ ജൂൺ ൬-നു-ലെ ഗവൎമ്മെന്റു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൯൦൫ മെ ൩൦-നു-ലെ പരസ്യം നോക്കുക)

൪. മുൻപിലത്തെ വകുപ്പിൽ വിവരിച്ചിരിക്കുന്ന നിരക്കിനോ അതിൽ കുറച്ചോ ലൈസൻസു പിടിക്കുന്നതിനു മനസ്സുള്ളവർ ആ വിവരംകൂടി അപേക്ഷയിൽ എഴുതിയിരിക്കേണ്ടതാകുന്നു. പള്ളിക്കൂടം വാദ്ധ്യാന്മാരും അഞ്ചൽമാസ്റ്റരന്മാരും അവരുടെ മേലാവിലുള്ളവരുടെ അനുവാദത്തോടുകൂടി ഈ വ്യവസ്ഥകളിന്മേൽ ലൈസൻസിനു അപേക്ഷിക്കാവുന്നതാകുന്നു. ഏറ്റവും താണ നിരക്കിലുള്ള അപേക്ഷയെയോ അല്ലെങ്കിൽ വല്ല അപേക്ഷയെയോ ഗവൎമ്മെന്റു സ്വീകരിച്ചേ തീരു എന്നില്ല.

൫. അപേക്ഷക്കാരിൽ ഇതിലേക്കു നിയമിക്കപ്പെടുന്നവർ വെണ്ടർമാർ മുദ്രവില്ക്കേണ്ടതിനു പ്രമാണിച്ചു അവർ നടക്കേണ്ടതിനുള്ള ചട്ടങ്ങളെ ബന്ധിതമായി അനുസരിച്ചു നടന്നുകൊള്ളാമെന്നു സമ്മതിച്ചു ഒരു ഉടമ്പടി എഴുതി കയ്യൊപ്പിട്ടു കൊടുക്കയും അതിലേക്കു തീരേണ്ട മുദ്രവില രൂപാ ഒന്നും ഡിവിഷൻ പേഷ്കാരുടെ അടുക്കൽ ഒടുക്കുകയും ചെയ്യേണ്ടതാകുന്നു.

൬. അടുത്ത ആണ്ടത്തേക്കു നിയമിക്കുന്ന ഓരോ വെണ്ടരും ആ ആണ്ടവസാനത്തിൽ വില്ക്കാതെ തന്റെ കയ്യിലുള്ള പത്രങ്ങളെയും മുദ്രകളെയും ൧൦൮൪-ാമാണ്ടു ചിങ്ങമാസം ൧-ാം തീയതിയോ അതിനു മുമ്പെയോ സ്ഥലത്തു ഡിവിഷൻ പേഷ്കാരെ ഏല്പിക്കേണ്ടതും അവയുടെ വിലയെ തിരിച്ചു കിട്ടുന്നതിനു പേഷ്കാരോടു അപേക്ഷിക്കാവുന്നതാകുന്നു എന്നു

എസ്സ്. ഗോപാലാചാൎയ്യർ,
ദിവാൻ.

No. S. R. 3170.

## Customs Notification.

It is hereby notified under sanction of His Highness the Maharajah that for the corresponding items of entry No. 11 in the Customs Notification No. S. R. 400 dated the 6th February 1907, *i. e.*, Travancore Import Tariff the following shall be substituted with effect from the 21st May 1907 namely.

| No. | Names of articles. | per. | Tariff Valuation. | | Duty. |
|---|---|---|---|---|---|
| | | | Rs. | As. | |
| 11 | Camphor refined cake... | lb. | 3 | 12 | Five per cent. |
| | Camphor partially refined, cake in blocks of about 13 lbs. ... | lb. | 2 | 12 | ,, ,, |
| | Camphor crude in powder ... | lb. | 2 | 4 | ,, ,, |

Huzur Cutcherry,<br>Trivandrum,<br>2nd July 1907.

S. GOPALACHARIYAR,<br>Dewan.

### ചുങ്കം വക പരസ്യം

കല്പനപ്രകാരം ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ തിരുവിതാംകോട്ട ഇറക്കുമതി താരിപ്പു പരസ്യം ആയ ൧൦൮൨ ഫെബ്രുവരി ൬-നു-ലെ S. R. ൪൦൦-ം നമ്പർ ചുങ്ക പരസ്യത്തിൽ ൧൧ ാം നമ്പർ ഇനത്തിൽ കർപ്പൂരത്തെപ്പററി പറഞ്ഞിരിക്കുന്നതിനു പകരം ൧൦൮൨ മെ ൨൧-നു- മുതൽ താഴെ പറയുന്നതിനെ ചെയ്യേണ്ടതാകുന്നു.

| നമ്പർ | സാമാനങ്ങളുടെ പേർ | എത്രക്കു | താരിപ്പു വില | | തീരുവ |
|---|---|---|---|---|---|
| | | | രൂ | ണ | |
| ൧൧ | കർപ്പൂരം ശുദ്ധി വരുത്തിയതു കട്ട | പൌണ്ട് | ൩ | ൧൨ | നൂററിനു ൫ വീതം |
| | ടി ഏകദേശം ശുദ്ധി വരുത്തിയതു | ടി | ൨ | ൧൨ | ടി |
| | ടി ശുദ്ധപ്പെടുത്താത്തതു പൊടി | ടി | ൨ | ൪ | ടി |

ഹജൂർകച്ചേരി<br>തിരുവനന്തപുരം<br>൧൦൮൨ ജൂലായി ൨-നു-

ദിവാൻ എസ്. ഗോപാലാചാര്യർ,<br>ദിവാൻ ബഹദൂർ.

No. S. R. 3168.

## Customs Notification.

It is hereby notified for general information that a "continuous still" should be held as a component part of the machinery to which it is attached and passed free of duty under Article 14 of "General Duties" of the Tariff Notification No. S. R. 400 dated 6-2-07.

Huzur Cutcherry,<br>Trivandrum,<br>2nd July 1907.

S. GOPALACHARIYAR,<br>Dewan.

ഇപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

കണ്ടിന്യൂവസ് സ്ടിൽ എന്ന ... യന്ത്രത്തിനോടു ചേർത്തു ഉപയോഗിക്കപ്പെടുന്നതോ അതിന്റെ സാമഗ്രിയായി അതിനെ ഗണിക്കേണ്ടതും ൧൦൮൨ ഫെബ്രുവരി ൬-ാം൹ യിലെ S. R. ൪൦൦-ാം നമ്പർ താരിപ്പു പരസ്യത്തിൽ സാധാരണ തീരുവകൾ എന്നതിൽ ൪൩-ാം നമ്പർ ഇനത്തിൽ ചേർത്തു തീരുവയില്ലാതെ വിട്ടയക്കേണ്ടതും ആകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൨ ജൂലായി ൨-

ദിവാൻ എസ്. ഗോപാലാചാര്യർ,
ദിവാൻ ബഹദൂർ.

No. S. R. 3459.

## Customs Notification.

It is hereby notified under sanction of His Highness the Maha Rajah that object lesson sheets or charts are not assessable to import duty under item No. 41 ("General Duties") of the Tariff Notification No. S. R. 400 dated the 6th February 1907 but that they should be passed free under item 20 of the said Notification.

Huzur Cutcherry,
Trivandrum,
15th July 1907.

S. GOPALACHARIYAR,
Dewan.

## ചുങ്ക വക പരസ്യം.

ഇതിനാൽ കല്പനപ്രകാരം സകല ജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ ഒബ്ജക്ടുലെസൺഷീട്ട് അല്ലെങ്കിൽ ചാർട്ട് (സാധന പാഠങ്ങൾ പഠിപ്പിക്കുന്നതിനുള്ള പടങ്ങൾ) ഇവകൾ ൧൦൮൨ ഫെബ്രുവരി ൬-ാം൹ യിലെ S. R. ൪൦൦-ാം നമ്പ്ര താരിപ്പു പരസ്യത്തിൽ സാധാരണ തീരുവകളിൽ ൪൧-ാം നമ്പ്ര ഇനത്തിൽ ചേർത്തു ഇറക്കുമതി തീരുവ ചുമത്തികൂടാ. ഇവയെ ടി പരസ്യത്തിലെ ൨൦-ാം നമ്പ്ര ഇനത്തിൽ ചേർത്തു തീരുവ ഇല്ലാതെ വിടേണ്ടതാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൨ ജൂലായി ൧൫-

ദിവാൻ എസ്. ഗോപാലാചാര്യർ
ദിവാൻ ബഹദൂർ.

## NOTIFICATION.

In the exercise of the power vested by section 16 of the Court Fees Regulation (I of 1062) and in supersession of para 3 of the notification dated the 21st December 1904 (vide page 1477, Part I, of the Gazette of the 27th idem) as supplemented by the notification of the 5th February 1905 (vide, page 187 Part I, of the Gazette of the 21st idem), it is hereby notified as follows, under sanction of His Highness the Maha Rajah :—

1. No document requiring a court fee shall be filed or acted upon in any proceeding in any court until the stamp intended to denote the same has been cancelled.

2. The Head Ministerial officer of each court or such officer as the court may, from time to time, appoint in writing shall, on receiving any such document, forthwith effect such cancellation by punching out the figure head (shank) so as to leave the amount designated on the stamp untouched, and the part removed by punching shall be burnt or otherwise destroyed.

3. As regards adhesive labels (in addition to the punching as aforesaid which is applicable to all court fee stamps whether impressed or adhesive), the recordkeeper of every court shall, when a case is decided and the record consigned to his custody, punch a second hole in each label, distinct from the first, and shall note the date of doing so at the same time. The second punching should not remove so much of the stamp as to render it impossible or difficult to ascertain its value or nature.

4. With regard to copies, certificates or other similar documents liable to court fee, the court issuing the same shall, before issue cancel the adhesive labels affixed to them, if any, by punching out a portion of the labels in such a manner as to remove neither the figure head nor that part of the label upon which its value is expressed. As an additional precaution, the signature of the officer attesting the document with the date, should be written across the label and upon the paper on either side of it as is frequently done by persons signing stamped receipts.

5. This notification shall take effect from the first of Chingom 1083.

Huzur Cutcherry,
Trivandrum,
18th June 1907.
8th July 1907.

S. GOPALACHARIYAR,
Dewan.

## നൊട്ടീസ്സ്

൧. യാത്രക്കാരെയും സർക്കാർ വകയും കൂലി തീർന്നതുമായ പാഴ്സലുകളും കൊണ്ടുപോകുന്നതിനായി തിരുവനന്തപുരം മുതൽ പറവൂർ വരെ ഇപ്പോൾ നടത്തിവരുന്നതായ സർക്കാർ ട്രാൻസിറ്റു വള്ളം ഏർപ്പാടു നിറുത്തൽ ചെയ്തു പാഴ്സലുകൾ മാത്രം തിരുവനന്തപുരത്തു നിന്നും പറവൂർക്കും കോട്ടയത്തു നിന്നും ആലപ്പുഴക്കും വൈക്കത്തിനും മടങ്ങോട്ടും അതുപോലെ ഇങ്ങോട്ടും കൊണ്ടുവന്നു ഏല്പിക്കുന്നതിനുള്ള ജോലി ഉടമ്പടിയായി കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൨. ഉടമ്പടി മേൽപറഞ്ഞ മുഴുവൻ ലയിനും ഒന്നായിട്ടൊ, (൧) തിരുവനന്തപുരം മുതൽ കൊല്ലം വരെയും (൨) കൊല്ലം മുതൽ ആലപ്പുഴ വരെയും (൩) ആലപ്പുഴ മുതൽ എറണാകുളം വരെയും (൪) എറണാകുളം മുതൽ പറവൂർ വരെയും (൫) ആലപ്പുഴ മുതൽ കോട്ടയം വരെയും (൬) കോട്ടയം മുതൽ വൈക്കം വരെയും, വെവ്വേറായിട്ടൊ കൊടുക്കുന്നതാകുന്നു.

൩. ഉടമ്പടി ഏല്ക്കാൻ മനസ്സുള്ള ആളുകൾ മാസം ഒന്നുക്കു എന്തു തുകക്കു ഏല്ക്കാമെന്നുള്ളതിനെ കാണിച്ചു ൧൦൮൨ കർക്കടകം ൧൫-ാം൹ (ജൂലായി ൩൦-ാം൹)ക്കൊ അതിനു മുമ്പൊ കിട്ടത്തക്കവണ്ണം അഞ്ചൽ സൂപ്രണ്ടിനു അപേക്ഷ ഹർജി അയക്കേണ്ടതാകുന്നു.

൪. ഉടമ്പടി മൂന്നാണ്ടേക്കു കൊടുക്കുന്നതായിരിക്കും.

൫. ഓരോ അപേക്ഷ ഹർജിയോടു കൂടെ ൨൫ രൂപാ ഏർണസ്റ്റു വെക്കേണ്ടതും ആയതു പണമായിട്ടു അഞ്ചൽ സൂപ്രണ്ടാഫീസിൽ ഒടുക്കുകയൊ മണിആർഡർ ആയി അഞ്ചൽ സൂപ്രണ്ടിനു അയക്കുകയൊ ചെയ്യേണ്ടതാകുന്നു.

൬. മുഴുവൻ ലയിനിലേക്കും ആരുടെ അപേക്ഷയെ സ്വീകരിക്കുന്നുവൊ അയാൾ ഉടമ്പടിയുടെ ഉറപ്പിലേക്കായി ൩൦൦ രൂപാ റെഡിമണി കെട്ടേണ്ടതും അഞ്ചൽ സൂപ്രണ്ടു നിശ്ചയിക്കുന്നതുപോലെയുള്ള കരാറുകൾ അടങ്ങിയ ഒരു ഉടമ്പടി മുദ്രപ്പത്രത്തിൽ എഴുതിവെക്കേണ്ടതുമാകുന്നു. ചില്ലറ ലയിനിലേക്കുള്ള റെഡിമണി അതിന്റെ അകലമനുസരിച്ചിരിക്കുന്നതായിരിക്കും.

൭. അപേക്ഷ സ്വീകരിക്കപ്പെട്ട ആളിന്റെ ഏർണസ്റ്റു റെഡിമണിയുടെ ഒരു ഭാഗമായി ഉപയോഗപ്പെടുത്തുകയും ശേഷം അപേക്ഷക്കാരുടെ ഏർണസ്റ്റു തിരിച്ചു കൊടുക്കുകയും ചെയ്യുന്നതാകുന്നു.

൮. അപേക്ഷ സ്വീകരിക്കപ്പെട്ട ആളിനെ ആ വിവരം അഞ്ചൽ സൂപ്രണ്ടു നോട്ടീസ്സു മൂലം തെര്യപ്പെടുത്തുന്നതും അന്നു മുതൽ പതിനഞ്ചു ദിവസത്തിനകം അയാൾ അഞ്ചൽ സൂപ്രണ്ടിന്റെ മുമ്പാകെ ഹാജരായി റെഡിമണി ഒടുക്കി ഉടമ്പടി എഴുതി വെക്കേണ്ടതുമാകുന്നു. അങ്ങനെ ചെയ്യാഞ്ഞാൽ അയാളുടെ ഏർണസ്റ്റു സർക്കാരിൽ മുതൽകൂട്ടുന്നതുമാകുന്നു.

൯. പാഴ്സലൊടുകൂടെ പോകുന്ന ശിപായിയെ ഉടമ്പടിക്കാരൻ കൂലി കൂടാതെ വള്ളത്തിൽ കൊണ്ടുപോകേണ്ടതാകുന്നു.

൧൦. പാഴ്സലുകൾക്കും ശിപായിക്കും ആവശ്യപ്പെട്ടതു നീക്കി വള്ളത്തിൽ സ്ഥലമുണ്ടായിരുന്നാൽ യാത്രക്കാരെക്കൂടി കയറ്റി കൊണ്ടുപോകാവുന്നതും അവരിൽ നിന്നും ഉണ്ടാകുന്ന കൂലി ഉടമ്പടിക്കാരനു എടുത്തുകൊള്ളാവുന്നതുമാകുന്നു. എന്നാൽ ഗവർമ്മെന്റിൽ നിന്നും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതൊ മേൽ നിശ്ചയിക്കുന്നതൊ ആയ നിരക്കിൽ കൂട്ടി കൂലി വാങ്ങിക്കൂടാത്തതാകുന്നു.

൧൧. ഉടമ്പടിക്കാരൻ ഉപയോഗപ്പെടുത്തുന്ന വള്ളങ്ങൾ ആഞ്ഞിലി മരത്തിൽ തീർത്തിട്ടുള്ളതും വെള്ളം കയറാത്തതും ബലമുള്ളതും ആയിരിക്കണം.

൧൨. ഉടമ്പടിക്കാരൻ ഓരോ ട്രാൻസിറ്റാഫീസിലും പാഴ്സലുകൾ ഏല്പിക്കേണ്ട സമയം താഴെ പറയുന്ന പട്ടികയനുസരിച്ചു ഇരിക്കുന്നതാകുന്നു. എന്നാൽ ഈ പട്ടിക അപ്പഴപ്പോൾ ഉള്ള ആവശ്യംപോലെ അഞ്ചൽ സൂപ്രണ്ടിനു ഭേദപ്പെടുത്താവുന്നതാകുന്നു.

## സമയ വിവര പട്ടിക

| സ്റ്റേഷൻ | എത്തുന്ന സമയം | | | അയക്കുന്ന സമയം | | |
|---|---|---|---|---|---|---|
| | | | | | | |
| **തിരുവനന്തപുരം മുതൽ പറവൂർ വരെ** | | | | | | |
| തിരുവനന്തപുരം | | ,, | ,, | പകൽ | ൧൨ | മണി |
| ചിറയിൻകീഴ് | പകൽ | ൬ | ൩൦ | ,, | ൬ | ൪൫ |
| വർക്കല | രാത്രി | ൮ | ൧൫ | രാത്രി | ൮ | ൩൦ |
| പരവൂർ | ,, | ൧ | ,, | ,, | ൧ | ൧൫ |
| കൊല്ലം | ,, | ൩ | ൧൫ | പ | ൨ | ,, |
| ചവറ | പ | ൪ | ,, | ,, | ൪ | ൧൫ |
| കരുനാഗപ്പള്ളി | രാ | ൮ | ,, | രാ | ൮ | ൧൫ |
| അമ്പലപ്പുഴ | ,, | ൩ | ,, | ,, | ൩ | ൧൫ |
| ആലപ്പുഴ | പ | ൭ | ,, | പ | ൧൨ | ,, |
| വൈക്കം | രാ | ൮ | ,, | രാ | ൮ | ൧൫ |
| അരൂക്കുററി | ,, | ൧൨ | ൪൫ | ,, | ൧ | ,, |
| എറണാകുളം | ,, | ൪ | ൧൫ | പ | ൯ | ,, |
| പറവൂർ | പ | ൧ | ,, | ,, | ,, | ,, |
| **പറവൂർ മുതൽ തിരുവനന്തപുരം വരെ.** | | | | | | |
| പറവൂർ | ,, | ,, | | രാത്രി | ൮ | ,, |
| എറണാകുളം | രാത്രി | ൩ | ,, | പകൽ | ൧ | ,, |
| അരൂക്കുററി | പകൽ | ൪ | ൧൫ | ,, | ൪ | ൩൦ |
| വൈക്കം | രാ | ൧൦ | ,, | രാ | ൧൦ | ൧൫ |
| ആലപ്പുഴ | പ | ൯ | ൩൦ | പ | ൧൦ | ,, |
| അമ്പലപ്പുഴ | ,, | ൧ | ,, | ,, | ൧ | ൧൫ |
| കരുനാഗപ്പള്ളി | രാ | ൮ | ൩൦ | ,, | ൮ | ൪൫ |
| ചവറ | ,, | ൧ | ,, | രാ | ൧ | ൧൫ |
| കൊല്ലം | ,, | ൩ | ൩൦ | പ | ൨ | ,, |
| പരവൂർ | പ | ൪ | ൩൦ | ,, | ൪ | ൪൫ |
| വർക്കല | രാ | ൧൧ | ൧൫ | രാ | ൧൧ | ൩൦ |
| ചിറയിൻകീഴ് | ,, | ൩ | ,, | ,, | ൩ | ൧൫ |
| തിരുവനന്തപുരം | പ | ൮ | ,, | ,, | ,, | ,, |
| **കോട്ടയം മുതൽ വൈക്കം വരെ** | | | | | | |
| കോട്ടയം | | ,, | | രാ | ൮ | |
| വൈക്കം | രാ | ൩ | | | ,, | |
| **വൈക്കം മുതൽ കോട്ടയം വരെ** | | | | | | |
| വൈക്കം | | ,, | | രാ | ൬ | |
| കോട്ടയം | പ | ൧... | | | | |

കോട്ടയം മുതൽ ആലപ്പുഴ വരെ

| | | |
|---|---|---|
| കോട്ടയം<br>ആലപ്പുഴ | "<br>൭ ൩ | ൭ ൮<br>" |

ആലപ്പുഴ മുതൽ കോട്ടയം വരെ

| | | |
|---|---|---|
| ആലപ്പുഴ<br>കോട്ടയം | "<br>൭ ൩ | ൭ ൮<br>" |

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ ജൂലായി ൧൫-

ദിവാൻ എസ്. ഗോപാലാചാര്യർ,
ദിവാൻ ബഹദൂർ.

നോട്ടീസു.

൧. സകലമാനപേരെയും തെര്യപ്പെടുത്തുന്നതെന്തെന്നാൽ:— ഇപ്പോൾ തിരുവനന്തപുരം മുതൽ നാഗരുകോവിൽ വരെയും അവിടെ നിന്നു ഇങ്ങോട്ടും ഓട്ടക്കാർമൂലം കൊണ്ടുപോകുന്നതായ അഞ്ചൽ മെയിലും പാഴ്സലുകളും മറ്റും ആവശ്യപ്പെടുന്ന സമയം ഗവർമ്മെണ്ടു ബന്തോബസ്തിൽ അയക്കപ്പെടുന്നതായ ചില്ലറ പണപ്പെട്ടകളും കുതിര വണ്ടിയിലൊ മോട്ടോർ വണ്ടിയിലൊ കൊണ്ടുപോകുന്നതിനുള്ള ജോലി ൧൦൮൩ ചിങ്ങം ൧൫ മുതൽ ഉടമ്പടിയായി കൊടുക്കപ്പെടുന്നതാണ്.

൨. ഉടമ്പടി ഏല്ക്കാൻ മനസ്സുള്ള ആളുകൾ മാസം ഒന്നുക്കു എന്തു തുകക്കു ഏല്ക്കാമെന്നുള്ളതിനെ കാണിച്ചു, ൧൦൮൨ കർക്കടകം ൧൭-ാംനു ൧൯൦൭ ജൂലായി ൩൧-നുക്കൊ, അതിനു മുമ്പൊ, കിട്ടത്തക്കവണ്ണം അപേക്ഷ ഹർജി അഞ്ചൽ സൂപ്രണ്ടിനു അയക്കേണ്ടതാകുന്നു.

൩. ഉടമ്പടി ഒരാണ്ടേക്കുമാത്രം കൊടുക്കുന്നതായിരിക്കും.

൪. ഓരൊ അപേക്ഷ ഹർജിയോടുകൂടെ ൨൫ രൂപാ ഏൎന്നസ്റ്റ വെക്കേണ്ടതും ആയതു പണമായിട്ടു അഞ്ചൽ സൂപ്രണ്ടാപ്പീസിൽ ഒടുക്കുകയൊ മണിഓർഡർ ആയി അഞ്ചൽ സൂപ്രണ്ടിനു അയക്കുകയൊ ചെയ്യേണ്ടതാകുന്നു.

൫. ആരുടെ അപേക്ഷ സ്വീകരിക്കപ്പെടുന്നുവൊ അയാൾ ഉടമ്പടിയുടെ ഉറപ്പിലേക്കായി (൨൫൦) ഇരുനൂറ്റിയമ്പതു രൂപാ ഡെഡിമണി കെട്ടേണ്ടതും അഞ്ചൽ സൂപ്രണ്ടു നിശ്ചയിക്കുന്നതുപോലെയുള്ള കരാറുകൾ അടങ്ങിയ ഉടമ്പടി മുദ്രപ്പത്രത്തിൽ എഴുതി വെക്കേണ്ടതും ആകുന്നു.

൬. അപേക്ഷ സ്വീകരിക്കപ്പെടുന്ന ആളിന്റെ ഏൎന്നസ്റ്റ ഡെഡിമണിയുടെ ഒരു ഭാഗമായി ഉപയോഗപ്പെടുത്തുകയും ശെഷം അപേക്ഷക്കാരുടെ ഏൎന്നസ്റ്റ തിരികെ കൊടുക്കുകയും ചെയ്യുന്നതാകുന്നു.

൭. അപേക്ഷ സ്വീകരിക്കപ്പെട്ട ആളിനെ ആ വിവരം അഞ്ചൽ സൂപ്രണ്ടു നോട്ടീസുമൂലം തെര്യപ്പെടുത്തുന്നതും അതു മുതൽ ൧൫ ദിവസത്തിനകം അയാൾ അഞ്ചൽ സൂപ്രണ്ടിന്റെ മുമ്പാകെ ഹാജരായി ഡെഡിമണി കെട്ടി, ഉടമ്പടി എഴുതി വെക്കേണ്ടതുമാകുന്നു. അങ്ങിനെ ചെയ്യാഞ്ഞാൽ, അയാളുടെ ഏൎന്നസ്റ്റ സൎക്കാരിൽ മുതൽകൂട്ടുന്നതുമാകുന്നു.

൮. തിരുവനന്തപുരത്തിനും നാഗരുകോവിലിനും മദ്ധ്യെയുള്ള മെയിൻ ലയിനിലെ ഏതു അഞ്ചലാപ്പീസിൽ നിന്നും അടിയന്തരത്തിൽ അയക്കപ്പെടുന്ന സൎക്കാർ ഡാക്കൊ പ്രൈവറ്റൊ ആയ എഴുത്തുകൾ മുതലായ അഞ്ചലുരുപ്പടികളെ ഏറ്റു വാങ്ങി, അതാതിന്റെ മേലാപ്പീസുകളിൽ ഏല്പിക്കുന്നതിനു ഉടമ്പടിക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

൯. അഞ്ചൽ മെയിലിനോടു കൂടെ പോകുന്ന ശിപായിയെ ഉടമ്പടിക്കാരൻ കൂലികൂടാതെ വണ്ടിയിൽ കൊണ്ടുപോകേണ്ടതാകുന്നു.

൧൦. അഞ്ചൽ മെയിൽ സഞ്ചികൾ, പാഴ്സലുകൾ മറ്റുരുപ്പടികൾ, ഇവകൾക്കും ശിപായിക്കും ആവശ്യമുള്ളതിൽ അധികം സ്ഥലം കുതിരവണ്ടിക്കൊ മോട്ടോർ വണ്ടിക്കൊ ഉണ്ടായിരുന്നാൽ, യാത്രക്കാരെ കൂടെ കയറ്റി കൊണ്ടുപോകുന്നതിനു ഉടമ്പടിക്കാരനു സ്വാതന്ത്ര്യം ഉള്ളതും, അവരിൽ നിന്നു ന്യായമായകൂലി ഉടമ്പടിക്കാരനു എടുത്തുകൊള്ളാവുന്നതും ആകുന്നു.

൧൧. ഉടമ്പടിക്കാരൻ ഓരൊ അഞ്ചൽ ആപ്പീസിലും അഞ്ചൽ മെയിൽ ഏല്പിക്കെണ്ടു സമയം താഴെ പറയുന്ന പട്ടികയനുസരിച്ചു ഇരിക്കുന്നതാകുന്നു. എന്നാൽ ഈ പട്ടിക ആവശ്യപ്പെടുമ്പോഴുള്ള ആവശ്യംപൊലെ അഞ്ചൽ സൂപ്രണ്ടിനു ഭേദപ്പെടുത്താവുന്നതുമാകുന്നു.

സമയവിവരപ്പട്ടിക,

തിരുവനന്തപുരം മുതൽ നാഗരുകൊവിൽ വരെ

| അഞ്ചൽ ആപ്പീസിന്റെ പേര | മൈൽ ദൂരം | എത്തുന്ന സമയം | ആപ്പീസിൽ താമസം | അയക്കുന്ന സമയം | റിമാർക്ക് |
|---|---|---|---|---|---|
| തിരുവനന്തപുരം ... ... | ... | ... | ... | രാ — ൮ ... | ഒരു മണിക്കൂറിൽ ൭ മൈൽ വീതം |
| ബാലരാമപുരം ... ... | ൭ | രാ — ൯ ൨൦ | ൧൫ | ,, ൯ ൩൫ | |
| നെയ്യാറ്റുങ്കര ... ... | ൫ | ,, ൧൦ ൨൫ | ൩൦ | ,, ൧൦ ൫൫ | |
| കുഴിത്തുറ ... ... | ൧൧ | ,, ൧൨ ൪൫ | ൩൦ | ,, ൧ ൧൫ | |
| പത്മനാഭപുരം ... ... | ൧൦ | ,, ൨ ൬ | ൩൦ | ,, ൩ ൩൬ | |
| നാഗരുകൊവിൽ ... ... | ൮ | ,, ൫ ... | ... | ,, ... | |

നാഗരുകൊവിൽ മുതൽ തിരുവനന്തപുരം വരെ.

| അഞ്ചൽ ആപ്പീസിന്റെ പേര | മൈൽ ദൂരം | എത്തുന്ന സമയം | ആപ്പീസിൽ താമസം | അയക്കുന്ന സമയം | റിമാർക്ക് |
|---|---|---|---|---|---|
| നാഗരുകൊവിൽ ... ... | ... | ... | ... | രാ — ൭ ... | |
| പത്മനാഭപുരം ... ... | ൮ | രാ — ൮ ൯ | ൨൦ | ,, ൮ ൨൯ | |
| കുഴിത്തുറ ... ... | ൧൦ | ,, ൧൦ ൪൫ | ൩൦ | ,, ൧൧ ൧൫ | |
| നെയ്യാറ്റുങ്കര ... ... | ൧൧ | ,, ൧ ൫ | ൩൦ | ,, ൧ ൩൫ | |
| ബാലരാമപുരം ... ... | ൫ | ,, ൨ ൨൫ | ൧൫ | ,, ൨ ൪൦ | |
| തിരുവനന്തപുരം ... ... | ൭ | ,, ൩ ... | ... | ... | |

ഹജൂർക്കച്ചെരി
തിരുവനന്തപുരം
൧൮൭൭ ജൂലായി ൧൨.

ദിവാൻ എസ്. ഗൊപാലാചാര്യർ,
ദിവാൻ ബഹദൂർ.

No. G. 4565.

NOTIFICATION.

In modification of the notification published on page 751 of the Government Gazette, dated the 9th July 1907, the following revised lists of plague infected areas and of passport stations are published for general information.

A.—PLAGUE-INFECTED AREAS.

*I.—In the Madras Presidency.*

| District. | Taluk. | Village or town. | District. | Taluk. | Village or town. |
|---|---|---|---|---|---|
| Bellary | ... Kudligi | .. Ramparam. | | | |
| Salem | ... Hosur | ... Belakarai.<br>Kuganur.<br>Morasur.<br>Muttur.<br>Onnatti. | South Canara | Mangalore .. | Mangalore. |

*II.—Outside the Madras Presidency.*

(1) Mysore State.

(2) *Bombay*—The Bombay Presidency including the *cities* of Borada and Karachi, the Kolhapur and Southern Mahratta Country, the *States* of Baroda, Cambay, Cutch, Kathiawar, Satara and Surat, the *ports* of Bet, Cambay, Dwarka, Jamnagar, Kodinar, Mongrol and Veraval, the *district* of Sukkar and the *towns* of Jamnagar and Kolhapur.

(3) *Bengal*—The *cities* of Calcutta and Patna, and the *districts* of Bhagalpur, Burdwan, Cuttak, Darbhanga, Gaya, Hazaribagh, Howrah, Jessore, Monghyr, Muzaffarpur, Palaman, Patna, 24-Perganas, Saran, Shahabad, and Sonthal Parganas and the *towns* of Bhagalpur, Darbhanga, Gaya, Howrah, and Monghyr.

(4) *The Panjab*—The *districts* of Amritsar, Attock, Delhi, Ferozepur, Gujaranwala, Gujarat, Gurdaspur, Gurgaon, Hissar, Hoshiarpur, Jhang, Jhelum, Jullundur, Kangra, Karnal, Lahore, Lyallpur, Ludhiana, Mainwali, Montgomery, Multan, Rawalpindi, Rohtak, Shahpur, Sialkot and Amballa, the *States* of Dujana, Faridkot, Jind, Kapurthala, Kalsia, Maler Kotla, Nabha and Patiala and the *cities* of Amritsar, Delhi, Jullundur, Lahore and Patiala.

(5) *The United Provinces of Agra and Oudh*—The *districts* of Agra, Aligargh, Allahabad, Azamgarh, Bahraich, Ballia, Bara Banki, Basti, Bareilly, Benares, Bijnor, Budaun, Bulandshahr, Cawnpur, Dehra Dun, Etah, Etawah, Farrukabad, Fatehpur, Fyzabad, Garhwal Ghazipur, Gonda, Gorakhpur, Hardoi, Jaunpur, Kheri, Lucknow, Mainpuri, Meerut, Mirzapur, Moradabad, Muttra, Muzaffarnagar, Naini Tal, Partabgarh, Pilibhit, Rae Bareli, Shahjahanpur, Shahranpur, Sitapur, Soltanpur, and Unao, the *cities* of Agra, Aligarh, Allahabad, Benares, Bareilly, Cawnpur, Fyzabad, Gorakhpur, Hathras, Lucknow, Meerut. Mirzapur, Moradabad Muttra, Shajahanpur and Shahranpur and Farrukabad *town*.

(6) *The Central Provinces (including Berar)*—The *districts* of Akola, Amroti, Balaghat, Bhandara, Buldana, Chindwara, Damoh, Hoshangabad, Jubbalpore, Mandla, Nagpur, Narasingpur, Nimar, Raipur, Saugor, Seoni, and Wardha, the *towns* of Akola, Amroti, Balaghat, Bhandara, Chanda, Ellichpur, Jubbulpore, Narasingpur and Wardha, Nagpur *city* and Jabbulpore cantonment.

(7) *Central India*—The *States* of Bhopal, Dewas, Dhar, Indore, Jaora, Jhabua, Nagode, Rutlam, and Sailana, the *city* of Ujjain, Guaranteed Holdings in Malwa Agency, and Bhagelkhand Agency States.

(8) *Burma*—Rangoon *port* and the *districts* of Amherst, Bassein, Hanthawaddy, Henzada, Manbin, Myaungmya, Pegu, Prome, Pyapon, Tharawaddy, Thaton, and Toungoo and the *towns* of Mandalay and Moulmein.

(9) *Kashmir*—The *districts* of Jammu and Khathna.

(10) *Hyderabad*—The *districts* of Aurangabad and Usmanabad.

(11) *Rajputana*—The *States* of Alwar, Banswara, Bharatpur, Jaipur, Marwar, Mewar, Partabgarh, Shahpura and Tonk and Jaipur *city*.

(12) *North-West Frontier Province*.—The *towns* of Dera Ismail Khan and Peshawar, Peshawar cantonment, and the *districts* of Bannu, Dera Ismail Khan, Dikhan, Hazara and Peshwar and Khyber agency.

B. PASSPORT STATIONS.

*Madras Railway.*

Gudupalli. Mulanur.
Kuppam. Patchur.

*Southern Mahratta Railway.*

Kottur.

2. Persons arriving from the places above mentioned should be required to take out passports.

Huzur Cutcherry,
Trivandrum, 15th July 1907

S. GOPALACHARIYAR,
*Dewan.*

No. G. 4724.

## Notification.

In modification of the notification published on page 20 of the Government Gazette dated the 2nd July 1907, it is hereby notified that quarantine imposed against arrivals from Mauritius should be withdrawn, intimation having been received that the place is free from plague.

Huzur Cutcherry,
Trivandrum,
20th July 1907.

S. GOPALACHARIYAR,
Dewan.

പരസ്യം.

൧൯൦൭ ജൂലൈ ൨-ാം ലെ ഗവമ്മെണ്ട ഗസററിൽ ൨൦ ാം വശത്തു പ്രസിദ്ധപ്പെടുത്തിയിരുന്ന പരസ്യത്തെ ഭേദപ്പെടുത്തി ഇതിനാൽ പരസ്യം ചെയ്യുന്നതെന്തെന്നാൽ മൊറീഷിയസ് എന്ന സ്ഥലത്തു പ്ലേഗ് ദീനം ഇല്ലെന്നു അറിവു കിട്ടിയിരിക്കയാൽ അവിടെ നിന്നും വരുന്ന ഉരുക്കൾക്കു ക്വാറന്റൈൻ പരിശോധന വേണ്ടെന്നു വച്ചിരിക്കുന്നു.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ ജൂലൈ ൨൦-ാം

ദിവാൻ, എസ്. ഗോപാലാചാര്യർ,
ദിവാൻ ബഹദൂർ.

No. G. 4723.

## NOTICE.

Whereas a man-eater reported to be roaming about the forests of the Pattanapuram Range is a source of danger to life, it is hereby notified for general information that any one who kills the said tiger will be granted a reward of Rs. (100) one-hundred.

2. The carcase of the tiger should be produced with the claws and teeth as soon as possible before the Divisional Forest Officer, Central Division, who will cause the reward to be paid on being satisfied that the animal killed is the one proclaimed. Persons entering the Reserves for the above purpose should obtain the previous permission of the Range Officer.

Huzur Cutcherry,
Trivandrum,
20th July 1907.

S. GOPALACHARIYAR,
Dewan.

നോട്ടീസ്.

പത്തനാപുരം റേഞ്ചിൽ ഉള്ള വനങ്ങളിൽ മനുഷ്യോപദ്രവമായ ഒരു കടുവാ സഞ്ചരിച്ചു ജീവഹാനിക്കു ഇടയാകുന്നതായി അറിവു കിട്ടിയിരിക്കുന്നതിനാൽ പൊതു ജനങ്ങളുടെ അറിവിനായി ഇതിനാൽ പരസ്യം ചെയ്യുന്നതു എന്തെന്നാൽ മേൽപറഞ്ഞ കടുവായെ കൊല്ലുന്ന ആൾക്കു ൧൦൦ രൂപാ ഇനാം കൊടുക്കുന്നതാകുന്നു.

൨. കടുവായുടെ ശരീരത്തെ നഖം പല്ലു ഇവയോടുകൂടി കഴിയുന്നതും വേഗത്തിൽ സെന്ട്രൽ ഡിവിഷൻ ഫാറസ്റ്റ ആഫീസരുടെമുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. ഈ ഉദ്യോഗസ്ഥൻ കൊല്ലപ്പെട്ട ജന്തു പരസ്യം ചെയ്തിരുന്ന കടുവാ തന്നെയോ എന്നു ബോദ്ധ്യപ്പെട്ടശേഷം [illegible] ഇനാം കൊടുക്കുന്നതിനു ഏർപ്പാടു ചെയ്യേണ്ടതാണ. ഈ കാര്യത്തിനായി റിസർവിനകത്തു പ്രവേശിക്കുന്ന ആളുകൾ മുൻകൂട്ടി റെയിഞ്ജ ആഫീസരുടെ അനുവാദം വാങ്ങിക്കേണ്ടതാകുന്നു.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ ജൂലായി ൨൦-ാം

ദിവാൻ എസ്. ഗോപാലാചാര്യർ
ദിവാൻ ബഹദൂർ

No. 6610/L. R.

## Declaration.

Under section 4 of the Land Acquisition Regulation III of 1067, is is hereby declared that 564895 sq. ft. of land from 86 Nos. of property in Azhinjicottu Mekinkarapattu &c. in Midalam Proverthy, Eraniel Taluk, belonging to Koppilan Bhoothathan of Thaipilavila and others and now in the occupation of Kulasekaran Kochan of Kallunathuvila and others are required for the construction of a road from 6th mile Karingal-Puthukaday road to the beach at Midalam.

Huzur Cutcherry,
Trivandrum,
20th July 1907.

S. GOPALACHARIYAR,
Dewan.

### അറിയിപ്പ്

പബ്ലിക്ക കാൎയ്യങ്ങൾക്കായി കുടികളുടെ പെരിൽ പതിഞ്ഞ വസ്തുക്കളെ സൎക്കാരിൽ നിന്നും ഒഴിക്കുന്നതിന ഉണ്ടായിട്ടുള്ള ൧൦൬൭ ലെ ൩-ാം റെഗുലെഷന്റെ ൪-ാം വകുപ്പനുസരിച്ച തെൎയ്യപ്പെടുത്തുന്നത

കരിങ്ങൽ പുതുക്കടെ റൊഡ്ഡുമുതൽ ൬-ാം മയിൽ സ്ഥലം മുതൽ മിടാലത്തു കടപ്പുറംവരെ ഒരു റൊഡ്ഡു വെട്ടുന്നതിന ഇരണിയൽ താലൂക്കിൽ മിടാലം പ്രവൃത്തിയിൽ അഴിഞ്ഞിക്കോട്ടു മെക്കിങ്കര പ്പുറവിലും മറ്റും തൈപ്പിലാവിള കൊപ്പിളൻ ഭൂതത്താൻ മുതൽപെരുടെ പെരിൽ പതിഞ്ഞതു കല്ലുനാട്ടുവിളയിൽ കുലശെഖരൻ കൊച്ചൻ മുതൽപെരുടെ അനുഭവത്തിൽ ഇരിക്കുന്ന ൮൬ നമ്പർ വസ്തുക്കളിൽ നിന്നും ൫൬൪൮൯൫ ചതുരശ്ര അടി സ്ഥലം എടുക്കുന്നതിന നിശ്ചയിച്ചിരിക്കുന്നു

ഹജൂർക്കച്ചെരി
തിരുവനന്തപുരം
൧൯൦൭ ജൂലായി ൨൦നു

ദിവാൻ എസ് ഗൊപാലാചാൎയ്യർ,
ദിവാൻ ബഹദൂർ.

No. 6530/L. R.

## Declaration.

Under section 4 of the Land Acquisition Regulation III of 1067, it is hereby declared that a piece of land measuring 100 sq. ft. from Survey No. 2107 Muttathara Paguthi registered in the name of Raman Krishnan of Enchakal House, Perunthanni Muri, Palkulangara Adhigarom and now in the enjoyment of Krishnan Kesavan of the said House is required for the construction of a culvert over Thekanaukaray drain in the road from Sreevaraham to Paravan Kunnoo.

Huzur Cutcherry,
Trivandrum,
19th July 1907.

S. GOPALACHARIYAR,
Dewan.

### അറിയിപ്പ്

പബ്ലിക്ക കാൎയ്യങ്ങൾക്കായി കുടികളുടെ പെരിൽ പതിഞ്ഞിട്ടുള്ള വസ്തുക്കളെ സൎക്കാരിൽ നിന്നും എടുക്കുന്നതിന ഉണ്ടായിട്ടുള്ള ൧൦൬൭ ാമാണ്ടത്തെ ൩-ാം റിഗുലെഷൻ ൪-ാം വകുപ്പനുസരിച്ച തെൎയ്യപ്പെടുത്തുന്നത

ശ്രീവരാഹത്തു നിന്നും പരവൻ കുന്നിലെക്ക പൊകുന്ന റൊഡ്ഡിലെക്ക തെക്കനാംകര തൊട്ടിൽ കലുങ്കു കെട്ടുന്നതിന പാൽകുളങ്ങര അധികാരത്തിൽ പെരുന്താന്നി മുറിയിൽ എഞ്ചക്കൽ വീട്ടിൽ രാമൻ കൃഷ്ണൻ പെരിൽ പട്ടയത്തിൽ കൊണ്ട കൃഷ്ണൻ കെശവൻ അനുഭവിച്ചു വരുന്ന മുട്ടത്തറ പകുതിയിൽ സൎവ്വെ ൨൧൦൭ ാം നമ്പർ വസ്തുവിൽ മെക്കുകിഴക്ക നിന്നും ൧൦൦ അടി. ചൊക്കം സ്ഥലവും വൃക്ഷങ്ങളും എടുക്കാൻ നിശ്ചയിച്ചിരിക്കുന്നു.

ഹജൂർക്കച്ചെരി
തിരുവനന്തപുരം
൧൯൦൭ ജൂലായി ൧൯നു

ദിവാൻ എസ്. ഗൊപാലാചാൎയ്യർ
ദിവാൻ ബഹദൂർ.

No. S. R. 3565.

## NOTICE.

The Assistant Superintendent of the Cardamom Hills is invested with all the powers of the Superintendent within his Division subject to the approval and confirmation of the Superintendent.

Huzur Cutcherry,
Trivandrum,
20th July 1907.

S. GOPALACHARIYAR,
Dewan.

പരസ്യം

ഏലം അസിസ്റ്റാന്റ സൂപ്രണ്ടിനെ കീ, വടക്കേയിലുള്ള ഡിവിഷൻ സംബന്ധിച്ച ഏലം സൂപ്രണ്ടിനുള്ള സകല അധികാരങ്ങളും ഈ ഡിസ്ത്രിക്ടു സൂപ്രണ്ടിനു നല്കിയിരിക്കുന്നു. എന്നാൽ അപ്പീൽകേൾക്ക ഏലം സൂപ്രണ്ടിന്റെ സ്വാതന്ത്ര്യം സ്ഥിരപ്പെടുത്തീട്ടും ആവശ്യമാകുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
കർക്കടകം ൫-ന് ൧൦൮൨

ദിവാൻ എസ്. ഗോപാലാചാര്യർ.
ദിവാൻ ബഹദൂർ.

---

No. J. 2567.

NOTICE.

It is hereby notified for general information that Coir rugs of the following descriptions manufactured in the Central Prison have been entrusted to Messrs. Marse & Co., Trivandrum, for sale at the prices noted against each.

Coir rugs ... 4 × 2, plain at Rs. 3 as. 9 each.
Do. ... 3 × 1½, plain at Rs. 2 as. 5 each.

Huzur Cutcherry,
Trivandrum,
22nd July 1907.

A. J. VIEYRA,
Chief Secretary to Government.

---

## Notice.

Tenders are invited for the supply of the following articles required for the School of Arts, Trivandrum for M. E. 1083.

2. Tenders should be sealed with wax and superscribed "Tenders for the supply of articles for the School of Arts, Trivandrum". They should be addressed to the Chief Secretary to Government and posted in time to reach him before noon on Tuesday the 15th Karkadagom 1082. Tenders received after that time will be rejected.

3. Separate tenders are required for the articles under the heads A and B. The prices offered should include all charges till delivery at the School of Arts, Trivandrum.

4. All tenders should be accompanied by a deposit of Rs 25 in cash or in currency notes as earnest money, this deposit to be forfeited in case the contractor fails to accept the contract tendered for.

5. The tenders will be opened at the Huzur Cutcherry at 12 noon on Wednesday the 16th Karkadagom 1082 in the presence of such of the tenderers as may be in attendance.

6. Those whose tenders are accepted will be required to make within 2 days of acceptance of the tender, a deposit equal to 10 per cent. of the value of the articles bid, including Rs. 25 previously deposited and to execute an agreement on stamp paper for due fulfilment of the contract. If he fails to make a further deposit or to execute the agreement he shall forfeit his deposit. In this case or on failure to fulfilment of any part of the agreement, the contract will be resold, and should Government sustain any loss thereby, the original tenderer shall, in addition to the forfeiture of his deposit, be held responsible for the loss, but he shall not be entitled to any profit arising from the sale.

7. The deposit of Rs. 25 made by the unsuccessful tenderers will be returned to them.

8. The delivery of the articles contracted for should be made throughout the year in such quantities and in such times as may be required by the Superintendent of the School of Arts, Trivandrum.

9. His Highness' Government reserves the right of rejecting any of the tenders without assigning a reason.

Huzur Cutcherry,
Trivandrum,
18th July 1907.

A. J. VIEYRA,
Chief Secretary to Government.

A. Fuel, well-dried excluding cashewnut, mango, and the like light wood
Length 3½ ft. and girth 15" to 25" ........................................Tons 300.

B. Black clay from Kulinilam, Kuriathil, Trivandrum ........................Tons 200.

## Rules regarding the admission and training of *Private* Candidates in the Taluk or Division Survey Schools.

Survey Schools will be opened at the Taluk or Division Headquarters on the 1st working day of Avvani of every year; and the course of training will be for six weeks.

2. Private students not exceeding ten in number for each Division will be admitted.

3. Applications for admission from private candidates prepared in the subjoined form should be submitted in person to the Dewan Peishkar of each Division on the 20th Adi or next Office day of each year.

4. Candidates should be below 25 years of age.

5. They should have passed at least the Vernacular Elementary, or Subordinate Service Examination.

6. They should produce satisfactory character certificate from some respectable individual.

7. If there be more than 10 candidates seeking admission, a written Examination in Elementary Arithmetic will be conducted under the orders of the Dewan Peishkar, and the first ten who pass in the Examination will be admittted. The Dewan Peishkar will distribute the candidates, sending a few to each of the Taluk Survey Schools in his Division.

8. The fee will be Rs. 5 (five) for the whole course of 6 weeks and should be paid in advance.

9. The course of training will be the same as for Village Accountants.

10. At the end of the course in the School the records prepared by the students during their course will be sent to the Survey Headquarters Office by the Taluk or Division Surveyors after testing 20 per cent. of the measurements in the field, as per instructions.

11. The records will be examined in the Survey Headquarters Office and Certificates will be issued through the Dewan Peishkar to those found qualified.

### Form of Application.

1. Name of candidate in full.
2. Father's, Uncle's or Guardian's name.
3. Residence.
4. Age.
5. Examinations passed.
6. Number of Certificates forwarded.
7. Signature.
8. Date.

Huzur Cutcherry,
Trivandrum,
22nd July 1907

A. J. VIEYRA,
Chief Secretary to Government.

The following postings of Division and Taluq Surveyors to take effect from 1st Auvani 1083 M. E. are ordered. They will report themselves to the Division Peishkars on 5th August 1907.

| Division. | Taluk. | Name of Surveyor. | Pay Rs. |
|---|---|---|---|
| **Kottayam** ... | ... ... | 1. K. Oonny Kymal ... | 40 |
| | | 2. T. Yohannan ... | 40 |
| **Quilon** ... | ... ... | 3. P. Kunju Pillay ... | 40 |
| **Padmanabhapuram** ... | Tovala ... | M. Krishnaswamy Naidu ... | 30 |
| | Agastisvaram ... | G. T. Muthu Pillay ... | 25 |
| | Erniel ... | N. Virasami Mudali ... | 30 |
| | Kalkulam ... | J. A. Streenivasagom Pillay ... | 25 |
| | Vilavankod ... | K. Raman Tampi ... | 25 |
| **Trivandrum** ... | Neyyattinkara ... | M. Padmanabha Pillay ... | 25 |
| | Trivandrum ... | E. Nilakanta Pillay ... | 30 |
| | Nedumangad ... | G. Krishna Pillay ... | 30 |
| | Chirayinkil ... | P. Kesava Pillay ... | 25 |
| **Quilon** ... | Quilon ... | Padmanabhan Raman ... | 25 |
| | Karunagapally ... | K. Govinda Pillay ... | 25 |
| | Kartigapally ... | Krishnan Velayudhan ... | 25 |
| | Ampalapuzha ... | G. Raman Pillay ... | 25 |
| | Tiruvalla ... | Narayanan Narayanan ... | 25 |
| | Mavelikara ... | V. Sankara Pillay ... | 25 |
| | Chengannur ... | K. Velayudhan Pillay ... | 25 |
| | Shencottah ... | A. C. Ernakulathappa Pillay ... | 30 |
| **Kottayam** ... | Changanasery ... | Keralan Parameswaran ... | 25 |

Huzur Cutcherry,
Trivandrum,
22nd July, 1907.

A. J. VIEYRA,
Chief Secretary to Government.

താലൂക്ക സൎവെ പള്ളിക്കൂടങ്ങളിലും ഡിവിഷൻ സൎവെ പള്ളിക്കൂടങ്ങളിലും സൎക്കാർ ജീവനക്കാർ അല്ലാത്ത വിദ്യാൎത്ഥികളെ ചേൎക്കയും പഠിപ്പിക്കയും ചെയ്യുന്നവക്കുള്ള ചട്ടങ്ങൾ.

൧. ആണ്ടുതോറും ചിങ്ങമാസത്തിൽ ആദ്യത്തെ കച്ചേരി ദിവസം താലൂക്ക കച്ചേരി ഇരിക്കുന്ന പ്രദേശത്തിലൊ ഡിവിഷൻ കച്ചേരി ഇരിക്കുന്ന പ്രദേശത്തിലൊ സൎവെ പള്ളിക്കൂടങ്ങൾ ആരംഭിക്കുന്നതാകുന്നു. പഠിത്തം ൬ വാരത്തേക്ക ഉണ്ടായിരിക്കും.

൨. ഓരോ ഡിവിഷനിലും പത്തുപേരിൽ അധികപ്പെടാതെ സൎക്കാർ ജീവനക്കാർ അല്ലാത്ത വിദ്യാൎത്ഥികളെ ഇവയിൽ ചേൎക്കുന്നതാകുന്നു.

൩. പള്ളിക്കൂടങ്ങളിൽ ചേരേണ്ടവൎക്ക താഴെ ചേൎത്തിരിക്കുന്ന ഫാറപ്രകാരം അപേക്ഷ തയാറാക്കി ആടിമാസം ൨൦-നു-യൊ അല്ലെങ്കിൽ അടുത്ത കച്ചേരി ദിവസത്തിലൊ അതതു ഡിവിഷനിലെ പേഷ്കാരുടെ അടുക്കൽ നേരിട്ട ഹാജരാക്കേണ്ടതാകുന്നു.

൪. പള്ളിക്കൂടങ്ങളിൽ ചേരേണ്ട വിദ്യാൎത്ഥികൾ ൨൫ വയസ്സിനു താഴെ പ്രായം ഉള്ളവർ ആയിരിക്കേണം.

൫. അവർ നാട്ടുഭാഷാ പ്രാഥമിക പരീക്ഷയൊ കീഴ്ജീവന പരീക്ഷയൊ എങ്കിലും ജയിച്ചവർ ആയിരിക്കേണം.

൬. അവർ തങ്ങളുടെ നല്ല നടത്തയെപ്പറ്റി മാന്യന്മാരായ വല്ലവരുടെയും പക്കൽ നിന്നും ഒരു സൎട്ടിഫിക്കെറ്റ ഹാജരാക്കേണ്ടതാകുന്നു.

൭. പള്ളിക്കൂടങ്ങളിൽ ചേരുന്നതിനു പത്തിൽ അധികം വിദ്യാൎത്ഥികൾ അപേക്ഷിക്കുന്നതായിരുന്നാൽ ദിവാൻപേഷ്കാരുടെ വരുതിയിൽ കണക്കിൽ ഒരു പരീക്ഷ നടത്തപ്പെടുന്നതും ആ പരീക്ഷയിൽ ജയിക്കുന്നതിൽ ആദ്യത്തെ പത്തുപേരെ ചേൎക്കുന്നതും ആകുന്നു. അങ്ങനെ ചേൎക്കപ്പെടുന്ന വിദ്യാൎത്ഥികളെ ദിവാൻപേഷ്കാർ തന്റെ ഡിവിഷനിൽ ചേൎന്ന താലൂക്ക സൎവെ പള്ളിക്കൂടങ്ങളിൽ വീതിച്ചു അയക്കേണ്ടതാകുന്നു.

൮. പഠിത്തത്തിനുള്ള പൂൎണ്ണകാലം ആയ ആറു വാരത്തേക്കുംകൂടി ഒട്ടുക്ക ൫ രൂപാ ഫീസു കൊടുക്കേണ്ടതും അതു മുമ്പുറായി അടക്കേണ്ടതും ആകുന്നു.

൯. ഇവരെ പഠിപ്പിക്കുന്ന രീതി പ്രവൃത്തിചിള്ളമാരെ പഠിപ്പിക്കുന്ന രീതിയിൽതന്നെ ആയിരിക്കുന്നതാണ.

൰. ഇവരുടെ പഠിത്തത്തിന്റെ കാലാവധി തീൎന്നതിന്റെ ശേഷം താലൂക്ക സൎവെയരൊ ഡിവിഷൻ സൎവെയരൊ പഠിത്തകാലത്തു ഈ വിദ്യാൎത്ഥികൾ തയാറാക്കീട്ടുള്ള റിക്കാൎട്ടുകൾ ശരിതന്നെയൊ എന്നുള്ള വിവരത്തെ ഫീൽഡു അളവുകളിൽ നൂറിനു ഇരുപതുവീതം എണ്ണത്തെ പരിശോധിച്ചു നോക്കി തിട്ടപ്പെടുത്തിയതിന്റെ ശേഷം സൎവെ ഹെഡ്ക്വാട്ടരാപ്പീസിൽ അയച്ചു കൊടുക്കേണ്ടതാകുന്നു.

൰൧. ആ വക റിക്കാൎട്ടുകളെ സൎവെ ഹെഡ്ക്വാട്ടരാപ്പീസിൽ പരിശോധിച്ചു യോഗ്യത ഉള്ളവരെന്നു കാണപ്പെടുന്നവൎക്ക ഡിവിഷൻ പേഷ്കാർ മുഖേന സൎട്ടിഫിക്കെറ്റു കൊടുക്കപ്പെടുന്നതാകുന്നു.

അപേക്ഷാഫാറം.

൧. ഇരട്ടപ്പേര.
൨. അച്ഛന്റെയൊ അമ്മാവന്റെയൊ രക്ഷാകൎത്താവിന്റെയൊ പേര.
൩. വാസസ്ഥലം.
൪. വയസ്സ.
൫. ജയിച്ചിട്ടുള്ള പരീക്ഷകൾ.
൬. കൂട്ടിചേൎക്കുന്ന സൎട്ടിഫിക്കെറ്റുകളുടെ എണ്ണം.
൭. ഒപ്പു.
൮. തീയതി.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൮൨ ജൂലായി ൨൦-നു

ഗവൎമ്മെന്റ ചീഫ് സിക്രട്ടെരി,
എ. ജെ. വീയറാ.

## Notice.

1. Sealed tenders will be received by the undersigned until 4 P. M. on Monday the 12th August 1907/28th Karkadagom 1082 for the supply of 100 Dutch candies of first sort Bengal sugar to be delivered at the Utsavamatom, Trivandrum, and of 45 candies at Alleppey (Candy = 500 Dutch lbs. or 547 English lbs.)

2. The tenders may be made separately for delivery at each place or at both places together. They should state the rate offered in words, and samples of sugar not less than half a pound should accompany each tender.

3. A deposit of Rs. 25 or a receipt for that amount from the Huzur Treasury must accompany each tender as earnest money, which deposit shall be forfeited if the contract bond be not executed in the Huzur Cutcherry, Trivandrum, within a week after the acceptance of the tender.

4. A deposit of Rs. 2½ per candy as security for the due fulfilment of the contract will have to be made at the time of signing the contract bond.

5. In the case of an accepted tender the earnest money will be retained as part security and in the case of a rejected tender the earnest money will be returned forthwith.

6. The delivery is to be made in three or four instalments according to requirements.

7. In the case of any failure to fulfil the contract the deposit shall be forfeited to Government.

Any further information may be obtained from the undersigned.

Huzur Cutcherry,
Trivandrum,
19th July 1907.

A. J. VIEYRA,
*Chief Secretary to Government.*

### നൊട്ടീസ്.

തിരുവിതാംകൂർ ഗവൎമ്മെന്റുവക ചിലവിനു ഒന്നാം തരത്തിൽ ൧൪൫ ഡച്ചു കണ്ടി ബെംഗാൾ പഞ്ചസാര ശേഖരിക്കുന്നതിനു ൧൯൦൭-ാം വൎഷം ആഗസ്റ്റ് മാസം ൧൨-ാം൹ ൧൦൮൨-ാമാണ്ടു കൎക്കടകമാസം ൨൮-ാം൹ തിങ്കളാഴ്ച വൈകുന്നേരം ൪ മണിവരെ വരുന്ന ടെൻഡറുകൾ തിരുവിതാംകൂർ ഗവൎമ്മെണ്ടു ചീഫ് സിക്രട്ടേരി അവൎകൾ വാങ്ങിക്കുന്നതാകുന്നു. ഒരു ഡച്ചുകണ്ടി എന്നു പറയുന്നതു ൫൦൦ ഡച്ചു റാത്തലൊ ൫൪൭ ഇംഗ്ലീഷ റാത്തലൊ ആകുന്നു. മേൽപറഞ്ഞ പഞ്ചസാരയിൽ ൪൫ കണ്ടി ആലപ്പുഴയിലും ൧൦൦ കണ്ടി തിരുവനന്തപുരത്തു ഉത്സവമഠത്തിലുമായി ഏല്പിക്കേണ്ടതാകുന്നു.

൨. ടെൻഡറുകൾ ഓരോ സ്ഥലത്തേക്ക മാത്രമായിട്ടൊ രണ്ടു സ്ഥലത്തേക്കും കൂടീട്ടൊ ആയിരിക്കാം. ടെൻഡറുകളിൽ വില അക്ഷരത്തിൽ എഴുതുകയും പഞ്ചസാരയുടെ മാതൃകകൾ അര റാത്തലിൽ കുറയാതെ പഞ്ചസാര ടെൻഡറിനോടു കൂടി അയക്കയും ചെയ്യാനുള്ളതാകുന്നു.

൩. ഓരോ ടെൻഡറിനോടുകൂടി ൨൫ രൂപായൊ അല്ലെങ്കിൽ ൨൫ രൂപാ ഹജൂർ ഖജനാവിൽ അടച്ചതിന്റെ രസീതൊ അയക്കേണ്ടതും. സ്വീകരിക്കപ്പെട്ട ടെൻഡറുകാരൻ സ്വീകരിക്കപ്പെട്ട തീയതി മുതൽ ഒരു വാരത്തിനകം ഹജൂർകച്ചേരിയിൽ ഹാജരായി ഉടമ്പടി എഴുതി വെക്കാത്തപക്ഷം അനാമത്തു പണം സൎക്കാരിലേക്ക മുതൽകൂട്ടുന്നതും ആകുന്നു.

൪. ഉടമ്പടി എഴുതിവെക്കുന്ന സമയം ഉടമ്പടി ശരിയായി നടക്കുന്നതിനു വേണ്ടി ജാമ്യമായി കണ്ടി ഒന്നുക്കു രണ്ടര (൨॥) രൂപാ വീതം അനാമത്തു വെക്കേണ്ടതാകുന്നു.

൫. സ്വീകരിക്കപ്പെട്ട ടെൻഡറിനോടു കൂടിയുള്ള ആൎണസ്റ്റു പണം ജാമ്യത്തിലേക്കായിട്ടു വകവച്ചുകൊള്ളുകയും, ശേഷം ടെൻഡറുകാരുടെ പണം തിരികെ കൊടുക്കയും ചെയ്യും.

൬. ൧൦൦ (നൂറു) കണ്ടി പഞ്ചസാര തിരുവനന്തപുരത്തു ഉത്സവമഠത്തിലും ൪൫ (നാല്പത്തഞ്ചു) കണ്ടി പഞ്ചസാര ആലപ്പുഴ കച്ചവടം വകയിലും ആവശ്യംപോലെ മൂന്നൊ നാലൊ തവണയായിട്ടു ഏല്പിക്കേണ്ടതാകുന്നു.

൭. ഉടമ്പടിക്ക വ്യത്യാസം വന്നാൽ കെട്ടിവച്ചിട്ടുള്ള ജാമ്യത്തുക ഗവൎമ്മെണ്ടിലേക്ക മുതൽകൂട്ടുന്നതാകുന്നു.

ഈ വിഷയത്തെപ്പറ്റി വേറെ വല്ലതും അറിയേണ്ടിയിരുന്നാൽ താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ആളോടു ചോദിച്ചറിയുകയും ആം.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൦൭ ജൂലായി ൧൯-ാം൹.

ഗവൎമ്മെണ്ടു ചീഫ സെക്രട്ടേരി,
എ. ജെ. വീയറാ.

## ERRATUM.

For "൩ വണ്ണത്തിൽ കൂടുതലായ വൃക്ഷങ്ങൾ" in Clause III of para 2 of the rules for the Settle-
ment of Cherikal lands published on page 379 of the Government Gazette dated 2nd April 1907,
read "൩ വണ്ണവും അതിൽ കൂടുതലും ആയ വൃക്ഷങ്ങൾ."

## പിഴ തിരുത്തൽ

൧൯൦൭ ഏപ്രിൽ ൨-ാം തീയതിയിലെ ഗവർണ്മെന്റു ഗസെററിൽ ൩൭൯-ാം വശത്തു പ്രസിദ്ധപ്പെടുത്തീട്ടുള്ള ചെറിക്കൽ ഭൂമികൾ പതിച്ചുകൊടുക്കുന്നതിനെപ്പററിയുള്ള ചട്ടങ്ങളിൽ രണ്ടാം പാരഗ്രാഫിൽ ൩-ാം വകുപ്പിൽ ൩ വണ്ണത്തിൽ കൂടുതലായ വൃക്ഷങ്ങളും എന്നതിനു പകരം ൩ വണ്ണവും അതിൽ കൂടുതലും ആയ വൃക്ഷങ്ങളും എന്നു വായിക്കേണ്ടതാകുന്നു.

# TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 23, 1907. / Karkadagom 8, 1082.


## Part II.—രണ്ടാം ഭാഗം

**Notice of auction sale of contract for the supply of vegetables &c., for Oottupuras.**

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യംചെയ്യുന്നതു എന്തെന്നാൽ

പറവൂർ താലൂക്കിൽ ചേന്ന് തൃച്ചക്രപുരത്തു ക്ഷേത്രത്തിൽ വെച്ചു ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൧-നു- നടത്തിപ്പാനുള്ള തിരുവോണം വാരം അടിയന്തിരത്തിനു വെണ്ട കോപ്പുകൾ കരാറായി ഏല്പിക്കുന്നതിനു കർക്കടകമാസം ൨൮-നു താലൂക്കിലും ൨൫-നു കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തരും ൫൦ രൂപാ വീതം ഡെമണി വെക്കാതെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ലാ. കരാറു തുകക്കു ഏല്പെടുന്നവരുടെ മേൽ സർക്കാരിലെ യുക്തംപോലെ ഗവർമ്മെണ്ടു അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തി എട്ടിൽ ഒരു ഭാഗം ഡെമണിയും ലേലക്കാരന്റെ ചിലവിന്മേൽ ഉടമ്പടിയും വെപ്പിച്ചു കരാറു കൊടുത്തു നടത്തിക്കുന്നതും അടിയന്തിരം കഴിഞ്ഞു കണക്കു തീർപ്പിച്ചു പണം കൊടുപ്പിക്കുന്നതും ആകുന്നു.

ലേലത്തിൽ ചേരുന്നതിനു ഡെമണി വച്ചിട്ടുള്ളതിൽ ലേലം സ്ഥിരപ്പെടുന്നവരുടെ തുക അവരുടെ കരാറിന്റെ ഉറപ്പിനായി ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ ഡെമണി ഉടൻ തിരിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്. ലേലത്തിൽ പിടിച്ചതിന്റെ ശേഷം ഉടമ്പടി പ്രകാരമായതു വെക്കാതെയോ ഉടമ്പടി വച്ചതിന്റെ ശേഷം അതിലെ താല്പര്യപ്രകാരം ശരിയായി നടത്താതെയോ ഇരുന്നാൽ ഡെമണി വച്ചിട്ടുള്ള സംഖ്യ പ്രായശ്ചിത്തമായി മുതൽ കൂട്ടിക്കുന്നതു കൂടാതെ വേറെ വിധം ഏല്പിച്ചു ചെയ്തു നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന സകല നഷ്ടങ്ങളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

൧൦൮൨-മാണ്ടു മിഥുനമാസം ൩൧-നു

ദിവാൻപേഷ്കാർ പത്മനാഭൻ ശങ്കരൻ,

പകരം അ: അസിസ്റ്റന്റു,

എം. പപ്പുപിള്ള.

## തിരുവനന്തപുരം പണിവക മരാമത്തു കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧൦൭൬-ാം പണിവക ചെമ്പുപണിപ്പുര സ്റ്റോറിൽ മുതൽകൊണ്ടും ഇപ്പോൾ ഉപയോഗമില്ലാതെയും കിടപ്പുള്ള പഴയ ചെമ്പു തുലാം ൪൪ പലം ൨൦ അരയും, പുത്തൻ ചെമ്പുകിടാരം ൧-ം, വേലക്കാര തീരാത്ത നിലകാതു ൩-ം, അടുക്കപൊകിണി ൧൦-ം ധാരക്കിടാരം ൩-ം തട്ടം ത്രാസു തട്ട മുതലായതും, ചെമ്പു തുലാം ൧൨ പലം ൨൦ മുക്കാൽ, പുത്തൻ മൂലവെട്ടചെമ്പു തുലാം ൨ പലം ൧൧ അര, ഒന്നും കറഞ്ഞ പുത്തൻ ചെമ്പുതകിട ൧൭-ൻ തുലാം ൨൭ പലം ൫൯ അര, പിത്തളയിൽ പുത്തൻ തകിട ൪ വെട്ടുതുണ്ടുകളും തുലാം ൭ പലം ൭൭, കാരൊട്ടിൽ പുത്തനായിട്ട തീൎത്ത ധൂപക്കുററി മൂന്നും കൈച്ചട്ടുവം ൨ കൈവട്ടുക ൧ ഉൾപ്പെടെ ഉരു ആറുക്ക പലം ൩൭, കാരീയം ചെൎത്തു വെള്ളോട്ടിൽ പുത്തനായി തീൎത്ത കിണ്ടി ൫ നാഴികൊരുവ ൧ ചുരുൾ ൧ ഉൾപ്പെടെ ഉരു ൭-ക്ക തുലാം ൧ പലം ൩൧ കാൽ, കമലക്കമ്പി പലം ൫൦ അരയും, പഴയ ഇരുമ്പു പലം ൫൦-ം ൧൦൭൬-ാമാണ്ട കൎക്കടകമാസം ൧൭-ക്ക ൧൯൦൧ ആഗസ്ത ൧-ാം-ടി ചെമ്പുപണിപ്പുരയിൽ വച്ചു ലേലത്തിൽ വില്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ള ആളുകൾ അവധിദിവസം സ്ഥലത്തു ഹാജരായി ലേലം വിളികെൾക്കെണ്ടതാകുന്നു.

൧. ലേലത്തിൽ ചെരാൻ മനസ്സുള്ള ആളുകൾ ൧൫ രൂപാ വീതം ഡെമണി കെട്ടിവെക്കെണ്ടതും അങ്ങനെ കെട്ടിവെക്കാത്തവരെ ലേലത്തിൽ ചെൎക്കുന്നതല്ലാത്തതും ആകുന്നു.

൨. കൂടുതൽ തുകക്കു വിളികെൾക്കുന്ന ആളുകൾ ആദ്യം ഡെമണിയായി ഹാജരാക്കീട്ടുള്ള തുകയുൾപ്പെടെ നാലിൽ ഒരു ഭാഗം ഉടനെയും ശെഷം പണം ലേലം സ്ഥിരപ്പെടുത്തി ഹജൂരിൽ നിന്നും ഉത്തരവുണ്ടായി തെയ്യപ്പെടുത്തുന്നതു മുതൽ മൂന്നു ദിവസത്തിനകവും കെട്ടിവെക്കെണ്ടതാകുന്നു. ലേലത്തിൽ മടങ്ങിപ്പോകുന്ന ആളുകളുടെ ഡെമണി ലേലം തീൎന്ന ഉടൻ തിരികെ കൊടുക്കുന്നതാണ.

൩. ലേലം സ്ഥിരപ്പെടുത്തുകയൊ നിരാകരിക്കയൊ ചെയ്യുന്നതു സൎക്കാരിലെ യുക്തം പൊലെ ആയിരിക്കും.

൪. ലേലത്തിൽ വിളികെൾക്കുന്ന ആളുകൾ രണ്ടാം വകുപ്പനുസരിച്ചു നടക്കാതെയിരുന്നാൽ ഒടുക്കിയിട്ടുള്ള ഡെമണി പ്രായശ്ചിത്തമായി മുതൽകൂട്ടുന്നതിനും ആവൎത്തിച്ചു ലേലംചെയ്തു അതിൽവച്ചു സൎക്കാരിലെക്കു നഷ്ടം നെരിടുന്നതായാൽ ആയതു ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതിനു ഇടവരുന്നതും ആവൎത്തിച്ചുള്ള ലേലത്തിൽ ലാഭം വരുന്നതായാൽ അതിലെക്കു ആദ്യ ലേലക്കാരൻ അവകാശപ്പെട്ടുകൂടാത്തതും ആകുന്നു.

൧൦൭൬-ാമാണ്ട ഇടവമാസം ൩൦-ാം

കാൎയ്യം വിചാരിക്കുന്ന അസിസ്റ്റൻറു
സൂപ്പർവൈസർ ശങ്കരപ്പിള്ള.

### ചെമ്പുപണിവക സ്റ്റോറിൽ ഉപയോഗമില്ലാതെ കിടപ്പുള്ള പഴയ ചെമ്പു മുതലായതു ലേലത്തിൽ വില്പിക്കുന്ന വകക്കു ലിസ്റ്റ്

൧൦൭൬ കൎക്കടകം ൧൭-ാം

| നമ്പർ | ഇനം | തുലാം | പലം |
|---|---|---|---|
| ൧ | പഴയ ചെമ്പു ... ... ... ... ... ... | ൪൪ | ൨൦ ½ |
| ൨ | പുത്തൻ ചെമ്പുകിടാരം (൧) വേല കറതീരാത്ത നിലകാതു (൩) അടുക്കപൊകിണി (൧൦) ധാരക്കിടാരം (൩) തട്ടം ത്രാസുതട്ടു മുതലായതുൾപ്പെടെ ... ... ... ... ... | ൧൨ | ൨൦ ¾ |
| ൩ | പുത്തൻ മൂലവെട്ട ചെമ്പു ... ... ... ... ... ... | ൨ | ൧൧ ½ |
| ൪ | ഒന്നുംകുറഞ്ഞ പുത്തൻ ചെമ്പുതകിട ൧൭ ... ... ... ... ... | ൨൭ | ൫൯ ½ |
| ൫ | പിത്തളയിൽ പുത്തൻ തകിട ൪-ം വെട്ടുതുണ്ട ഉൾപ്പെടെ ... ... ... ... | ൭ | ൭൭ |
| ൬ | കാരൊട്ടിൽ പുത്തനായിട്ട തീൎത്ത ധൂപക്കുററി ൩ കൈച്ചട്ടുകം ൨ കൈവട്ടുക ൧ ... ... | ... | ൩൭ |
| ൭ | കാരീയം ചെൎന്ന വെള്ളോട്ടിൽ പുത്തൻ കിണ്ടി ൫-ം നാഴികൊരുവ ൧-ം ചുരുൾ ൧-ം ഉൾപ്പെടെ ... | ൧ | ൩൧ ¼ |
| ൮ | പഴയ കമലക്കമ്പി ... ... ... ... ... ... | ... | ൧൫ ½ |
| ൯ | പുത്തൻ കമലക്കമ്പി ... ... ... ... ... ... | ... | ൩൫ ½ |
| ൧൦ | പഴയ ഇരുമ്പു ... ... ... ... ... ... | ... | ൫൦ |

## NOTICE.

It is hereby notified that the Niruthal lands described below situated in Poopara Division Cardamom Hills will be sold by public auction at Devicolam Cutcherry on the 20th Avany 1083/5th September 1907 at 2 P. M.

| Name and particulars of the land. | | | Area in acres. |
|---|---|---|---|
| Chinkara Tottam, 1st Bit (situated below Bodey Mettu) | ... | ... | 199 |
| Chinkara Tottam, 2nd Bit (situated below Bodey Mettu) | ... | ... | 65 |
| Panniar, 2nd Bit (situated near the Panniar bridge) | ... | ... | 7·62 |
| Chembuthoduvoo | | | |
| 1st Bit | ... | ... | 3·31 |
| 2nd Bit | ... | ... | 6·12 |
| 3rd Bit | ... | ... | 2·17 |
| Moolavara ... | ... | ... | 12·56 |
| | | | 295·78. |

The successful bidder will be required to deposit one-third of the amount bid on the spot, and the balance within 30 days from the date of confirming his bid, failing which the money paid on the day of auction will be forfeited to Government, and the lands resold in auction at his risk.

If the whole amount is paid within the time allowed, the bidder will be given a Title Deed for the lands and can enjoy the same paying the annual assessment set forth in the Title Deed according to the rules in force, viz. As. 12 per acre.

Further particulars can be had at the Office of the undersigned.

Devicolam.<br>5th July, 1907.

A. W. L. VERNEDE,<br>Supt. of the Cardamom Hills.

നമ്പർ ൧൭൭൭ാമതു.

ഏലം കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു

ഏലം ഡിപ്പാർട്ടുമെന്റിൽ ചെന്ന പൂപ്പാറ ഡിവിഷൻ ശേഖരം നിറുത്തലിൽ കൊണ്ടു കിടക്കുന്നതും താഴെ വിവരം പറയുന്നതും ആയ വസ്തുക്കൾ ദേവികുളത്തു ഈ കച്ചേരിയിൽ വച്ചു ൧൦൮൩ാമാണ്ടു ആവണി മാസം ൨൦നു പകൽ രണ്ടുമണിക്കു ലേലത്തിനു വിളിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| ബോഡിമെട്ടിനു സമീപം ഉള്ളതായ ശിങ്കാരത്തോട്ടം | ൧ാം പങ്കു | ഏക്കർ ൧൯൯ | സെന്റ ൦ |
| ടി | ൨ാം പങ്കു | ടി ൬൫ | ടി ൦ |
| പന്നിയാർ പാലത്തിനടുത്തുള്ളതായ പന്നിയാർ | ൨ാം പങ്കു | ടി ൭ | ടി ൬൨ |
| ചെമ്പുത്തി തൊഴിവു | ൧ാം പങ്കു | ടി ൩ | ടി ൩൧ |
| ടി | ൨ാം പങ്കു | ടി ൬ | ടി ൧൨ |
| ടി | ൩ാം പങ്കു | ടി ൨ | ടി ൧൭ |
| മൂലവര | | ടി ൧൨ | ടി ൫൬ |
| | | ആകെ ഏക്കർ ൨൯൫ | സെന്റ ൭൮ |

ലേലത്തിൽ വിളിക്കൊള്ളുന്ന തുകയിൽ മൂന്നിൽ ഒരു ഭാഗം സംഖ്യ ഉടനെയും ബാക്കി ലേലം സ്ഥിരപ്പെട്ടാൽ ൩൦ ദിവസത്തിനകവും ഒടുക്കി തീർക്കേണ്ടതാകുന്നു. അങ്ങിനെ ചെയ്യാത്തപക്ഷം മുന്നാൽ ഒന്നു വകയ്ക്കു കെട്ടിവച്ച സംഖ്യ ജപ്തിയാകുന്നതും ആദ്യലേലക്കാരന്റെ ചുമതലയിന്മേൽ രണ്ടാമതും ലേലം ചെയ്യുന്നതും അതിൽ വച്ചുണ്ടാകുന്ന നഷ്ടം ആദ്യലേലക്കാരൻ കൊടുക്കേണ്ടിവരുന്നതും ആണ്.

മുഴുവൻ സംഖ്യയും ഒടുക്കിത്തീർന്നാൽ ക്രമപ്രകാരം പിടിപാടു മുതലായതു കൊടുക്കുന്നതും പിടിപാട്ടു പ്രകാരം വസ്തുക്കൾക്കു ഏക്കർ ഒന്നിനു ആണ്ടൊന്നുക്കു ൧൨ ചക്രം വീതം ഉള്ള കരം ഒടുക്കി വസ്തുക്കൾ നടന്നുകൊള്ളാവുന്നതും ആണ്.

കൂടുതലായി ഏതെങ്കിലും സംഗതി അറിയേണ്ടി ഇരുന്നാൽ ഈ കച്ചേരിയിൽ അപേക്ഷിക്കുന്നവർക്കു അറിയിച്ചു കൊടുക്കുന്നതാകുന്നു.

ഏലം കച്ചേരി<br>ദേവികുളം<br>൧൦൮൨ ആനി ൨൨നു

ഏലം സൂപ്രണ്ടു,<br>ഏ. ഡബ്ലിയു. എൽ. വർണ്ണീഡ്.

## Notice inviting candidates for a vacant post of Santhi.

നമ്പർ ൩൬൭൨

മൂവാററുപുഴ താലൂക്ക കച്ചേരിയിൽ നിന്നും ചെയ്യുന്ന പരസ്യം എന്തെന്നാൽ

അറയിക്കാട്ടു ക്ഷേത്രത്തിൽ ശാന്തിക്കാരനു ഇപ്പോൾ ഉള്ള ശമ്പളത്തിനും അനുഭവത്തിനും ശാന്തി നടത്തുവാൻ മനസ്സില്ലെന്നു പറഞ്ഞു ഒഴിഞ്ഞുപൊയിരിക്കുന്നതിനാൽ ആ ശാന്തിക്കു മനസ്സുള്ളവര ഉണ്ടൊ എന്നു അറിവാൻ ഗസെററിലും സ്ഥലത്തും പരസ്യം ചെയ്തു അവധി കഴിയുമ്പോൾ വിവരം കണ്ടു എഴുതി ബോധിപ്പിക്കണമെന്നു വൃ൭൫൬൦ാം നമ്പരിൽ ൟ മാസം ൧൭ാനു എഴുതിയ ഉത്തരവു വന്നിരിക്കുന്നു.

ൟ ശാന്തിക്കു മാസം ഒന്നുക്കു ൧൪ പണം ശമ്പളവും ദിവസം ഒന്നുക്കു അര ഇടങ്ങഴി ചൊറും അനുഭവവും ഉള്ളതാകുന്നു ൟ ശമ്പളവും അനുഭവവും പററി ശാന്തി നടത്തുന്നതിനു മനസ്സുള്ളവർ ഉണ്ടായിരുന്നാൽ ൟ പരസ്യം ചെയ്യുന്ന നാൾ മുതൽ ൩൦ ദിവസത്തിനകം ൟ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം എന്നു

൧൦൭൨ മിഥുനമാസം ൨൦ നു

തഹശിൽദാർ വി. രാമയ്യർ.

## Notices of unclaimed properties.

നമ്പ്ര ൩൫.

തിരുവനന്തപുരം ഡിവിഷൻ ഒന്നാം ക്ലാസ്സ മജിസ്ത്രേട്ടുകൊടതിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

ൟ കൊടതിയിൽ ൧൦൭൨ ാമാണ്ടു ൧൮൫ാം നമ്പരിലെക്ക ഹാജരാക്കി മൂന്നാം സ്ഥാനം ഏൾപ്പിച്ചിട്ടുള്ളതും താഴെ അടയാളവിവരം പറയുന്നതും ആയ കെട്ടുവള്ളം ഒന്നും ൟ മാസം ൧൮ാനു പകൽ നാലര മണിക്കു തിരുവനന്തപുരം കല്പാലക്കടവിൽ വച്ചു ഒക്കവിലക്കു ലെലത്തിൽ വില്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ വിളികെൾപ്പാൻ മനസ്സുള്ള ആളുകൾ അന്നു ആ സ്ഥലത്തു ഹാജരായിരിക്കണമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു എന്നു ൧൦൭൨ കർക്കടകം ൨ നു

ഒന്നാം ക്ലാസ്സ മജിസ്ത്രേട്ടു,
കെ. രാമസ്വാമി അയ്യർ.

അടയാളവിവരം

ൟ വള്ളം ൨൧ കോൽ നീളവും ൭ കൈ വണ്ണവും കൊമ്പുപന്നായം ഉൾപ്പെടെ അഞ്ചു പന്നായവും രണ്ടു ചാട്ടുപടിയും രണ്ടു പങ്കായവും രണ്ടു കഴുക്കോലും ഉള്ളതും മാവുമരത്തിൽ തീർത്തു പഴക്കം ചെന്നിട്ടുള്ളതും ഉദ്ദേശം (൧൦൦) നൂറു രൂപാ വിലവരുന്നതും ആകുന്നു.

നമ്പർ ൨൦൩൫.

തിരുവനന്തപുരം ടൌൺ രണ്ടാംക്ലാസ്സ മജിസ്ത്രേട്ടു കൊടതിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കണക്കെഴുത്തു സെൻട്രൽ ആഫീസിൽ റൈട്ടർ എൻ. ഗൊപാലപിള്ളയാൽ ഉടമസ്ഥന്മാരുടെ നിശ്ചയമില്ലാതെ ടി ആഫീസിന്റെ പടിഞ്ഞാറെ വരാന്തയിൽ നിന്നും കണ്ടെടുത്തു ഹാജരാക്കപ്പെട്ടതും കുമ്പിൾകുട മാതിരിയിൽ കറുത്ത സിൽക്ക തുണിയും വളഞ്ഞ കാലും എട്ടു പൊള്ളകമ്പിയുമുള്ളതായ ഒരു ചീനക്കുടയെ ഹാജരാക്കി കന്റോൺമെന്റു പ്പൊലീസ്സ്റ്റേഷനാഫീസരുടെ റിപ്പൊർട്ടു പ്രതികയും കുടയെ തിരിയെ ആ സ്റ്റേഷനിൽ അയച്ചു സൂക്ഷിപ്പിക്കുകയും ചെയ്തിരിക്കുന്നു. ൟ കുടക്കു ഉടമസ്ഥനായി ആരെങ്കിലുമുണ്ടായിരുന്നാൽ അയാൾ ൟ പരസ്യത്തിലെ തീയതി മുതൽ ഒരു മാസത്തിനകം തെളിവൊടുകൂടി ൟ കൊട്ടിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളെണ്ടതാകുന്നു. അതിനുള്ളും ചെയ്യാത്ത പക്ഷം അവധി കഴിഞ്ഞുകൂടുമ്പോൾ കുടയെ മുറക്കു ലെലത്തിൽ വില്പിച്ചു ൟടാകുന്ന പണം സർക്കാരിലെക്ക മുതൽ കൂട്ടുന്നതാകുന്നു എന്നു ൧൦൭൨ മിഥുനം ൩൧ നു

ടൌൺ രണ്ടാംക്ലാസ്സ മജിസ്ത്രേട്ടു,
പി. പി. കൃഷ്ണൻ.

കൊല്ലം ജില്ലാക്കൊട്ട് സൎക്കാർ വക്കീൽ ആപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

[illegible] ൽ മാണ്ടത്തെ [illegible] റെഗുലെഷനിലെ താല്പൎയ്യപ്രകാരം ഈ ആപ്പീസു വക താഴെ ലിസ്റ്റിൽ ചെൎത്തിരിക്കുന്ന ക്രിമിനാൽ കെസുകളിലെ സാക്ഷി മൊഴി പകൎപ്പു പ്രമാണ പകൎപ്പു മുതലായ റിക്കാൎട്ടുകളെ ഈ പരസ്യ തിയതി മുതൽ ഒരു മാസത്തിനകം നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ വിവരം സകലമാനപെരെയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

[illegible] മാണ്ടു മിഥുനമാസം [illegible]

കൊല്ലം കൊട്ടിൽ സൎക്കാർ വക്കീൽ,
പി. സുബ്ബയ്യർ.

| ആണ്ടു | നമ്പരുകൾ |
|---|---|
| [illegible] മുതൽ [illegible] വരെ [illegible] | ക്രിമിനാൽ വക ഓല റിക്കാൎട്ടുകളും. |
| | [illegible] (മജിസ്ത്രെട്ടു നമ്പരുകൾ) [illegible] ആകുന്നു. |
| [illegible] | [illegible] ആകുന്നു. |
| [illegible] | [illegible] (മജിസ്ത്രെട്ടു നമ്പരുകൾ [illegible]) ആകുന്നു. |
| [illegible] | [illegible] (മജിസ്ത്രെട്ടു നമ്പരുകൾ) [illegible] ആകുന്നു |
| [illegible] | [illegible] (മജിസ്ത്രെട്ടു നമ്പരുകൾ [illegible]) ആകുന്നു. |

| ആണ്ടു | നമ്പരുകൾ |
|---|---|
| ൧൦൭൩ | [illegible] മുതൽ [illegible] വരെയും [illegible] മുതൽ [illegible] വരെയും [illegible] (മജിസ്ത്രേട്ടു നമ്പരുകൾ [illegible]) ആകുന്നു. |
| ൧൦൭൪ | ൧ മുതൽ ൩ വരെയും [illegible] മുതൽ [illegible] വരെയും [illegible] മുതൽ [illegible] വരെയും [illegible] മുതൽ [illegible] വരെയും [illegible] മുതൽ [illegible] വരെയും [illegible] മുതൽ [illegible] വരെയും [illegible] മുതൽ [illegible] വരെയും (മജിസ്ത്രേട്ടു നമ്പരുകൾ) [illegible] ആകുന്നു. |
| ൧൦൭൫ | [illegible] മുതൽ [illegible] വരെയും [illegible] മജിസ്ത്രേട്ടു നമ്പർ [illegible]) ആകുന്നു. |
| ൧൦൭൬ | മജിസ്ത്രേട്ടു നമ്പർ [illegible] |
| ൧൦൭൭ | മജിസ്ത്രേട്ടു നമ്പർ [illegible] |
| ൧൦൭൮ | [illegible] (മജിസ്ത്രേട്ടു നമ്പരുകൾ [illegible]) ആകുന്നു. |
| ൧൦൭൯ | മജിസ്ത്രേട്ടു നമ്പർ [illegible] |

തിരുവനന്തപുരം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

നെയ്യാറ്റുങ്കര കൊട്ടാരത്തിനോടു ചേൎന്ന ഹോമപ്പുരയും, നെറാമപ്പുരക്കടവും അറ്റകുറ്റം തീൎത്തു നന്നാക്കുന്നതിനു [illegible] രൂപാ [illegible] ചക്രം [illegible] കാശിനു അടങ്കൽ അനുവദിച്ചു എഴുതി വന്നിരിക്കുന്നതും ഈ വേല ലേലം ചെയ്തു കുറഞ്ഞ തുകക്കു വിളികേൾക്കുന്ന ആളിനെ കൺട്രാക്ടരായി നിയമിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ളതിനാലും ഈ വരുന്ന ആടിമാസം [illegible]-നു ലേലത്തിനു നിശ്ചയിച്ചിരിക്കുന്നതും ആകയാൽ മനസ്സുള്ളവർ അന്നേ ദിവസം പകൽ ഒരു മണിക്കു ഈ കച്ചേരിയിൽ ഹാജരായി ലേലത്തിൽ ചേൎന്നുകൊള്ളേണ്ടതാകുന്നു.

വേലകൾ നടത്തിച്ചു പരിചയമുണ്ടെന്നു ബോദ്ധ്യപ്പെട്ടവരെയും ലേലത്തിൽ ചേരുന്നതിനു മനസ്സുള്ളവർ ൧൦ രൂപാ മുമ്പിൽകൂട്ടി ഡിപ്പാസിറ്റ് വെക്കേണ്ടതാകയാൽ ആ പ്രകാരം ഡിപ്പാസിറ്റ് വെക്കുന്നവരെയും അല്ലാതെ മററാരെയും ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ല.

ലേലത്തിൽ അടങ്കൽപ്രകാരമുള്ള തുകയിൽ നിന്നും അധികം കുറച്ചു വിളികേൾക്കുന്ന ആളിന്മേൽ ലേലം അവസാനിപ്പിക്കുന്നതും അയാൾ ലേലത്തിൽ ചേരുന്നതിനു വച്ചിട്ടുള്ളതുംകൂടെ നൂററിനു പത്തുവീതം വേണ്ട ഡിപ്പാസിറ്റ് ഉടൻ കെട്ടിവയ്ക്കേണ്ടതും ൭ ദിവസത്തിനകം നെയ്യാറ്റുങ്കര താലൂക്കിൽ ഹാജരായി സ്വന്ത ചിലവിന്മേൽ ഉടമ്പടി എഴുതി വയ്ക്കേണ്ടതുമാകുന്നു. ലേലത്തിൽ വിളികേൾക്കുന്ന ആളിന്റെ ഡിപ്പാസിറ്റ് ഒഴികെ ശേഷംപേരുടെ ഡിപ്പാസിറ്റ് അവൎക്കു ഉടനെ തിരിച്ചു കൊടുക്കപ്പെടും. ഡിപ്പാസിറ്റ് വേണ്ട ശേഷംപണം ലേലക്കാരൻ ഉടൻ കെട്ടിവയ്ക്കാതെയോ അവധിക്കകം ഉടമ്പടി എഴുതി വെക്കാതെയോ ഇരിക്കുന്നതായാൽ ലേലക്കാരൻ വച്ചിട്ടുള്ള ഡിപ്പാസിറ്റ് പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതുകൂടാതെ ആവൎത്തിച്ചു ലേലം ചെയ്യുന്നതും അതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു. വല്ല കൂടുതലും വരുന്നപക്ഷം അതിലേക്കു അയാൾക്കു അവകാശം പറഞ്ഞുകൂടുന്നതും അല്ല.

ലേലത്തിൽ അധികം കുറഞ്ഞ തുകയ്ക്കു വിളികേൾക്കുന്ന ആളിനെ സ്വീകരിക്കുന്നതും നിരാകരിക്കുന്നതും ഇവിടത്തെ യുക്തംപോലെ ആയിരിക്കുകയും ചെയ്യും.

൧൦൭൯-ാമാണ്ടു മിഥുനമാസം [illegible]-നു

സീനിയർ ദിവാൻപേഷ്കാർ വി. നാഗമയ്യാ.

# Private Advertisement.

ആലപ്പുഴ മുൻസിഫ് കോട്ടിൽ
൧൦൮൨-ൽ സിവിൽ നമ്പർ ൭൫൩-മത

വാദികൾ

ആലപ്പുഴ പ്രവൃത്തിയിൽ ടി മുറിയിൽ കണ്ണമംഗലം തൈപറമ്പിൽ നിന്നും കൊല്ലം അധികാരത്തിൽ വല്യതൊഴിൽ കച്ചവടം ഉസ്മാൻ ഹാജി ഇൽമാസ്. ൨. ടിയിൽ നിന്നും കൊല്ലം വലിയകടയിൽ കച്ചവടം ജേക്കബ് ജോസഫ്

പ്രതികൾ

൧. ആലപ്പുഴ മുറിയിൽ കണ്ണമംഗലം തൈപറമ്പിൽ പാർക്കും ജേക്കബ് ജോസഫ് ൨. ടിയിൽ അബ്ദുസത്താർ ജോസഫ് ൩. ടിയിൽ അലിമഹമ്മദ് ജോസഫ് ൪. തിരുവനന്തപുരം അട്ടക്കുളങ്ങര മഹമ്മത്താജി ആദംസേട്ടിന്റെ വീട്ടിൽ പാർക്കും ഹാജിബായി എന്നു വിളിച്ചുവരുന്ന ഹാജറാംബായി റൊമത്തുബായി ൫. ബൊംബായി പട്ടണത്തിൽ സുജ്ബാലാഹൻ ഹാജിപായനോ സേട്ടിന്റെ വീട്ടിൽ താമസിക്കും ഹാജി അഹമ്മതു ഹാജിയുസഫിന്റെ കെട്ടിയവൾ അതിഫാറബായി റൊമത്തുബായി.

൫-ാം പ്രതിയെ തെര്യപ്പെടുത്തുന്നതു

മേൽ നമ്പരിൽ ൫-ാം പ്രതിയുടെ സമൻ ശരിയായി നടന്നു വന്നിട്ടില്ലാത്തതിനാൽ ൧൦-ാം വരുന്ന ആടിമാസം ൩൧-ന് വിചാരണക്കു വച്ചിരിക്കകൊണ്ടു അന്നേ ദിവസം പകൽ ൧൧ മണിക്കു പ്രതിയൊ വക്കീലൊ ൧൦-ാം കോടതിയിൽ ഹാജരായി കൊള്ളുകയും വേണം ഹാജരാകാതെ പോയാൽ പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി വിധി കൊടുക്കയും ചെയ്യും

൧൦൮൨ മിഥുനം ൨൭-ന്

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ വി. കൃഷ്ണരായർ.

ആലപ്പുഴ മുൻസിപ്പുകോട്ടിൽ ൧൦൮൨-ൽ സിവിൽ നമ്പർ ൬൫൨-മത.

വാദി

ആ-ജി-൧൦൮൧-ൽ അസൽ ൨൮൭-ാം നമ്പരിൽ റസിവർ ആലപ്പുഴ പ്രവൃത്തിയിൽ ആലപ്പുഴ മുറിയിൽ തൈപ്പറമ്പു വീട്ടിൽ ഗോപാലപിള്ള സുന്ദരസ്വാമിപ്പിള്ള.

പ്രതികൾ.

കൂട്ടത്തിൽ ൩-ാം പ്രതി ആലപ്പുഴ കച്ചവടംവക സ്റ്റോർകീപ്പർ ആയിരുന്ന ഇപ്പോൾ ആലുവാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജോലിനോക്കുന്ന ജെ. പി. വീയറാ, ൫-ാം പ്രതി ആലപ്പുഴ ഇ-ന്തുഷു സ്റ്റൂപ്രണ്ടായിരുന്ന ഇപ്പോൾ കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജോലിനോക്കുന്ന ഡബ്ലിയു. പി. വീയറാ, ൧൦-ാം പ്രതി തിരുവല്ലാ മുൻസിപ്പു കോടതിയിൽ വ്യവഹരിക്കും പൈലൊക്കോട തിരുവക്കീൽ ജി. ഗോവിന്ദപ്പിള്ള, ൧൧-ാം പ്രതി ആലപ്പുഴയിൽ മുൻസിപ്പുകോടതി വക്കീലായിരുന്നു മരിച്ച കൃഷ്ണപിള്ളയുടെ അനന്തിരവൻ പറവൂർ താലൂക്ക തഹശീൽദാർ ജോലി നോക്കും കെ. പരമേശ്വരൻപിള്ള.

൩, ൫, ൧൦, ൧൧-ാം പ്രതികളെ തെര്യപ്പെടുത്തുന്നതു.

പ്രതികളുടെ സമൻ ശരിയായി നടന്നു വന്നിട്ടില്ലാത്തതിനാൽ ൧൦-ാം നമ്പർ ആടിമാസം ൨൫-ന് വിചാരണക്കു വച്ചിരിക്കകൊണ്ടു അന്നേ ദിവസം പകൽ ൧൧ മണിക്കു പ്രതികളോ വക്കീലൊ ൧൦-ാം കോടതിയിൽ ഹാജരായിക്കൊള്ളണം ഹാജരാകാതെ പോയാൽ പ്രതികളെ കൂടാതെ എക്സ്പാർട്ടിയായി വിധികൊടുക്കയും ചെയ്യും

൧൦൮൨ മിഥുനം ൨൭-ന്

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്താ വി. കൃഷ്ണരായർ.

പരസ്യം.

പറവൂര മുൻസിഫ്കോട്ട്
൧൦൮൭-ൽ അസൽ നമ്പ്ര ൮൧൪.

വാദി.

ചെങ്ങമനാട്ട പ്രവൃത്തിയിൽ വാപ്പാലശ്ശേരി കരയിൽ മാങ്ങാമ്പൂര എന്നും കൊച്ചീശീമ കൊടശ്ശേരി പ്രവൃത്തിയിൽ പടിഞ്ഞാറെ ചാലക്കുടി മുറിയിൽ കിടങ്ങഴിയത്തു എന്നും മററപ്പേരും കത്തൻ പൊന്നമ്പി എന്ന സ്ഥാനപ്പേരും കിടങ്ങഴിയത്തു മനക്കൽ വാസവുമായ മലയാള ബ്രാഹ്മണനായ ൧൬ വയസ്സായ വിഷ്ണു ജയന്തൻ നമ്പൂരി.

പ്രതികൾ.

൧. ചൊവ്വരകുളങ്ങര പ്രവൃത്തിയിൽ അങ്കമാലി കരയിൽ അങ്കമാലി കിഴക്കെ പള്ളിയിൽ വികാരിയായിരിക്കുന്ന തയ്യാട്ടശ്ശേരിയിൽ മാടമ്പകത്തു നസ്രാണി പള്ളിവിചാരം ൪൪ വയസ്സു കാരനായ റിബെൻസ്സാൻ കത്തനാര. ൨. ടി പള്ളിയിൽ കയ്യ്ക്കാരനായ തച്ചിൽ നസ്രാണി ൪൯ വയസ്സു കാരനായ പുഞ്ചു അവുസെപ്പ. ൩. മൂഞ്ഞെലി നസ്രാണി ൪൦ വയസ്സാകുന്ന അവുസെപ്പു മാത്തു. ൪. ടി പ്രവൃത്തിയിൽ ചമ്പന്നൂര കരയിൽ കാച്ചപ്പള്ളി നസ്രാണി ൪൯ വയസ്സാകുന്ന മാത്തു പൈലി ൫. ചെങ്ങമനാട്ട പ്രവൃത്തിയിൽ വാപ്പാലശ്ശേരി കരയിൽ പാലാട്ടി ൩൨ വയസ്സാകുന്ന ഉറുമീസ പൈലി. ൬. തെക്കെക്കര നസ്രാണി ൫൭ വയസ്സാകുന്ന പൈലൊ ചാക്കുണ്ണി. ൭. ടിയിൽ ൪൦ വയസ്സാകുന്ന വറിയതു തൊമാ. ൮. പാലക്കപറമ്പിൽ കൊല്ലൻ ൫൦ വയസ്സു കാരനായ ശങ്കരൻ രാമൻ. ൯. വെള്ളിമററത്തു വെലൻ ൩൦ വയസ്സു കാരനായ കാക്കരവെലായുധൻ. ൧൦. മെയ്യ്ക്കാവു കരയിൽ ഇന്നൂരത്തിപറമ്പിൽ മൂലൻ നസ്രാണി ൩൨ വയസ്സു കാരനായ തൊമാ അവുസെപ്പ.

വാദിയുടെ രക്ഷകൎത്താവിന്റെ നിലയിൽ വാദിയുടെ വലിയച്ഛൻ മരിച്ചുപോയ ത്രാതൻ തമ്പുരൻ നമ്പൂരി അങ്കമാലി കിഴക്കെ പള്ളിയിലെക്ക ൧൦൪൫ മകരം ൨൫-ാം-നു എഴുതികൊടുത്തിട്ടുള്ള ൩൨൦-ാം നമ്പ്ര രജിസ്തർ പണയാധാരത്തിൽ പെട്ടതിൽ രണ്ടു നമ്പ്ര വസ്തുവിന ൬൦൦ പുത്തൻ പണയത്തിനു പള്ളിയിൽ നിന്നും ഒഴിഞ്ഞുകൊടുത്തതു നീക്കിയുള്ളതും പള്ളിക്ക കീഴായി ൫ മുതൽ ൮ വരെ പ്രതികളുടെ കൈവശം ഇരിക്കുന്നതും ആയ വാപ്പാലശ്ശേരി കരയിൽ ൮൨-ാം ലക്കം എലാത്തിൽ കൊട്ടമുണ്ടകൻ തടിക്കു നിലം ൻ പറ മുക്കാൽ ഇടങ്ങഴി മുതലായി മൂന്നു നമ്പ്ര വസ്തുക്കളിൽ മെൽ സ്ഥാപിച്ചു നില്ക്കുന്ന ബാക്കി പണയത്തിനും നെല്ലുവിലയും പലിശവകയും കൂടി ൩൧൧൦ കാലെ മുണ്ടാണി പണം പള്ളിയിലെക്ക കൊടുപ്പിച്ചു കീഴ്ക്കടയും മെലാലും മിച്ചവാരം ചിലവു സഹിതം വസ്തുക്കൾ ഒഴിപ്പിച്ചു കൊടുപ്പിക്കയും വാദിക്ക ചെലവാകുന്നതായ സംഖ്യ പണയത്തിൽ തട്ടിക്കഴിക്കാൻ അനുവദിക്കയും ചെയ്യണമെന്ന ൩൧൧൦ കാലെ അരക്കാൽ പണം സല ചെയ്ത അന്യായം.

ഒന്നുമുതൽ ൪ വരെ പ്രതികൾ അങ്കമാലി കിഴക്കെ പള്ളിയിൽ വികാരിയും കൈക്കാരന്മാരും ആകുന്നു. ആ പള്ളിയൊഗത്തിൽ ചെൎന്നതായി അനെകം ജനങ്ങൾ ഉള്ളവരെ കക്ഷി ചെൎക്കുന്നതു വളരെ പ്രയാസവും അനാവശ്യമായ പണച്ചിലവും താമസവും ആകുന്നു. പള്ളിക്ക വെണ്ടി കൈക്കാരന്മാരെയും വികാരിയെയും കക്ഷിചെൎക്കുന്നതു സാധാരണ നടപ്പാകുന്നു. അതിനാൽ ടി പള്ളിക്ക വെണ്ടി മുൻ പറഞ്ഞ പ്രതികളെ മാത്രം വച്ചു വ്യവഹാരം നടത്തുന്നതിന അനുവാദം വെണമെന്നും വാദിവക്കീൽ ഹൎജി ബൊധിപ്പിച്ചിരിക്കുന്നു.

അതിനാൽ ടി പള്ളിക്കുവെണ്ടി മെൽപറഞ്ഞ പ്രതികളെ കക്ഷിയായി വച്ചു വ്യവഹാരം നടത്തുന്നതിൽ പള്ളിയൊഗത്തിൽ ചെൎന്ന മററു ആളുകൾക്ക ആൎക്കെങ്കിലും വല്ല ആക്ഷെപവും ഉണ്ടെങ്കിൽ ആ സംഗതി അവരൊ ക്രമപ്രകാരം അധികാരം സിദ്ധിച്ച വക്കീലൊ ഈ നമ്പ്ര വിചാരണക്ക വച്ചിരിക്കുന്ന ൧൦൮൮ വരുന്ന കൎക്കടകമാസം ൨൫-ാംനു പകൽ ൧൧ മണിക്ക ഈ കൊട്ടിൽ ഹാജരായി ബൊധിപ്പിക്കെണ്ടതാകുന്നു.

അപ്രകാരം ചെയ്യാത്തപക്ഷം മെൽ പറയപ്പെട്ട പ്രതികളെ മാത്രം ടി പള്ളിക്ക വെണ്ടി കക്ഷിയായി വച്ചു വ്യവഹാരം നടത്തി കെസ് തീൎച്ച ചെയ്യുന്നതാകുന്നു എന്ന ഇതിനാൽ തെൎയ്യപ്പെടുത്തിയിരിക്കുന്നു എന്ന

൧൦൮൮ ആനി ൨൯-ാംനു.

ഉത്തരവുപ്രകാരം
ഹെഡ് ഗുമസ്താ പത്മനാഭപിള്ള.

പരസ്യം

ചിറയിൻകീഴ മുൻസിഫ് കോട്ടിൽ
൧൦൮൨-ൽ ൩൨൦-ാം നമ്പ്ര ഒരിജിനൽ.

വാദികൾ.

൧. വക്കല ഗ്രാമസമൂഹായം വകക്കു ടിയതു പട്ടോല കണക്കു ടി ഗ്രാമത്തിൽ ശങ്കരനാരായണയ്യൻ മകൻ കൃഷ്ണയ്യൻ; ൨. ടി കിഴി ടി ഗ്രാമത്തിൽ വെങ്കിടേശ്വരയ്യൻ നാരായണയ്യൻ.

പ്രതി

ടി ഗ്രാമത്തിൽ ജനാർദ്ദനയ്യൻ കല്ലേശ്വരയ്യൻ.

വക്കല ഗ്രാമസമൂഹായം വകക്കു പ്രതി എഴുതിക്കൊടുത്തിട്ടുള്ള പ്രമാണത്തിൻപടി പലിശ ഉൾപ്പെടെ ൨൦൦ പണത്തിനു വാദികൾ ഒരു അന്യായം കൊടുക്കയും. വാദികൾ തനിച്ചു ഒരു വ്യവഹാരം നടത്തുന്നതിനു അനുവാദം കിട്ടണമെന്നു അപേക്ഷിക്കയും ചെയ്തിരിക്കുന്നു. വാദികൾ തനിച്ചു വ്യവഹാരം നടത്തുന്നതിൽ ആക്ഷേപം ഉണ്ടെങ്കിൽ കക്കടകമാസം ൨൭-ാംനു-ക്കകം ഒരു കോടതിമുൻപാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു എന്നു ൧൦൮൨ കക്കടകം ൩-

ഉത്തരവുപ്രകാരം
ഹെഡ് ഗുമസ്താ കെ. സി. കേശവപിള്ള.

കൊട്ടാരക്കര മുൻസിപ്പുകോട്ടിൽ ൧൦൮൨ സിവിൽ നമ്പർ ൪൧൩.
വാദികൾ

൧. എഴുകോൺ... പ്രവൃത്തിയിൽ കലഞ്ഞൂർ മുറിയിൽ പട്ടശ്ശികത്തു വീട്ടിൽ കൃഷ്ണൻ കൊച്ചുകുഞ്ഞു മുതൽപേർ ൨.

പ്രതികൾ

൧ തൊന്നക്കൽ അധികാരത്തിൽ പാട്ടത്തിൽ മുറിയിൽ കഴിവില്ലാകം പുരയിടത്തിൽ ആവിന്നാ ഉമ്മാൾ ആഷാ ഉമ്മാൾ

൨ എഴുകോൺ... പ്രവൃത്തിയിൽ കലഞ്ഞൂർ മുറിയിൽ പട്ടശ്ശികത്തു വീട്ടിൽ നങ്ങേലി ഇട്ടിക്കാളി.

൩. ടിയിൽ പാവതി കൊച്ചുപെണ്ണു.

൧-ാം പ്രതിയെ തെര്യപ്പെടുത്തുന്നതു

പ്രതികളിലൊരുമൽ വാദികൾ വിലയാധാരം അസ്ഥിരപ്പെടുത്താനായിട്ടാണു ബോധിപ്പിച്ചു ൪൧൩ നമ്പർ കക്കടകമാസം ൨൭-ാംനു-ക്കു അവധി വച്ചിരിക്കുന്നതിനാൽ അതിലേക്കു ഉത്തരം പറവാനായി അന്നേ ദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കായ്യസ്ഥനോ കോട്ടു വക്കീലോ ഒരു കോടതിമുമ്പാകെ ഹാജരായിക്കൊള്ളേണ്ടതാകുന്നു.

൧൦൮൨ കക്കടകം ൩-

ഉത്തരവിൻപ്രകാരം
ഹെഡ് ഗുമസ്താ സുബ്രഹ്മണ്യമുതലിയാർ.

# TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 23, 1907. / Karkadakam 8, 1082.

## EDUCATIONAL DEPARTMENT.

### Appointment.

Mr. G. Ramabhadra Iyer B. A., clerk in the Observatory, is appointed to act temporarily in His Highness the Maha Rajah's High School, Trivandrum, with effect from 27th Ani last, on a salary of Rs. (30) thirty per mensem.

Mr. N. Ramaswami Iyer, 1st Assistant of the Ampalapuzha English Middle School, is appointed as the 3rd Assistant of the Mavelikara Special English Middle School, *vice* Mr. Sivaramakrishna Iyer deceased.

### Leave of Absence.

Mr. P. K. Narayana Pillai, B. A., Assistant Malayalam Munshi, His Highness the Maha Rajah's College, has been granted leave on private affairs for six months, under articles 210 and 208, of the Civil Service Regulations.

### Promotion.

Mr. P. K. Varkki, 5th Assistant, Mavelikara English High School, is temporarily promoted as the 4th Assistant thereof, *vice* Mr. G. Govindan Tampi transferred.

Mr. K. Govindan Tampi, 6th Assistant, Mavelikara English High School, is temporarily promoted as the 5th Assistant thereof, *vice* Mr. Varkki promoted.

### Notice.

Applications are invited from Female teachers in Government service who desire to be selected for training in the Normal School for Female Teachers, Trivandrum, in January 1908.

2. Such applications should clearly specify the full name, caste, religion, age, service, general qualification, previous Normal training, if any, and present grade, pay, scale and place of employment, and should reach the Office of the Range Inspector concerned, before the 10th August 1907.

## പരസ്യം

[illegible] വഷം [illegible] മാസത്തിൽ തിരുവനന്തപുരം [illegible] വാദ്ധ്യാന്മാക്കുള്ള [illegible] തിന [illegible] ഗ്രാന്റുള്ളവരും [illegible] വാദ്ധ്യാന്മാർ [illegible] അപേക്ഷകളും [illegible] കൊള്ളുന്നു.

൨. അപേക്ഷയിൽ താഴെപറയുന്ന വിവരങ്ങളും വിശദമായി കാണിച്ചിരിക്കണം. [illegible], ജാതി, മതം, വയസ്സ, സർവീസ, പരീക്ഷയിൽ ജയിച്ചിട്ടുള്ള വിവരം മുമ്പ ട്രേയിനിംഗ കഴിഞ്ഞിട്ടുണ്ടൊ എന്ന. ഇപ്പോഴത്തെ ജോലി [illegible] ഉണ്ടെങ്കിൽ അതും. [illegible]

Huzur Cutcherry,
Trivandrum,
19th July 1907.

K. V. RANGASWAMI AIYANGAR,
Ag. Educational Secretary.

---

### The Sadasivan Pillai Law Prize

**Award.**

The "Sadasivan Pillai Law Prize" is awarded for the current year, to Mr. S. V. Sundararajen B. A. & B. L., who passed second among the Travancore candidates who appeared for the last B. L. Examination from H. H. the Maha Rajah's Law College, Trivandrum.

Huzur Cutcherry,
Trivandrum,
22nd July 1907.

By Order
K. V. RANGASWAMI AIYANGAR,
*Ag. Educational Secretary.*

### The Cullen Arts Prize

**Award.**

The "Cullen Arts Prize" for the current year is awarded to H. Ganapati *Aiyar*, a student in the Junior F. A. Class of H. H. the Maha Rajah's College, Trivandrum, who passed highest among the Travancore candidates in the recent Matriculation Examination.

Huzur Cutcherry,
Trivandrum,
22nd July 1907.

By Order
K. V. RANGASWAMI AIYANGAR,
Ag. Educational Secretary.

### The Cullen Law Prize

**Award.**

The "Cullen Law Prize" for the current year is awarded to Mr. K. S. Sivaramakrishna Iyer, B. A. & B. L., for taking the highest place in the pass list of the last B. L. Examination, among the candidates who appeared for that examination from H. H. the Maha Rajah's Law College, Trivandrum.

Huzur Cutcherry,
Trivandrum,
22nd July 1907.

By Order
K. V. RANGASWAMI AIYANGAR,
*Ag. Educational Secretary.*

## തിരുവിതാംകൊട്ട ഗവർന്മെണ്ട് പ്രൊസീഡിംഗ്സ്.

൧. സെൻട്രൽ റേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ൧൦൮൨ മെ ൨൯-ാം ൨൭൨-ാം നമ്പരിൽ അയച്ച ലെട്ടർ,

൨. തെക്കൻ റേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ൧൦൮൨ ജൂൺ ൭-ാം ൩൬൭-ാം നമ്പരിൽ അയച്ച ലെട്ടർ,

൩. വടക്കൻ റേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ൧൦൮൨ ജൂൺ ൨൧-ാം ൪൭൫-ാം നമ്പരിൽ അയച്ച ലെട്ടറും അതിനോടുള്ള അടക്കങ്ങളും,

൪. തിരുവനന്തപുരം രാജകീയ കാളേജ് പ്രിൻസിപ്പൽ ൧൦൮൨ ജൂൺ ൨൫-ാം ൧൭൭ നമ്പരിൽ അയച്ച ലെട്ടർ.

൫. ൧൦൮൨ ജൂലൈ ൧൫-ാം പ്രസിദ്ധപ്പെടുത്തീട്ടുള്ള ഫീസ് ചട്ടങ്ങളും,
വായിച്ചു.

൧൦൮൨ ജൂലൈ ൧൫-ാം ഗവർമ്മെണ്ട് പ്രസിദ്ധപ്പെടുത്തീട്ടുള്ള ഫീസ് ചട്ടത്തിൽ അപ്ലിക്കേഷൻ ഫീസ് ചുമത്തുന്നതിനെപ്പററി യാതൊന്നും പറഞ്ഞിട്ടില്ലാത്തതിനെക്കുറിച്ചും തന്നിമിത്തം സംസ്ഥാനത്തിൽ ഓരോ പള്ളിക്കൂടത്തിലും ഓരോ വിധത്തിൽ അപ്ലിക്കേഷൻ ഫീസ് ചുമത്തിവരുന്നതിനെക്കുറിച്ചും സെൻട്രൽ റേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ഗവർമ്മെണ്ടിലേക്ക എഴുതി അയക്കയും ഈ വിഷയത്തിൽ ഗവർമ്മെണ്ടിൽനിന്ന പൊതുവായ ഒരു വിധി ആജ്ഞാപിക്കണം എന്ന അപേക്ഷിക്കയും മേൽപ്പറഞ്ഞ ഫീസ് ചട്ടങ്ങളാൽ പാഠശാലകളിൽ ഒന്നായിട്ട പൊതുവെ ഫീസ് കൂട്ടിയിരിക്കുന്ന സ്ഥിതിക്ക എല്ലാ പാഠശാലകളിലും അപ്ലിക്കേഷൻ ഫീസ് ചുമത്തുന്നതിനെ തീരെ നിറുത്തേണ്ടതാണെന്ന ശിപാർശ ചെയ്കയും ചെയ്തിരിക്കുന്നു.

ഈ വിഷയത്തെ സംബന്ധിച്ചു മററു സ്കൂൾ ഇൻസ്പെക്ടർമാരുടെയും രാജകീയ കാളേജിലെ പ്രിൻസിപ്പാലിന്റെയും അഭിപ്രായങ്ങളും എഴുതി അയച്ചു വരുത്തി.

തെക്കൻ റേഞ്ച് ആക്ടിംഗ് സ്കൂൾ ഇൻസ്പെക്ടർ സെൻട്രൽ റേഞ്ച് സ്കൂൾ ഇൻസ്പെക്ടരുടെ അഭിപ്രായത്തോടുകൂടി യോജിച്ചു അപ്ലിക്കേഷൻ ഫീസ് തീരെ നിറുത്തേണ്ടതാണെന്ന ശിപാർശ ചെയ്യുന്നു.

വടക്കൻ റേഞ്ച് സ്കൂൾ ഇൻസ്പെക്ടർ തന്റെ റേഞ്ചിൽ സഹായധനം വാങ്ങിക്കുന്ന പ്രധാനപാഠശാലകളുടെ മാനേജർമാരുടെ അഭിപ്രായങ്ങൾ അറിഞ്ഞതിൽ അവർ അപ്ലിക്കേഷൻ ഫീസിനെ നിറുത്തുന്നതിന വിരോധം ഉള്ളവർ എന്ന കാണുകയും ആ അഭിപ്രായത്തിൽ ഇൻസ്പെക്ടർ യോജിക്കുകയും ചെയ്യുന്നു.

രാജകീയ കാളേജിനോടു ചേർന്ന ഹൈസ്കൂളിൽ ഗവർമ്മെണ്ട് പാഠശാലകളിൽനിന്ന അല്ലാതെ വന്നുചേരുന്നവർക്ക ൫-ാം ഫാറം മുതൽ മേല്പോട്ടുള്ള ക്ലാസ്സുകളിലേക്ക എൻട്രൻസ് ഫീസ് ഈടാക്കുന്ന നടപ്പു ഉണ്ടെന്ന രാജകീയ കാളേജിലെ പ്രിൻസിപ്പാൽ പറയുന്നു. ഉയർന്ന ക്ലാസ്സുകളിൽ വിദ്യാഭ്യാസത്തിനുള്ള ചിലവു മാനേജർമാർ വഹിക്കേണ്ടിയിരിക്കുന്നതുകൊണ്ടു ആ ക്ലാസ്സുകളിൽ അപ്ലിക്കേഷൻ ഫീസ് ഈടാക്കുന്നതു അഭിലഷണീയവും ന്യായവും ആണെന്നും പ്രൈമറി ക്ലാസ്സുകളിലും മിഡിൽസ്കൂൾ ക്ലാസ്സുകളിലും ഈ ഫീസ് ചുമത്തുന്നതു വിദ്യാഭ്യാസത്തിന ബാധകമായി തീരും എന്നുള്ളതുകൊണ്ടു ആ ക്ലാസ്സുകളിലേക്ക ഈ ഫീസ് ചുമത്തുന്നതു വിരോധനീയം ആണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.

### അതിന്മേൽ ചെയ്ത ഉത്തരവു.

നമ്പർ E ൨൦൭൯ ൧൦൮൨ ജൂൺ ൨൭-ാം

മേൽപ്പറഞ്ഞ അഭിപ്രായങ്ങളെ നോക്കിയതിൽ, വിശിഷ്യ, സഹായിക ധനം വാങ്ങിക്കുന്ന പാഠശാലകളിലെ മാനേജർമാർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപവാദങ്ങളെ ഗണിച്ചതിൽ അപ്ലിക്കേഷൻഫീസ് ഈടാക്കുന്നതിനെ തീരെ നിറുത്തുന്നതു അഭിലഷണീയം എന്ന ഗവർമ്മെണ്ട് വിചാരിക്കുന്നില്ല. എന്നാൽ സംസ്ഥാനത്തിൽ ഉള്ള സഹായിക്കധനം വാങ്ങിക്കുന്ന പാഠശാലകളിൽ ഈ വിഷയത്തിൽ ഐകരൂപ്യം ഉണ്ടായിരിക്കണം എന്ന ഗവർമ്മെണ്ട് വിചാരിക്കയും ചെയ്യുന്നു. അതുകൊണ്ടു (൧) II-ം ഫാറത്തിനു കീഴിൽ ഉള്ള ക്ലാസ്സുകളിൽ അപ്ലിക്കേഷൻ ഫീസ് ചുമത്തരുതു എന്നും (൨) ഓരോ ക്ലാസ്സിലേക്കുള്ള ഏറ്റവും കൂടുതൽ ആയ അപ്ലിക്കേഷൻഫീസ് ആ ക്ലാസ്സിലേക്ക ചുമത്തുന്ന മാസംതോറും ഉള്ള ഫീസ് ആയിരിക്കണം എന്നും ഗവർമ്മെണ്ട് ആജ്ഞാപിക്കുന്നു.

തിരുവനന്തപുരത്തിനു വെളിയിൽ ഉള്ള സർക്കാർ പാഠശാലകളിൽ ഇപ്പോൾ അപ്ലിക്കേഷൻഫീ ഈടാക്കുന്ന പതിവു ഇല്ലാത്തതുകൊണ്ടു ഈ പതിവിനെ തന്നെ മേലും അനുവർത്തിക്കേണ്ടതാകുന്നു.

എസ്. ഗോപാലാചാര്യർ,
ദിവാൻ.

## തിരുവിതാംകൊട്ട ഗവൎമ്മെണ്ട് പ്രൊസീഡിംഗ്സ്

i. ഗസെററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ൧൯൦൭-ാം വൎഷം ഫെബ്രുവരി മാസം ൧൩-യിലെ ൩൭-ാം നമ്പർ ഗവൎമ്മെണ്ട് പ്രൊസീഡിംഗ്സ് വീണ്ടും വായിച്ചു.

ii. മദ്ധ്യറേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ൧൯൦൭ മാൎച്ച് ൧൩-ൽ അയച്ച ലെട്ടരും;

iii. വടക്കൻ റേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ൧൯൦൭ മാൎച്ച് ൧൩-ൽ ൨൨൫-ാം നമ്പരിൽ അയച്ച ലെട്ടരും;

iv. തെക്കൻ റേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ൧൯൦൭ മെ ൩-ൽ C. ൩൬൯-ാം നമ്പരിൽ അയച്ച ലെട്ടരും;

വായിച്ചു.

വിദ്യാഭ്യാസ സംഘങ്ങളെ സംബന്ധിച്ചു ൧൯൦൭ ഫെബ്രുവരി ൧൩-ൽ ഉണ്ടായ മേല്പറഞ്ഞ (i) ഗവൎമ്മെണ്ട് പ്രൊസീഡിംഗ്സിൽ ഗവൎമ്മെണ്ട് ഇപ്രകാരം ആജ്ഞാപിച്ചിരുന്നു:—

"വിദ്യാഭ്യാസ സംഘങ്ങളെ അല്പം ഭിന്നമായ രീതിയിൽ ഉജ്ജീവിപ്പിക്കുന്നതിനെ ആധുനിക പ്രവണതകൾക്കും മാറ്റങ്ങൾക്കും ആയ പ്രവൃത്തികൾക്കും യോജ്യവും അനുഗുണവും ആയ ഏൎപ്പാട ആയി ഗവൎമ്മെണ്ട് അഭിനന്ദിക്കുന്നു. അതുകൊണ്ട വിദ്യാഭ്യാസ സംഘങ്ങളുടെ രചനാ, ഘടനാ, പ്രവൎത്തനം ഇവയെപ്പററി ഉള്ള ചട്ടങ്ങൾ. ഇൻസ്പെക്ടർമാരും ആയി ആലോചിച്ചും മേൽ കാണിച്ച ഭേദഗതികളിൽ ദൃഷ്ടിവച്ചും എഡ്യുക്കേഷണൽ സെക്രട്ടറി ഉണ്ടാക്കി ഗവൎമ്മെണ്ടിന്റെ അനുമതിക്കായി അയക്കേണ്ടതാകുന്നു"

ഇതു അനുസരിച്ചു വേണ്ട അഭിപ്രായങ്ങൾ എഴുതി അയക്കുന്നതിനു ൧൯൦൭ മാൎച്ച് ൨൨-ൽ എല്ലാ ഇൻസ്പെക്ടർമാരോടും ആവശ്യപ്പെട്ടു. മേൽ പ്രസ്താവിച്ച ii, iii, iv ലെട്ടരുകൾ ഇൻസ്പെക്ടർമാരുടെ അഭിപ്രായങ്ങൾ അടങ്ങിയിരിക്കുന്ന അവരുടെ മറുപടികൾ ആകുന്നു. ജനസാമാന്യത്തിൽ നിന്നു ഒരു അഭിപ്രായവും ലഭിച്ചിട്ടില്ല.

അതിന്മേൽ ചെയ്ത ഉത്തരവു.

നമ്പർ E/1960 ൧൯൦൭ ജൂൺ ൨൨.

ഈ വിഷയത്തെക്കുറിച്ചു പിന്നീട ഉണ്ടായ എഴുത്തുകുത്തുകളിൽ നിന്നു ലഭിച്ച വിവരങ്ങളെ നോക്കിയതിൽ, ൧൯൦൭ ഫെബ്രുവരിമാസം ൧൩-യിലെ ൩൭-ാം നമ്പർ ഗവൎമ്മെണ്ട് പ്രൊസീഡിംഗ്സിൽ കാണിച്ചിരിക്കുന്ന ഭേദപ്പെടുത്തിയ രൂപത്തിൽ ൧൦൮൨-ാം വൎഷത്തിലെ വിദ്യാഭ്യാസ സംഘങ്ങളെ ഉജ്ജീവിപ്പിക്കണം എന്നുള്ള സ്വനിശ്ചയത്തെ ഗവൎമ്മെണ്ട് സ്ഥിരപ്പെടുത്തുന്നു. അതുകൊണ്ട ഈ സംഘങ്ങളെ ഉജ്ജീവിപ്പിക്കയും ഇതിനോടൊന്നിച്ചു ചേൎത്തിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു അവയെ നടത്തിക്കയും ചെയ്യണം എന്നു ഗവൎമ്മെണ്ട് ആജ്ഞാപിക്കുന്നു. ഈ ചട്ടങ്ങൾ ഈ വിഷയത്തിൽ മുൻ ഉണ്ടായിട്ടുള്ള പ്രൊസീഡിംഗ്സിൽ വിധിച്ചിരിക്കുന്ന നീതികൾക്കു അനുഗുണം ആയി എഴുതപ്പെട്ടിട്ടുള്ളവ ആകുന്നു. ഇവയിൽ ഈ സംഗതിയെക്കുറിച്ചു സമ്മതിതന്മാർ ആയ ഉദ്യോഗസ്ഥന്മാരിൽ നിന്നു ലഭ്യങ്ങൾ ആയ അഭിപ്രായങ്ങളേയും വേണ്ടപോലെ ശ്രദ്ധിച്ചിട്ടുണ്ട.

വിദ്യാഭ്യാസ സംഘങ്ങൾ കൂടേണ്ട സ്ഥലങ്ങളിൽ കല്പിക്കേണം എന്നു സ്കൂൾ ഇൻസ്പെക്ടർമാർ ഒരു മാസത്തിനകം റിപ്പോൎട്ട ചെയ്കയും ഓരോ സംഘത്തിന്റേയും അധികാരാതിൎത്തി സ്ഥലങ്ങളെ വിവരിക്കുന്നതിലേക്കു സംഘ പ്രവൃത്തി അടുത്ത കൊല്ലത്തിൽ ആരംഭിക്കത്തക്കവണ്ണം അവരവരുടെ റേഞ്ചിനകത്തു ഓരോ സംഘത്തിലേക്കും യോഗ്യത ഉള്ള സാമാജികന്മാരെ നിയമിക്കുന്നതിലേക്കു പേർ വിവരം കാണിച്ചും അവരുടെ അഭിപ്രായങ്ങളെ ഇതോടുകൂടി അയക്കുകയും ചെയ്യേണ്ടതാകുന്നു.

ഗവൎമ്മെണ്ടു അനുവദിക്കുമ്പോൾ പുതിയ വിദ്യാഭ്യാസ സംഘങ്ങളുടെ ലിസ്തുകളെ അതാതു സ്ഥലത്തിലെ ഡിവിഷൻ പേഷ്കാൎക്കു അയക്കുന്നതും ഈ സംഘങ്ങളിൽ സാമാജികത്വം വഹിക്കാൻ യോഗ്യതയുള്ളവരെ പേർ വിവരം കാണിച്ചു ശിപാൎശ ചെയ്യുന്നതിനു പേഷ്കാരോട ആവശ്യപ്പെടുന്നതും ആകുന്നു.

ഗവൎമ്മെണ്ടിന്റെ അനുവാദം സിദ്ധിച്ചിട്ടുള്ള താഴെ ചേൎത്തിരിക്കുന്ന ചട്ടങ്ങളെ വീണ്ടും അച്ചടിപ്പിച്ചു സംഘങ്ങൾ ഖടിതങ്ങൾ ആകുമ്പോൾ അവൎക്കു അയച്ചുകൊടുക്കുന്നതാകുന്നു.

എസ്. ഗോപാലാചാൎയ്യർ,
ദിവാൻ.

## വിദ്യാഭ്യാസ സംഘങ്ങളുടെ രചനക്കും ഘടനക്കും നടത്തിപ്പിനും ഉള്ള ചട്ടങ്ങൾ.

൧. ൧൦൮൨-ാം ആണ്ട വൃശ്ചികം ൨൪/൧൯൦൬-ാം നമ്പരിൽ ഉണ്ടായിട്ടുള്ള ഗവൎമ്മെണ്ട പ്രൊസിഡിംഗ്സ അനുസരിച്ച ഏൎപ്പെടുത്തിയ സംഘങ്ങൾ വിദ്യാഭ്യാസ സംഘങ്ങൾ എന്ന വിളിക്കപ്പെടുന്നതാകുന്നു.

൨. ഓരോ വിദ്യാഭ്യാസ സംഘവും ഉദ്യോഗസ്ഥ സംബന്ധമായി സാമാജികന്മാരും വരിക്കുന്ന സാമാജികന്മാരും പുറമെ ഗവൎമ്മെണ്ട് അതാതു കാലം നിശ്ചയിക്കുന്നതിൽ കുറയാതെയും ൧൫-ൽ കവിയാതെയും ഉള്ള എണ്ണം സാമാജികന്മാർ ചേൎന്നതായിരിക്കും.

൩. സാമാജികന്മാരെ ഗവൎമ്മെണ്ട സ്വയമേവയൊ ഡിവിഷൻ പേഷ്കാരുടെയും റേഞ്ച് ഇൻസ്പെക്ടൎമാരുടെയും ശിപാൎശയിന്മേലൊ നിയോഗിക്കുന്നതാകുന്നു. ഗവൎമ്മെണ്ട് ഓരോ സംഘത്തിന്റെയും സാമാജികന്മാരിൽ ഒരുത്തനെ അതിലെ അദ്ധ്യക്ഷൻ ആയി നിയമിക്കുന്നതാകുന്നു.

൪. റേഞ്ച് ഇൻസ്പെക്ടൎമാരും അസിസ്റ്റണ്ട ഇൻസ്പെക്ടൎമാരും സബ് അസിസ്റ്റണ്ട് ഇൻസ്പെക്ടൎമാരും അവരവരുടെ അധികാരാതിൎത്തികൾക്കകത്തു ഉള്ള എല്ലാ സംഘങ്ങളിലും ഉദ്യോഗസംബന്ധമായി സാമാജികന്മാരായി ഇരിക്കുന്നതാകുന്നു.

൫. ഒരു വിദ്യാഭ്യാസ സംഘത്തിലേക്ക സാമാജികന്മാരായി നിയമിക്കുന്നതിനു ഗവൎമ്മെണ്ടിലേക്ക ശിപാൎശ ചെയ്യുന്നതിൽ അങ്ങിനെ ശിപാൎശ ചെയ്യപ്പെട്ട ആളുകളുടെ വിദ്യാഭ്യാസ യോഗ്യതയേയും സ്ഥാനത്തേയും വിദ്യാഭ്യാസത്തിൽ അനുഭവം വല്ലതും ഉണ്ടെങ്കിൽ അതിനേയും വിദ്യാഭ്യാസ വിഷയങ്ങളിൽ ഉള്ള താല്പൎയ്യത്തേയും ഗണിക്കേണ്ടതാകുന്നു.

൬. പാഠശാലകളിലെ വാദ്ധ്യാന്മാരും മാനേജൎമാരും പാഠശാലകളിൽ നേരിട്ട ബാദ്ധ്യതയുള്ള മറ്റുള്ളവരും സാമാജിക സ്ഥാനത്തിനു അനിൎദ്ദിഷ്ടന്മാർ അല്ല. എന്നാൽ ഈ പാഠശാലകളിന്മേൽ അധികാരം ഉള്ള സംഘങ്ങളിൽ അവർ സാമാജികന്മാരായി ഇരിക്കാൻ പാടില്ലാ.

൭. ഓരോ സംഘത്തിനും ഉള്ള സാമാജികന്മാരെ ഓരോ വൎഗ്ഗത്തിനും കഴിയുന്നതും പ്രാതിനിദ്ധ്യം ഉണ്ടായിരിക്കത്തക്കവണ്ണവും ഓരോ സ്ഥലത്തിന്റെയും വിദ്യാഭ്യാസ വിഷയമായ ആവശ്യങ്ങൾക്ക മതിയായ ശ്രദ്ധ ലഭിക്കത്തക്കവണ്ണവും തിരിഞ്ഞു എടുക്കേണ്ടതാകുന്നു.

൮. നിയുക്തന്മാർ ആയ സാമാജികന്മാർ സാധാരണമായി രണ്ട കൊല്ലം കാലത്തേക്ക സ്ഥാനം വഹിക്കുന്നതാകുന്നു. അവരുടെ സാധാരണ കാലാവധി അവസാനിക്കുമ്പോൾ അവർ വീണ്ടും നിയമിക്കപ്പെടുന്നതിനു അൎഹന്മാർ ആകുന്നു.

൯. വല്ല സാമാജികനേയും ഒരു സംഘത്തിൽ വെച്ചുകൊണ്ടിരിക്കുന്നതു അനുചിതം ആണെന്നു ഗവൎമ്മെണ്ടിനു തോന്നുമ്പോൾ അയാളെ ഏതു കാലത്തും ഗവൎമ്മെണ്ടു സംഘത്തിൽ നിന്നു നീക്കാവുന്നതാകുന്നു.

൧൦. ഗവൎമ്മെണ്ട് മതിയായ കാരണത്തിന്മേൽ ഒരു മുഴുവൻ സംഘത്തെയും പിരിക്കാവുന്നതാകുന്നു.

൧൧. നിയമിക്കപ്പെട്ട ഒരു സാമാജികനു തന്റെ സ്ഥാനം രാജി കൊടുക്കേണ്ടി ഇരുന്നാൽ ആ സംഘത്തിലെ അദ്ധ്യക്ഷനു ആ വിവരത്തിലേക്ക ഒരു ലേഖനം എഴുതി ഏതു കാലത്തും സ്വസ്ഥാനത്തെ രാജി കൊടുക്കാവുന്നതാകുന്നു.

൧൨. തുടൎച്ചയായി ൩ യോഗങ്ങൾക്ക ഹാജരാകാതിരിക്കുന്ന ഒരു നിയുക്തൻ ആയ സാമാജികൻ സംഘത്തിൽ ഉള്ള സ്വസ്ഥാനത്തെ ഒഴിപ്പാകുന്നതാകുന്നു. എന്നാൽ അങ്ങിനെ ഹാജരാകാതിരുന്നതിനു മതിയായ സമാധാനം ഉണ്ടായിരുന്നാൽ ഗവൎമ്മെണ്ട് അയാൾക്ക വീണ്ടും ആ സ്ഥാനം കൊടുക്കുന്നതാകുന്നു.

൧൩. ഓരോ സംഘത്തിലേക്കും നിൎദ്ദിഷ്ടം ആയ പ്രദേശത്തിനു അകത്തു ഗവൎമ്മെണ്ട് നിശ്ചയിക്കുന്ന പാഠശാലകളിന്മേൽ അധികാരം ഉള്ളതാകുന്നു.

൧൪. ഈ സംഘങ്ങൾ ചെയ്യുന്ന ജോലി ശമ്പളം ഇല്ലാത്ത ജോലി ആകുന്നു.

൧൫. ഓരോ സംഘത്തിലെയും അദ്ധ്യക്ഷനു ആവശ്യം ഉള്ള കടലാസ്സ മുതലായ എഴുത്തു സാമാനങ്ങളും രെജിസ്റ്റർ പുസ്തകങ്ങളും സൎക്കാർ ഗസറ്റിലെ വിദ്യാഭ്യാസ വിഷയമായ ഭാഗങ്ങളും കൊടുക്കുന്നതാകുന്നു. ഓരോ അദ്ധ്യക്ഷനും അഫീഷ്യൽ എഴുത്തുകുത്തുകളെ അഞ്ചൽ വഴി കൂലി കൂടാതെ അയക്കാവുന്നതും ആകുന്നു.

൧൬. വിദ്യാഭ്യാസ സംഘത്തിന്റെ വ്യാപ്തിയിൽ താഴെ എഴുതിയിരിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുന്നതാകുന്നു:—

(a) ആ സ്ഥലത്തിലെ വിദ്യാഭ്യാസ വിഷയം ആയ ആവശ്യങ്ങൾ ;

(b) ഇപ്പോൾ ഉള്ള പാഠശാലകളെക്കൊണ്ടുള്ള ആവശ്യങ്ങൾ എത്രമാത്രത്തോളം സാധിക്കപ്പെടുന്നു ;

(c) പുതിയ പാഠശാലകൾ സ്ഥാപിക്കേണ്ട ആവശ്യകത ;

(d) ഇപ്പോൾ ഉള്ള പാഠശാലകളിൽ ഉള്ള സ്റ്റാൻഡേർഡിനെ കുറയ്ക്കുകയൊ കൂട്ടുകയൊ ചെയ്തു എന്തു ഭേദം വരുത്തണം ;

(e) ഇപ്പോൾ ഉള്ള ഏതെങ്കിലും പാഠശാലയെ സ്ഥിരമായോ തല്ക്കാലത്തേക്കൊ നിറുത്തുന്നതിന്റെ ഔചിത്യം ;

(f) പ്രത്യേക വർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിലേക്കോ പ്രത്യേകം വിധത്തിൽ ഉള്ള പാഠങ്ങൾ പഠിപ്പിക്കുന്നതിലേക്കോ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതിനെ കുറിച്ചുള്ള അഭിപ്രായം ;

(g) സ്ത്രീകളിൽ വിദ്യാഭ്യാസത്തെ വ്യാപിപ്പിക്കൽ ;

(h) പാഠശാലകൾക്കു ഉചിതമായ സ്ഥലത്തെ കുറിച്ചുള്ള അഭിപ്രായങ്ങൾ ;

(i) പാഠശാലാ ഗൃഹങ്ങൾ പണിയിക്കുന്ന വിഷയത്തിലും വിദ്യാഭ്യാസ കാര്യങ്ങൾക്കായി മൂലധനങ്ങളെ സ്വീകരിക്കുന്ന വിഷയത്തിലും ഹിതോപദേശം ;

(j] പാഠശാലക്കു കൂടുതൽ ആയി വേണ്ട സ്ഥലം, ശുചീകരണത്തിനുള്ള ആവശ്യകതകൾ, അക സാമാനങ്ങൾ, യന്ത്രസാമഗ്രികൾ, പുസ്തകശാല, വിഹാരസ്ഥലം ഇവയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ;

(k) കൃഷിത്തോട്ടങ്ങൾ മുതലായ പ്രത്യേക സ്ഥലങ്ങളിലും, കാലന്തോറും നടത്തുന്ന പ്രസംഗങ്ങളിലും, മാജിക്‌ലാന്റേർൺ പ്രദർശനത്തിലും വിദ്യാഭ്യാസോപയുക്തങ്ങൾ ആയ മറ്റു പ്രകടനങ്ങളിലും വിദ്യാർത്ഥികൾ ഹാജരാകുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ ;

പാഠശാലകളെ ചെന്നു നോക്കുകയും വാദ്ധ്യാർമാരുടേയും വിദ്യാർത്ഥികളുടേയും ഹാജരിനെ കുറിച്ചും അവരുടെ സാധാരണ നടത്തിപ്പിനേയും വ്യവസ്ഥിതിയേയും കുറിച്ചും കാണുന്ന വിവരങ്ങളെ അഫിഷ്യൽ വിസിട്ടർസ് ബുക്കിൽ എഴുതുകയും ചെയ്ക ;

(m) പാഠശാലകൾക്കു സാഹായിക ധനം കൊടുക്കുകയൊ നിറുത്തുകയൊ കൂട്ടികൊടുക്കുകയൊ കുറക്കുകയൊ ചെയ്യേണ്ടതിനെപ്പററിയുള്ള ഉപദേശങ്ങൾ ;

൭. താഴെ എഴുതിയിരിക്കുന്ന സംഗതികൾ വിദ്യാഭ്യാസ സംഘങ്ങളുടെ വ്യാപ്തിയിൽ ഉൾപ്പെടുക ഇല്ലാ

(a) പാഠശാലകളിൽ പഠിപ്പിക്കലിലൊ അവയിലെ വ്യവസ്ഥിതിയിലൊ ഉള്ള ഛിദ്രം ;

(b) വാദ്ധ്യാർമാരുടെ നിയമനം, സ്ഥലംമാററൽ, പണിയിൽ നിന്നു നീക്കൽ, പ്രമോഷൻ, ശിക്ഷ കൊടുക്കൽ ഇവ ;

(c) വാദ്ധ്യാർമാരുടേയൊ വിദ്യാർത്ഥികളുടേയൊ ഡിപ്പാർട്മെന്റ് ഉദ്യോഗസ്ഥന്മാരുടേയൊ പേരിൽ ഉള്ള ആവലാധികളെ വാങ്ങുകയൊ അവയെ കുറിച്ചു വിചാരണ നടത്തുകയൊ ചെയ്ക ;

(d) പാഠശാലകളുടെ വരവു, ചിലവു, മുതൽ, കടം ഇവയെ കുറിച്ചോ ഭരണത്തെ കുറിച്ചോ ഉള്ള നിയന്ത്രണം ;

(e) വാദ്ധ്യാർമാർക്കോ വിദ്യാർത്ഥികൾക്കോ സിബ്ബന്തികൾക്കോ ആജ്ഞകളോ ശാസനങ്ങളോ കൊടുക്കൽ ;

൮. വിദ്യാഭ്യാസ വിഷയത്തിനു ഹാനിയെ ജനിപ്പിക്കാവുന്നതായ ഔദാസീന്യം, കക്ഷിവഴക്കു, ജാതിവിരോധങ്ങൾ, സ്ഥലത്തുള്ള മത്സരങ്ങൾ, മററു ശങ്കാവിശേഷങ്ങൾ, തർക്കങ്ങൾ അല്ലെങ്കിൽ അഭിപ്രായങ്ങൾ, ഇവയെ തടുക്കുന്നതിലോ, ഇല്ലാതാക്കുന്നതിലോ ഡിപ്പാർട്മെണ്ടിലെ ഉദ്യോഗസ്ഥന്മാരോടു ഒന്നിച്ചു ചേർന്നു വിദ്യാഭ്യാസ സംഘങ്ങൾ പ്രവർത്തിക്കും എന്നു ആശംസിക്കുന്നു.

൯. ഓരോ വിദ്യാഭ്യാസ സംഘവും സാധാരണം ആയി മാസത്തിൽ ഒരിക്കൽ വീതം എങ്കിലും യോഗം കൂടേണ്ടതാകുന്നു.

൧൦. സംഘത്തിലെ അദ്ധ്യക്ഷൻ യോഗംകൂടേണ്ടതായ ദിവസവും, സമയവും, സ്ഥലവും, പര്യാലോചിക്കേണ്ട സംഗതികളും വിവരിച്ചു ഒരു അറിയിപ്പു കൊടുത്തു ഓരോ യോഗവും കൂടിക്കേണ്ടതാകുന്നു,

൨൧. ആ അറിയിപ്പു യോഗത്തിനു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനു മൂന്നു ദിവസത്തിൽ കുറയാതെ മുമ്പുകൂട്ടി അയക്കേണ്ടതാകുന്നു.

൨൨. അദ്ധ്യക്ഷൻ ഇല്ലാതിരിക്കുകിൽ ഉദ്യോഗസ്ഥരായി സാമാജികസ്ഥാനം വഹിക്കുന്നവർ അല്ലാത്ത മൂന്നിൽ കുറയാതെ എണ്ണം സാമാജികന്മാർ എഴുതിഒപ്പിട്ടിട്ടുള്ള അപേക്ഷ അനുസരിച്ചു യോഗം കൂട്ടാവുന്നതാകുന്നു.

൨൩. സംഘത്തിലെ [illegible] ഇല്ലാത്ത എണ്ണം സാമാജികന്മാർ എഴുതിഒപ്പിട്ടു ആവശ്യപ്പെടുമ്പോഴും ഏതു സമയത്തും വിശേഷാൽയോഗം കൂട്ടാവുന്നതാകുന്നു.

൨൪. അദ്ധ്യക്ഷൻ [illegible] സാമാജികന്മാരിൽ ഒരാൾ ആ യോഗത്തിലെ അദ്ധ്യക്ഷൻ ആയിരിക്കണം.

൨൫. ഒരു സംഘത്തിലെ അംഗങ്ങൾ ആയി നിയമിക്കപ്പെട്ട സാമാജികന്മാരിൽ [illegible] പകുതിയിൽ അധികം എണ്ണം ഹാജരായിരുന്നാൽ അതു സംഘം കൂടുന്നതിനുള്ള മതിയായ എണ്ണം സാമാജികന്മാർ ആയിരിക്കും.

൨൬. സംഘം കൂടുന്നതിനു മതിയായ എണ്ണം സാമാജികന്മാർ ഹാജരില്ലാത്തതുകൊണ്ടു ഒരു യോഗം നടത്തപ്പെടാതെ പോകുന്നതായാൽ കഴിച്ചുകൂട്ടപ്പെട്ടതിന്റെ [illegible] ഒരു യോഗം കൂട്ടാവുന്നതാകുന്നു.

൨൭. അദ്ധ്യക്ഷൻ യോഗത്തിലെ ക്രിയാനുസരണമായ നടത്തുകളും ഓരോ വിഷയത്തെയും ക്രമാനുസരണമായി യോഗത്തിൽ [illegible] പ്രതിപാദിക്കുന്നതിനും ചുമതലപ്പെട്ട ആളാകുന്നു.

൨൮. യോഗത്തിനു നിശ്ചയിച്ചിട്ടുള്ള സമയത്തിനു ൨൪ മണിക്കൂറിനു കുറയാത്തതായുള്ള സമയത്തിനു മുമ്പിൽ അദ്ധ്യക്ഷനു അറിയിപ്പു കൊടുക്കുന്നതായാൽ യോഗത്തിനുള്ള അറിയിപ്പിൽ വിവരിച്ചിട്ടില്ലാത്ത ഏതു വിഷയത്തെ കുറിച്ചും പര്യാലോചിക്കണം എന്നു ഒരു സാമാജികനു ആവശ്യപ്പെടാവുന്നതാകുന്നു.

൨൯. ഹാജരായിരിക്കുന്നവരും സമ്മതം കൊടുക്കുന്നവരും ആയ സാമാജികന്മാർ എല്ലാവരുമോ അവരിൽ ഭൂരിപക്ഷം പേരോ സമ്മതിച്ചു അഭിപ്രായപ്പെട്ടാൽ അല്ലാതെ പ്രത്യക്ഷം ആയ യാതൊരു സംഗതിയും അനുവദിക്കപ്പെട്ടതായി ഗണിക്കപ്പെടുന്നതല്ല.

൩൦. സമ്മതപക്ഷങ്ങൾ തുല്യങ്ങൾ ആയിവരുന്ന സംഗതികളിൽ അദ്ധ്യക്ഷന്റെ അഭിപ്രായം വലുതായിരിക്കുന്നതാകുന്നു.

൩൧. അദ്ധ്യക്ഷൻ ഒരു യോഗത്തിൽ അനുവദിക്കപ്പെടുന്ന ഓരോ നിശ്ചയത്തെയും താൻതന്നെ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ രേഖപ്പെടുത്തിക്കയോ ചെയ്യുകയും അതിന്റെ ഒരു പകൎപ്പു താൻ ഒപ്പിട്ടു ൧൫ ദിവസത്തിനകം റേഞ്ജ് ഇൻസ്പെക്ടൎക്കു അയക്കുകയും ചെയ്യേണ്ടതാകുന്നു.

൩൨. ഓരോ വിദ്യാഭ്യാസസംഘവും പതിവായി ഏതു സ്ഥലത്തു കൂടണം എന്നു റേഞ്ജ് ഇൻസ്പെക്ടർ നിശ്ചയിച്ചു വിവരം സംഘത്തെ അറിയിക്കേണ്ടതാണു.

൩൩. ഓരോ സംഘത്തിലേയും അദ്ധ്യക്ഷൻ താഴെ എഴുതിയിരിക്കുന്ന റെക്കാർട്ടുകളും രെജിസ്റ്റരുകളും [illegible] സൂക്ഷിച്ചിരിക്കേണ്ടതാകുന്നു.

(a) കിട്ടിയ [illegible] പുസ്തകങ്ങളുടെ പേരും അവ കിട്ടിയ മുറയ്ക്കു;

(b) സംഘത്തിനു [illegible] അയക്കുന്ന എഴുത്തുകൾ, അറിയിപ്പുകൾ, മറ്റു രേഖകൾ ഇവയുടെ പകൎപ്പുകളോ സംഗ്രഹങ്ങളോ ഉള്ള ഒരു രെജിസ്റ്റർ;

(c) സംഘം [illegible] നിശ്ചയങ്ങളുടേയും സംഘമോ ഓരോ സാമാജികനോ പരിശോധിച്ചുകാലത്തു [illegible] നിരൂപണങ്ങൾ, അഭിപ്രായങ്ങൾ, വിമൎശനങ്ങൾ മുതലായവയുടെ പകൎപ്പുകൾ [illegible].

൩൪. [illegible] എല്ലാം അദ്ധ്യക്ഷന്റെ സൂക്ഷിപ്പിൽ ഇരിക്കേണ്ടതാകുന്നു; എന്നാൽ ഏതു സാമാജികനും [illegible] അവയെ പരിശോധിക്കാവുന്നതാകുന്നു.

൩൫. സംഘത്തിലെ സാമാജികന്മാരും ഇൻസ്പെക്ടിങ്ങ് ആഫീസർമാരും തമ്മിൽ ഉള്ള എഴുത്തുകുത്തുകൾ [illegible] മുഖേന വേണ്ടതാകുന്നു.

൩൬. [illegible] വല്ല സംഗതിയെ കുറിച്ചും എഴുതി അയക്കണം എന്നു സംഘത്തിനു ആഗ്രഹം [illegible] അതു എഴുതി റേഞ്ജ് ഇൻസ്പെക്ടർ മുഖേന അയക്കേണ്ടതാകുന്നു.

൩൭. ഇൻസ്പെക്ടിങ് ആഫീസർമാക്കല്ലാതെ സംസ്ഥാനത്തിലെ യാതൊരു ഡിപ്പാർട്ടുമെണ്ടിലേക്കൊ ഉദ്യോഗസ്ഥന്മാർ നേരിട്ടു എഴുതി അയക്കുന്നതിനു വിദ്യാഭ്യാസസംഘത്തിനു അധികാരം ഇല്ലാ.

൩൮. ൧൦-ം ചട്ടങ്ങളിൽ (L) വകുപ്പു അനുസരിച്ചു ഒരു വിദ്യാഭ്യാസ സംഘമോ അതിലെ വല്ല സാമാജികന്മാരോ വിസിറ്റേർസ് ബുക്കിൽ എഴുതീട്ടുള്ള അഭിപ്രായങ്ങളുടെ ഒരു പകപ്പു ആ പാഠശാലയിലെ ഹെഡ് മാസ്റ്ററോ ഹെഡ് മിസ്ട്രെസ്സോ എഴുതി വന്നിരിക്കുന്ന അഭിപ്രായം വല്ലതും പറയാൻ ഉണ്ടായിരുന്നാൽ അതോടുകൂടി ഒരു ആഴ്ചവട്ടത്തിനകം റേഞ്ച് ഇൻസ്പെക്ടർക്കു അയക്കേണ്ടതാകുന്നു.

൩൯. വിദ്യാഭ്യാസ സംഘത്തിൻെറ വ്യാപ്തിയിൽ ഉൾപ്പെടുന്നതായ സംഗതിയെ കുറിച്ചു സംഘം ആവശ്യപ്പെടുന്ന എല്ലാ വിവരവും റേഞ്ച് ഇൻസ്പെക്ടർ ഉണ്ടാക്കികൊടുക്കേണ്ടതാകുന്നു.

൪൦. സംഘത്തിൻെറ നിശ്ചയങ്ങളേയോ സംഘം എഴുതി അയച്ചിട്ടുള്ള സംഗതികളേയൊ സംബന്ധിച്ചു റേഞ്ച് ഇൻസ്പെക്ടരൊ ഗവമ്മെണ്ടോ കൊടുക്കുന്ന എല്ലാ ഉത്തരവുകളേയും സക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടില്ലാത്ത വിദ്യാഭ്യാസവിഷയകം ആയ പ്രൊസീഡിംഗ്സുകളേയും റേഞ്ച് ഇൻസ്പെക്ടർ ഉടനുടൻ അദ്ധ്യക്ഷനു എഴുതി അയക്കേണ്ടതാകുന്നു.

൪൧. തൻെറ റേഞ്ചിൽ ഉള്ള വിദ്യാഭ്യാസ സംഘങ്ങളുടെ നടത്തിപ്പിൻെറ മുഖ്യ ലക്ഷണങ്ങളെക്കുറിച്ചു ഒരു സംഗ്രഹം ആയ റിപ്പോർട് ഓരോ റേഞ്ച് ഇൻസ്പെക്ടരും (അഫിഷ്യൽ) കൊല്ലത്തിൻെറ ഓരോ പാദപക്ഷത്തിൻേറയും ആദിയിൽ ഗവമ്മെണ്ടിലേക്കു അയക്കേണ്ടതാകുന്നു.

൪൨. ഓരോ റേഞ്ച് ഇൻസ്പെക്ടരും സാമയികമായ ഉപദേശത്താലും ഹാദ്ദം ആയ സഹകരണത്താലും വിദ്യാഭ്യാസ സംഘങ്ങളുടെ ഫലവത്തായ പ്രവൎത്തനത്തെ പോഷിപ്പിക്കുന്നതിനു തന്നാൽ കഴിയുന്നതെല്ലാം ചെയ്യേണ്ടതാകുന്നു.

## Proceedings of the Government of His Highness the Maha Rajah of Travancore.

Read :—

*(1) Letter No. 21 dated 25-5-07 from the Inspector of Schools, Central Range.*

*(2) Letter No. 337 dated 7-6-07 from the Inspector of Schools, Southern Range.*

*(3) Letter No. 417 dated 21-6-07 from the Inspector of Schools, Northern Range, with enclosures.*

*(4) Letter No. 166 dated 25-6-07 from the Principal, His Highness the Maharajah's College and High School, Trivandrum.*

*(5) Read also the Fee Regulations published under date the 14th July 1906.*

The Inspector of Schools, Central Range, brought to the notice of Government the absence of any reference to the levy of admission fees in the Fee Regulations published by them under date the 14th July 1906 and the consequent want of uniformity in the levy of this fee in the several schools in the State. He therefore requested for a general ruling of Government on the subject and recommended the total prohibition of the levy of these fees in all the schools in the State, especially in view of the fact that the general fees of the schools have been recently enhanced by the said Fee Regulations.

The opinions of the other Inspectors of Schools and the Principal of His Highness the Maharajah's College and High School were invited on the subject.

The Acting Inspector of Schools, Southern Range, agreed with the Inspector of the Central Range and recommended the total prohibition of admission fees.

The Inspector of Schools, Nothern Range, ascertained the views of the Managers of the important aided schools in his Range on the subject, which were generally opposed to the abolition of the admission fees and with which the Inspector also agreed.

The Principal of the College and High School pointed out that the practice of levying entrance fees from pupils who do not come from Government Schools was in vogue in the High School attached to the College, from Form I and above. He thought that the levy of admission fees was desirable and justifiable in the Higher Classes where the cost of Education falls so largely on the Managers and that the practice was objectionable in Primary and Middle School Classes where the levying of such fees might hamper education.

ORDER THEREON No. E. 2179 DATED 29TH JUNE 1907.

In view of the opinions expressed above, Government do not think it desirable to prohibit the levy of admission fees altogether, especially having regard to the objections raised by the Managers of Aided Schools. They, at the same time, think that there should be a uniformity in the practice of the several aided schools in the State. They therefore rule (1) that no admission fee should be levied in classes below Form II and (2) that the maximum admission fee for each class should be the monthly fee levied for that class.

The present practice of levying no admission fees in the Government mofussil schools will however continue as at present.

S. GOPALACHARIYAR,
Dewan.

## തിരുവിതാംകോട്ട ഗവൎമ്മെണ്ട പ്രൊസീഡിംഗ്സ്.

സംസ്ഥാനത്തിൽ ഉള്ള ഗവൎമ്മെണ്ട് ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും സഹായധനം ലഭിക്കുന്ന ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും പൊതുവായി ഒരു കമ്പാരെടിവ് പരീക്ഷ ഏൎപ്പെടുത്തുന്നതു അഭിലഷണീയം ആകുന്നു എന്നു അഭിപ്രായപ്പെട്ടു, സെണ്ട്രൽ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ൧൦൮൨ ഏപ്രിൽ ൧൧-ാം൹ എഴുതിയ ലെട്ടർ വായിച്ചു.

ഈ ലെററിനെപ്പററി ഏതാനും അഭിപ്രായങ്ങൾ പ്രസ്താവിച്ചു വടക്കൻ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ൧൦൮൨ ഏപ്രിൽ ൨൦-ാം൹ ൨൩൪-ാം നമ്പരിൽ എഴുതിയ ലെട്ടർ വായിച്ചു.

ഈ വിഷയത്തെക്കുറിച്ചുതന്നെ തെക്കൻറേഞ്ച് ഇൻസ്പെക്ടർ ൧൦൮൨ മെ ൨൩-ാം൹ ൧൬൯൨-ാം നമ്പരിൽ എഴുതിയ ലെട്ടർ വായിച്ചു.

ഇപ്പോൾ എഡ്യൂക്കേഷനൽ സെക്രട്ടരിയുടെ മേൽനോട്ടത്തിൽ ഗവൎമ്മെണ്ട് വക ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ നാലാം ഫാറത്തിലേക്കും അഞ്ചാം ഫാറത്തിലേക്കും ആണ്ടുതോറും രണ്ടു കമ്പാരെടിവ് പരീക്ഷകൾ നടത്തപ്പെട്ടു വരുന്നുണ്ട്. ഈ പരീക്ഷകളിൽ ജയിച്ചവരെ മാത്രമെ സൎക്കാർ പള്ളിക്കൂടങ്ങളിൽ ൪-ാം ക്ലാസിലേക്കും ൫-ാം ക്ലാസിലേക്കും മാററുന്നൊള്ളു. ഈ കമ്പാരെടിവ് പരീക്ഷയിൽ സംസ്ഥാനത്തു സഹായധനം ലഭിക്കുന്നവയൊ ഗവൎമ്മെണ്ട് അനുമതി ലഭിച്ചിട്ടുള്ളവയൊ ആയ മററു പള്ളിക്കൂടങ്ങൾ യാതൊന്നും ചേരുന്നില്ല. ഇപ്പറഞ്ഞ പള്ളിക്കൂടങ്ങളിൽ അതതിലെ ഹെഡ്മാസ്റ്റർ നടത്തുന്ന പരീക്ഷകളുടെ ഫലങ്ങൾ അനുസരിച്ചു പ്രമോഷൻ കൊടുക്കുന്നു. എന്നാൽ ചോദ്യക്കടലാസുകളേയും മാൎക്ക ലിസ്റ്റുകളേയും അതതു റേഞ്ചിലെ ഇൻസ്പെക്ടൎക്ക അംഗീകരണത്തിന്നായി അയക്കുന്നും ഉണ്ട്. ഇൻസ്പെക്ടരുടെ മററു ജോലി വളരെ ഭാരം ആയും അടിയന്തരം ആയും ഇരിക്കുന്ന വൎഷാന്തരങ്ങളിലും വൎഷാരംഭങ്ങളിലും ഇൻസ്പെക്ടൎക്ക റേഞ്ചിൽ ഉള്ള എല്ലാ പള്ളിക്കൂടങ്ങളിൽ നിന്നും ചോദ്യക്കടലാസുകളും മാൎക്ക ലിസ്റ്റുകളും ഏക കാലത്തിൽ കിട്ടുന്നതുകൊണ്ടും താമസം കൂടാതെ അവയെ ഇൻസ്പെക്ടർ അതതു പള്ളിക്കൂടത്തിന്നു മടക്കി അയച്ചുകൊടുക്കേണ്ടിയിരിക്കുന്നതുകൊണ്ടും ഈ പള്ളിക്കൂടങ്ങളിൽ ആണ്ടുതോറും പ്രമോഷൻ കൊടുക്കുന്നതിലേക്കുള്ള പരീക്ഷകളുടെ പൎയ്യവേക്ഷണം പള്ളിക്കൂടം ഇൻസ്പെക്ടർമാരെ ഏല്പിച്ചിട്ടുള്ളതിനെ അവർ മിക്ക സംഗതികളിലും നാമമാത്രമായെ നടത്തുന്നൊള്ളു എന്നുള്ളതു സുവിദിതം ആകുന്നു. സഹായധനം ലഭിക്കുന്ന പാഠശാലകളിലേയും ഗവൎമ്മെണ്ട് അനുമതി ലഭിച്ചിട്ടുള്ള മററു കുടിവക പാഠശാലകളിലേയും ഹെഡ്മാസ്റ്റർമാർ പ്രമോഷൻ കൊടുത്ത വകക്കു കൊടുക്കുന്ന സൎട്ടിഫിക്കെട്ട് കൊണ്ടുവരുന്ന വിദ്യാൎത്ഥികളെ തിരുവനന്തപുരത്തിനു വെളിയിൽ ഉള്ള ഗവൎമ്മെണ്ട് പള്ളിക്കൂടങ്ങളിൽ മേൽ ക്ലാസിൽ ചേൎക്കുന്നും ഉണ്ട്.

കുടിവക പള്ളിക്കൂടങ്ങളിൽ ചിലവയിലെ അധികാരസ്ഥന്മാർ പ്രമോഷൻ കൊടുക്കുന്നതിൽ വേണ്ടിടത്തോളം ബുദ്ധിതെളിവും ജാഗ്രതയും കാണിക്കുന്നില്ല എന്നും, ഇതു ഹേതുവായി, പള്ളിക്കൂടങ്ങളിലെ പഠനപരിമാണം വളരെ താണുപോകുന്നു എന്നും കഴിഞ്ഞ കുറെ വൎഷങ്ങൾ ആയി പരാതികൾ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്തുള്ള കുടിവക ഹൈസ്കൂളുകളിൽ പഠനത്തിന്റെയും പരീക്ഷയുടേയും പരിമാണത്തെ കുറച്ചിരിക്കുന്നതിനെപ്പററി കാളേജ് അധികാരസ്ഥന്മാർ ആവൎത്തിച്ചു പരാതി പറഞ്ഞിട്ടുണ്ട്. മുഴുവനും ഗവൎമ്മെണ്ട് വക പള്ളിക്കൂടങ്ങളിൽ തന്നെ പഠിച്ചിട്ടില്ലാത്തവരും കമ്പാരെടിവ് പരീക്ഷകളിലെ ഫലത്തിന്മേൽ പ്രമോഷൻ കൊടുക്കപ്പെടാത്തവരും ആയ വിദ്യാൎത്ഥികൾ ഭൂരിപക്ഷക്കാരും പള്ളിക്കൂടത്തിലേയും സൎവകലാശാലയിലേയും പരീക്ഷകളിൽ തോല്ക്കുന്നതായി പ്രകടിപ്പെടുത്തുന്ന കണക്കുകൾ കാണിച്ചു ഇതിൽ ശ്രദ്ധ വെക്കണം എന്നും അവർ അപേക്ഷിച്ചിട്ടുണ്ട്.

ഈ ന്യൂനതകളിൽ ചിലതിനെ നീക്കുന്നതിലേക്കായി ഗവൎമ്മെണ്ട് വക പള്ളിക്കൂടങ്ങൾക്കും സഹായധനം ലഭിക്കുന്ന പള്ളിക്കൂടങ്ങൾക്കും ഗവൎമ്മെണ്ട് അനുമതി ലഭിച്ചിട്ടുള്ള കുടിപ്പള്ളിക്കൂടങ്ങൾക്കും, പൊതുവായി കമ്പാരെടിവ് പരീക്ഷ ഏൎപ്പെടുത്തേണ്ടതാണെന്നു സെണ്ട്രൽ റേഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ ഗവൎമ്മെണ്ടിലേക്ക എഴുതി ബോധിപ്പിച്ചു. ഈ വിഷയത്തിൽ മററു റേഞ്ച് ഇൻസ്പെക്ടർമാരുടേയും അഭിപ്രായങ്ങളും വരുത്തിച്ചു എഴുത്തുകുത്തു നടത്തി അന്വേഷണം നടത്തിയതിൽ, സെണ്ട്രൽ റേഞ്ച് ഇൻസ്പെക്ടരുടെ അഭിപ്രായത്തിനു അനുകൂലം ആയും പ്രതികൂലം ആയും താഴെ പറയുന്ന വാദങ്ങൾ ജനിച്ചിരിക്കുന്നു.

പൊതുവായ കമ്പാരെടിവ് പരീക്ഷ ഏൎപ്പെടുത്തുന്നതിന്നു അനുകൂലം ആയ വാദങ്ങൾ:—

(൧) പരീക്ഷയുടെ പരിമാണം സംബന്ധിച്ചു പള്ളിക്കൂടങ്ങൾ തമ്മിൽ ഉള്ള വ്യത്യാസം ഗവർമ്മെണ്ട് കമ്പാരെടിവ് പരീക്ഷയുള്ള പരിമാണം, കടിപ്പ പള്ളിക്കൂടങ്ങൾക്കുള്ളതിനേക്കാൾ ഉയർന്നതായിരിക്കുന്നതിനാൽ, ഗവർമ്മെണ്ട് പള്ളിക്കൂടങ്ങളിൽ നിന്നു കടിപ്പള്ളിക്കൂടങ്ങളിലേക്ക വിദ്യാർത്ഥികൾ കൂട്ടമായി ചെന്നു ചേരുന്നു. ഈ ഏർപ്പാടു അത്യന്തദോഷകരം. അല്ലാത്ത മാതിരിയുള്ള പ്രോത്സാഹിപ്പിക്കുന്നതിനും അനുകൂലമായിരിക്കയും, പ്രചാരത്തിലിരിക്കയും, വിദ്യാഭ്യാസ വിഷയകമായ ഗുണം ആകുന്നതിനെയും ദൃഢപ്പെടുത്തുകയും ചെയ്യുന്നു. ഏതായാലും കുറഞ്ഞ പരിശ്രമവും പഠിപ്പും കൊണ്ടു പ്രമോഷൻ ഏതു പള്ളിക്കൂടത്തിൽ ലഭിക്കുമോ ആ പള്ളിക്കൂടത്തിലേക്ക വിദ്യാർത്ഥികൾ കൂട്ടം ആയി ചെന്നുചേരുന്നു.

(൨) ഇൻസ്പെക്ടർമാർ, സഹായധനം വാങ്ങിക്കുന്ന പള്ളിക്കൂടങ്ങളിലെ ചോദ്യക്കടലാസുകളെ പരിശോധിക്കയും, അവയിൽ പ്രൊമോഷന്നായി നടത്തുന്ന പരീക്ഷകളിലെ ഉത്തരക്കടലാസുകളെ നിരൂപണാർത്ഥം ഒന്നുകൂടി പരിശോധിക്കയും ചെയ്യുവരുന്നതായി ഒരു ഏർപ്പാടു ഉണ്ടു. എന്നാൽ എല്ലാ പള്ളിക്കൂടങ്ങളിൽ നിന്നും ഉള്ള കടലാസുകൾ ഏകകാലത്തു ഇൻസ്പെക്ടർക്കു കിട്ടുകയും, അതു ഹേതുവായി അവയെ ലഘുവായി ഒന്നു നിരീക്ഷണം ചെയ്യുന്നതിൽ കൂടുതൽ ആയി ഒന്നും ചെയ്വാൻ അസാധ്യം ആയിരിക്കയും ചെയ്യുന്നതുകൊണ്ടു ഈ ജോലി ശരിയായി ചെയ്യപ്പെടുന്നില്ല.

(൩) ഇൻസ്പെക്ടർമാരുടെ ജോലി ഇപ്പോൾ വളരെ കൂടീട്ടുണ്ടു; ഇപ്പോൾതന്നെ നാമമാത്രമായി നടക്കുന്ന ഈ നിരൂപണം ചെയ്യുന്നതു മേലാൽ തദ്ധേതുവായി അധികം കൂടി പ്രയാസം ഉള്ളതായിതീരും.

(൪) കീഴ് ക്ലാസിലെ ഫീസിനേക്കാൾ ഉയർന്ന ക്ലാസിലെ ഫീസ് കൂടുതൽ ആയിരിക്കുന്നതുകൊണ്ടു പ്രൊമോഷൻ കൊടുക്കുന്നതിനുള്ള പരീക്ഷകളുടെയും പ്രൊമോഷന്റെയും വിഷയത്തിൽ നിഷ്കർഷയോടുകൂടി പ്രവർത്തിക്കാതിരിക്കുന്നതിനു സഹായധനം വാങ്ങിക്കുന്ന പാഠശാലകളിലെ മാനേജർമാർക്കു ബലമായി വിലോഭനം ഉണ്ടാകുന്നു. വാദ്ധ്യാർമാർ തന്നെ പരീക്ഷകന്മാരായും ഇരിക്കുന്നവർ മുഖ്യമാണെന്നു ധരിപ്പിച്ചിട്ടുള്ള പ്രത്യേകഭാഗങ്ങളിൽ എളുപ്പമായ ചോദ്യങ്ങൾ ചോദിക്കുന്നതുകൊണ്ടും, പരീക്ഷകാലത്തു വാദ്ധ്യാർമാർ ചോദ്യക്കടലാസുകൾക്ക ഉത്തരം എഴുതുമ്പോൾ അശ്രദ്ധന്മാരായി ഇരിക്കുന്നതുകൊണ്ടും, ദാക്ഷിണ്യം ആയി മാർക്ക കൊടുക്കുന്നതുകൊണ്ടും ഈ ഉദ്ദേശ്യം സാധിക്കപ്പെടാം. ഗവർമ്മെണ്ട് നടത്തുന്ന ഒരു കമ്പാരെടിവ് പരീക്ഷഏർപ്പാട്ടിൽ ഈ സ്കൂളുകളെ ഉൾപ്പെടുത്തിയാൽ ഈ വക എല്ലാം പ്രയാസം ആയിതീരും.

(൫) ഗവർമ്മെണ്ട് വക ആയാലും, സഹായധനം വാങ്ങിക്കുന്നവയായാലും, എല്ലാ പള്ളിക്കൂടങ്ങളിലും ഒരേതരം ക്ലാസിൽ പാഠപരിമാണത്തിനു ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതു അഭിലഷണീയം ആകുന്നു. ഈ വിധം ഐകരൂപ്യം ഇപ്പോൾ ഇല്ല. അതുകൊണ്ടു, കടിപ്പള്ളിക്കൂടങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികളെ തിരുവനന്തപുരം രാജകീയ ഹൈസ്കൂളിൽ മെട്രിക്കുലേഷൻ ക്ലാസിൽ ചേർക്കുന്നില്ല.

(൬) ഈ സംസ്ഥാനത്തിലെ ഹൈസ്കൂളുകളിൽ പഠനത്തിന്റെയും പരീക്ഷയുടെയും പരിമാണത്തെ കുറച്ചിരിക്കുന്നതിനെപ്പററിയും ഈ വിധം അപൂർണ്ണപാഠം ഉള്ള വിദ്യാർത്ഥികൾ കാളേജ് ക്ലാസുകളിൽ വന്നു ചേരുന്നു എന്നും രാജകീയകാളേജിലെ അധികാരസ്ഥന്മാർ കൂടക്കൂടെ പരാതിപ്പെട്ടിട്ടുണ്ടു.

(൭) ആദായത്തിന്നായി നടത്തപ്പെടാത്തവയായ, കടിപ്പള്ളിക്കൂടങ്ങളിൽ അധികം നല്ലവ എല്ലാം, ശരിയായ ക്രമപ്പെടുത്തലോടുകൂടിയ ഒരു കമ്പാരെടിവ് പരീക്ഷ ഏർപ്പാട്ടിനെ സ്വീകരിക്കുന്നതിന്നു മനസ്സുള്ളവ ആയിരിക്കുന്നു.

**പൊതുവായ കമ്പാരെടിവ് പരീക്ഷ ഏർപ്പെടുത്തുന്നതിന്നു പ്രതികൂലം ആയ വാദങ്ങൾ.**

(൧) പരീക്ഷിക്കപ്പെടേണ്ടവർ ആയ വിദ്യാർത്ഥികളുടെ സംഖ്യ വലുതായിരിക്കും എന്നുള്ളതുകൊണ്ടു, പരീക്ഷയുടെ കാര്യക്ഷമതയെ കുറയ്ക്കുവരും. ഒരേ വിഷയത്തിൽ പരീക്ഷ്യന്മാരുടെ ഉത്തരങ്ങളെ നോക്കി മാർക്ക ഇടുന്നതു ഏകപരീക്ഷകൻ ആയിരുന്നാൽ ഉത്തരത്തിന്റെ ഗുണദോഷവിവേചനം ശരിയായി നടക്കയില്ല. പരീക്ഷകന്മാർ കേവലം യന്ത്രങ്ങളെപ്പോലെ പ്രവർത്തിച്ചു എന്നുവരും. ഒരേ വിഷയത്തിലെ പരീക്ഷ്യന്മാരുടെ ഉത്തരങ്ങളെ പല പരീക്ഷകന്മാരായി കൊടുത്താലോ അവരെ നോക്കി മാർക്കകൊടുക്കുന്നതു ഒരേ വിധത്തിൽ അല്ലാതിരുന്നു എന്നും വരും.

(൨) ചോദ്യക്കടലാസുകൾ അധികം എണ്ണം വേണ്ടിവരുന്നതാകയാൽ അവയെ അച്ചടിപ്പിച്ചു ചോദ്യങ്ങൾ വെളിയിൽ ആകാതെ അയക്കുന്നതും വളരെ പ്രയാസം ആയിരിക്കും.

(ച) സ്കൂളുകൾ തമ്മിൽ ശത്രുത്വത്തെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടു, വിദ്യാർത്ഥികൾ പരീക്ഷാവിധി എന്തായാലും ഉയർന്നതും അദ്ധ്യാപനം അനുസരിച്ചും ഏറെവും നല്ലതും ആയ സ്കൂളിൽ കൂട്ടം ആയി ചേരുന്നതായിരിക്കും.

(ഛ) "കഴിഞ്ഞ രണ്ടു ആണ്ടുകളിൽ നടന്ന കംപാരെട്ടിവ് പരീക്ഷയുടെ ഫലത്തെ നോക്കിയതിൽ തൃപ്തികരം ആണെന്നു തോന്നുന്നില്ലാ"

(ജ) കൂടക്കൂടെ പരീക്ഷകൾ നടത്തുന്നതുതന്നെ മനോവികാസത്തിനും ബുദ്ധിവൃദ്ധിക്കും ദോഷകരം ആകുന്നു.

(ഝ) "പാഠശാലകൾ നടത്തിക്കുന്നതിൽ ഗവൎമ്മെണ്ടിന്റെ ഉദ്ദേശം ആണ്ടുതോറും ഇത്ര വിദ്യാർത്ഥികളെ പരീക്ഷയിൽ ജയിപ്പിക്കണം എന്നല്ലാ; കിന്തു, ഭാവികാലത്തിൽ ഉപയുക്തമായിരിക്കത്തക്ക ഹിതയായ വിദ്യയെ ലഭിക്കാനായി അവൎക്ക ന്യായമായ കാലത്തേക്ക അഭ്യസിക്കുന്നതായി അവരെ പഠിപ്പിക്കണം എന്നാകുന്നു. അതുകൊണ്ടു ഇപ്പഴത്തെ കംപാരെട്ടിവ് പരീക്ഷയെത്തന്നെയും നിറുത്തുകയും ക്ലാസിൽ കയററം കൊടുക്കാനായുള്ള പരീക്ഷ അതാതു സ്കൂളിലെ ഹെഡ് മാസ്റ്റർ നടത്തിയാൽ മതി എന്നു വെക്കയും ചെയ്യേണ്ടതാകുന്നു"

(ഞ) ഗവൎമ്മെണ്ടു സ്കൂളുകളിലും സാഹായ്യധനം ലഭിക്കുന്ന സ്കൂളുകളിലും ഉപയോഗിക്കുന്ന പാഠപുസ്തകങ്ങൾ ഒരേ പുസ്തകങ്ങൾ അല്ലാത്തതിനാൽ അവയിലെ വിദ്യാർത്ഥികളെ ഇങ്ങനെ പരീക്ഷിക്കുന്നതു എല്ലാംകൊണ്ടും പ്രയാസം ഉള്ളതാകുന്നു. ഇങ്ങനെ ഒരേ പുസ്തകങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിനെ ഗവൎമ്മെണ്ടു തന്നെ അനുവദിച്ചിട്ടുണ്ടു. ഓരോ സ്കൂളും ഗവൎമ്മെണ്ടിനാൽ അംഗീകരിക്കപ്പെട്ട പാഠപുസ്തകങ്ങളിൽ ഏതെങ്കിലും പുസ്തകം ഉപയോഗിക്കാം എന്നു ഗവൎമ്മെണ്ടു വിധിച്ചിട്ടുണ്ടു. ഒരേ പുസ്തകങ്ങൾ ഉപയോഗിക്കുന്നില്ലാ എന്നുള്ള പ്രയാസത്തെ ഒഴിക്കാനായി പാഠപുസ്തകങ്ങളെത്തന്നെ നിറുത്തി പൊതു ചോദ്യങ്ങൾ ചോദിക്കുന്നതായാൽ ആ ചോദ്യങ്ങൾ കഠിനങ്ങളോ അനിശ്ചിതങ്ങളോ ആയുള്ളവയായിരിക്കും.

(ട) ഇപ്പോഴത്തെ നടപ്പാക്കുന്നതിൽ സ്കൂൾ മാനേജർമാൎക്ക ഒരു ആക്ഷേപം ഉണ്ടു. അതു അവരുടെ വിദ്യാർത്ഥികളുടെ യോഗ്യതയെപ്പററി തീരെ അറിവില്ലാത്ത ആളുകൾ അവരുടെ ക്ലാസു കയററത്തിനെപ്പററി തീർച്ച ചെയ്യേണ്ടി വരുന്നു എന്നുള്ള സംഗതിയാകുന്നു. മാനേജർമാൎക്ക അവരുടെ യുക്തംപോലെ വിദ്യാർത്ഥികൾക്ക ക്ലാസു കയററം കൊടുക്കാൻ ശക്യം ആകയില്ല.

വനം കൺസർവേറ്റർ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—ഏതു രാജ്യത്തിലും വളർത്തുകാടായി ഒഴിച്ചിടേണ്ടതായ വനഭൂമിയുടെ വിസ്താരം ആ രാജ്യത്തിലെ പ്രകൃതി സ്ഥിതിയെ ആശ്രയിച്ചിരിക്കണം. പരന്ന ഉൾനാടുകൾ [illegible] ഉള്ളവയും [illegible] ഉള്ളവയും ആയ രാജ്യങ്ങളെക്കാൾ പർവ്വതപ്രായങ്ങളും സമൃദ്ധിയായി മഴ ഉള്ളതും ആയ രാജ്യങ്ങളിൽ സാധാരണ കൃഷിക്കു ഉപയുക്തം അല്ലാത്തവയും തടിവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനു കൊള്ളാവുന്നവയും ആയ ഭൂമി അധികം ഉണ്ടായിരിക്കും. അതുകൊണ്ടു മഴ അധികം ആയി ഉള്ള തിരുവിതാംകോട്ടിനെയും വൃഷ്ടി കുറവായുള്ള മററു രാജ്യങ്ങളെയും താരതമ്യപ്പെടുത്തി പറയാവുന്നതല്ല. [illegible] അവസാനത്തിൽ വളർത്തുകാടായി ഒഴിച്ചിടപ്പെട്ടിരിക്കുന്നവയൊ ഒഴിച്ചിടണം എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നവയൊ ആയി വരുന്ന ചതുരശ്ര മൈൽ വിസ്താരം വനഭൂമി ഉള്ളതിൽ ഏകദേശം 800 ചതുരശ്ര മൈൽ ഭൂമി ഏലം ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ ആകുന്നു; ഈ ഭൂമിക്കകത്തുള്ള വിളവു [illegible] കൊണ്ടുപോകപ്പെടുന്നു. അതുകൊണ്ടു അതു ഈ രാജ്യത്തിലെ ജനങ്ങളുടെ ആവശ്യങ്ങളെ നിവഹിക്കുന്നതിനു ലഭ്യം അല്ലാതിരിക്കുന്നു. ഇതിനു പുറമെ [illegible] ചതുരശ്ര മൈൽ ഭൂമി കാപ്പി കൃഷിക്കും തേയില കൃഷിക്കും ആയി വില്ക്കപ്പെട്ടുപോയി; കുറഞ്ഞപക്ഷം 300 മൈൽ വിസ്താരം ഭൂമി നിഷ്പ്രയോജനം ആയിരിക്കുന്നു. അതിലെ തടികളെ വെട്ടി ഇറക്കി കൊണ്ടുവന്നു ഉപയോഗിക്കാൻ നിവൃത്തി ഇല്ല; ഏവഞ്ച, ജനങ്ങളുടെ ആവശ്യനിവഹണത്തിനു [illegible] ചതുരശ്ര മൈൽ വിസ്താരം സ്ഥലം മാത്രമെ ശേഷിക്കുന്നുള്ളു. ഇതു കൂടാതെ പർവ്വതത്തിൽ ഉള്ള കാടുകളെ മാത്രം തടികൾക്കായി ഒഴിച്ചിട്ടിരുന്നാൽ മതി എന്നും ഉൾനാട്ടിൽ ഉള്ള വനങ്ങളെ പിന്നീടു വേണ്ട വിധം ചെയ്തു കൊള്ളാം എന്നും [illegible] ഞാൻ ആദ്യം നിശ്ചയിച്ചിരുന്നു. [illegible] ജൂൺ [illegible] ആയിട്ടു ആകെ [illegible] ചതുരശ്ര മൈൽ വിസ്താരം വരുന്ന റിസർവ് ഭൂമികൾ ഉണ്ടാക്കണം എന്നു അഭിപ്രായപ്പെട്ടിരുന്നു. ഇനിയും കൂടുതലായി വളർത്തുകാടായി ഒഴിച്ചിടേണ്ടതു ആവശ്യമാണൊ എന്നു അറിയുന്നതിനായി ഞാൻ [illegible] ഏപ്രിൽ മാസത്തിൽ ഗവർമ്മെണ്ടിലേക്കു എഴുതി അയച്ചു. ഇതിനു മറുപടിയായി കഴിയുന്ന സ്ഥലം എല്ലാം റിസർവ് ആക്കണം എന്നു ഗവർമ്മെണ്ടു ആജ്ഞാപിച്ചു; അതിന്മേൽ മിക്കതും [illegible] വിസ്താരത്തിൽ ഉള്ളവയും ഉൾനാട്ടിൽ ഉള്ളവയും ആയ ആറു റിസർവ്കളും [illegible] റിസർവ്കളും കൂടുതലായി നിശ്ചയിച്ചു ഉണ്ടാക്കി.

കൺസർവേറ്റർ ആദ്യമായി ഉദ്ദേശിച്ച വിസ്താരത്തിൽ കൂടുതലായി വനം എന്നു വരികിലും വളർത്തുകാടായി ഒഴിച്ചിടുന്നതിനു വല്ല ഭൂമിയും ഉചിതം ആണെങ്കിൽ അതിനെ ഒഴിച്ചിടുകതന്നെ വേണം എന്നുള്ള കൺസർവേറ്ററുടെ അഭിപ്രായത്തിൽ എക്സൈസ് കമ്മിഷണരും അഭിപ്രായം ചോദിക്കപ്പെട്ട മററു ഉദ്യോഗസ്ഥന്മാരും യോജിച്ചു പറയുന്നു.

പുതിയ സ്ഥലങ്ങളെ വളർത്തുകാടാക്കണം എന്നു ശിപാർശ ചെയ്യുന്നതിനു മുമ്പിൽ വനം ഡിപ്പാർട്ടുമെണ്ട് അതതു ഡിവിഷനിൽ ഉള്ള റവന്യൂ ഉദ്യോഗസ്ഥന്മാരോടു അഭിപ്രായം ചോദിക്കണം എന്നുള്ളതിൽ എല്ലാവരേയും അഭിപ്രായം യോജിച്ചിരിക്കുന്നു. റിസർവ് ആക്കി കഴിഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ തടിവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനോടും

അധികം ആയി കൃഷിക്കു ഉപയുക്തങ്ങൾ ആണെന്നു കാണപ്പെട്ടാൽ അവയെ റിസൎവ്വുകളിൽനിന്നു ഒഴിച്ചു കൃഷിക്കായിട്ടു വിടേണ്ടതാകുന്നു എന്നും എന്നാൽ ഇങ്ങനെ കൃഷിക്കായി വിടുന്നതു റിസൎവ്വിനുള്ളിലെ അതിൎത്തിയെ മാറിയിട്ടു വിട്ടുകൊടുക്കണം എന്നും അല്ലാതെ ഒരു റിസൎവ്വിനു അകത്തുതന്നെ കൃഷിക്കു ചെറിയ ചെറിയ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനു അനുവദിക്കപ്പെടരുതു എന്നും ഉള്ള സംഗതിയിലും എല്ലാവരും ഏകാഭിപ്രായന്മാർ ആയിരിക്കുന്നു.

(b) വിളവു ഇല്ലാത്ത ഭൂമിയെ റിസൎവ്വ് ആക്കുകയും അവിടെ വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുകയും ചെയ്യേണ്ട സംഗതിയിൽ ഇതു സാദ്ധ്യം തന്നെ എന്നു എല്ലാവരും യോജിച്ചു അഭിപ്രായപ്പെടുന്നു. എന്നാൽ ഇതിലേക്കു അമിതം ആയ ചിലവു വേണ്ടിവരും എന്നുള്ളതു കൊണ്ടു തടിവൃക്ഷങ്ങൾ ഇപ്പോൾ വളരുന്ന എല്ലാ പ്രദേശങ്ങളേയും ഒഴിച്ചു വച്ചതിന്മേൽ മാത്രമെ ഈ അഭിപ്രായത്തെ അനുവൎത്തിക്കേണ്ടതുള്ളു എന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു.

(c) ചന്ദന വൃക്ഷങ്ങൾ ധാരാളം ഉള്ള സ്ഥലങ്ങളും മേച്ചിൽ വകക്കും വിറകിനും ഉള്ള റിസൎവ്വായി ആവശ്യപ്പെടുന്ന സ്ഥലങ്ങളും ഒഴികെ ഉൾനാട്ടിൽ സ്ഥിരം ആയി കൃഷി ചെയ്യുന്നതിനുള്ള ഭൂമികളെ റിസൎവ്വ് ആക്കരുതു എന്നുള്ള സംഗതിയിലും എല്ലാവരും ഏകാഭിപ്രായന്മാർ ആയിരിക്കുന്നു.

(d) തടിവൃക്ഷങ്ങൾ ഇല്ലാത്തവയും അവയെ വളൎത്താൻ കൊള്ളാത്തവയും ആയിട്ടും എന്നാൽ കൃഷിക്കു കൊള്ളാവുന്നവയായിട്ടും ഇപ്പോഴത്തെ റിസൎവ്വുകൾക്കകത്തിൽ ഉള്ള ചതുപ്പു നിലങ്ങളേയും മററു സ്ഥലങ്ങളേയും കൃഷിക്കായി വിട്ടുകൊടുക്കണമൊ എന്നുള്ളതാകുന്നു അടുത്ത സംഗതി.

തടിവൃക്ഷങ്ങൾ വളരുന്ന ഭൂമിയുടെ വിസ്താരം കുറയാതിരിക്കയും നെൽകൃഷിക്കുള്ള വിസ്താരം ധാരാളം വൎദ്ധിക്കുകയും ചെയ്യും എന്നുള്ളതിനാൽ മിസ്റ്റർ ശങ്കരപ്പിള്ള ഈ അഭിപ്രായത്തിനു അനുകൂലൻ ആകുന്നു. റിസൎവ്വനങ്ങൾക്കകത്തു അവിടവിടെ ആയി നെൽകൃഷിയൊ പറമ്പു കൃഷിയൊ ചെയ്യുന്നതു കുടികൾക്കും ഗവൎമ്മെണ്ടിനും ദോഷകരമായിരിക്കും എന്നുള്ളതുകൊണ്ടു ഈ ശിപാൎശയുടെ ഔചിത്യത്തെ പററി കണ്ടെഴുത്തു പേഷ്കാർ സന്ദേഹിക്കുന്നു. അങ്ങിനെയുള്ള ഭൂമികളെ കൃഷിക്കായി കൊടുക്കാം എന്നും എന്നാൽ ഉൾനാട്ടിൽ നടപ്പുള്ള സാധാരണ വ്യവസ്ഥകളിന്മേൽ കൊടുക്കാൻ പാടില്ലെന്നും കൺസെൎവെട്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഒരു റിസൎവ്വിനകത്തു ഭൂമി അനുഭവിച്ചുകൊണ്ടിരിക്കുന്ന കുടിയാന്മാർ വനത്തിനകത്തു തീ കത്താൻ ഇടയാക്കിയും അനുവാദം കൂടാതെ വൃക്ഷങ്ങൾ മുറിച്ചും യഥേഷ്ടം വേട്ടചെയ്തും വെടിവെച്ചും വളരെ ഉപദ്രവം വരുത്തുന്നതായി കൺസെൎവെട്ടർ പറയുന്നു. അനുവാദമൊ വല്ല വനംവക കുററവും ചെയ്കയൊ തീ കെടുത്തുന്ന കാൎയ്യത്തിൽ സഹായിക്കാൻ വീഴ്ച വരുത്തുകയൊ ചെയ്യുന്നതായാൽ വസ്തു അനുഭവഹാനി വരുത്തുന്നതാണെന്നുള്ള വ്യവസ്ഥയിന്മേൽ മാത്രമേ റിസൎവ്വിനകത്തുള്ള ഭൂമിയെ കൃഷിക്കായി കൊടുക്കാവു എന്നും അങ്ങിനെയുള്ള ഭൂമിയിന്മേൽ യാതൊരു ഉടമസ്ഥാവകാശവും കൊടുക്കരുതു എന്നും ഡിപ്പാൎട്ടുമെണ്ട് തങ്ങൾക്കു ബോധിച്ച കാലത്തിനകം നിശ്ചയിക്കുന്നതിനും വിട്ടുകൊടുക്കേണ്ട സ്ഥലങ്ങൾ ഏവ എന്നു അതാതു ബോധിച്ചപോലെ നിശ്ചയിക്കുന്നതിനും ആ ഡിപ്പാൎട്ടുമെണ്ടിനു അധികാരം കൊടുക്കണം എന്നും അങ്ങിനെ വിട്ടുകൊടുക്കുന്ന സ്ഥലം അധികം ആയിരിക്കരുതെന്നും അങ്ങിനെ അധികം ആയാൽ വനത്തിൽ കൃഷിക്കുള്ള ചെറിയ ചെറിയ സ്ഥലങ്ങൾ ഇടകലൎന്നുകിടക്കുന്നതു ഉപദ്രവകരം ആയിത്തീരും എന്നും കൺസെൎവെട്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായങ്ങളിൽ മററു ഉദ്യോഗസ്ഥന്മാരും യോജിക്കുന്നു; ഇവരിൽ, ചതുപ്പുസ്ഥലങ്ങളിൽ സമൃദ്ധിയായി വളരുന്ന തേക്കു വൃക്ഷം വച്ചുപിടിപ്പിക്കുന്നതിനു കൊള്ളാവുന്ന യാതൊരു സ്ഥലത്തേയും വിട്ടുകൊടുക്കരുതു എന്നു എക്സൈസ് കമ്മീഷണരും, ബ്ലാക്കുകൾ ഒരു ഏക്കറിൽ കുറയാത്ത വിസ്താരം ഉള്ളവയായി ഇരിക്കത്തക്ക വിധത്തിൽ നിയന്ത്രണം ചെയ്യണം എന്നു മിസ്റ്റർ വേണുഗോപാലയ്യരും, അങ്ങിനെയുള്ള ഭൂമികളെ മലയിൽ നിവസിക്കുന്ന ജനങ്ങൾക്കായി വിട്ടുകൊടുക്കണം എന്നു മിസ്റ്റർ സ്മിത്തും അഭിപ്രായപ്പെട്ടിരിക്കുന്നു.

(e) ഈററൽകൊണ്ടു മൂടപ്പെട്ടിരിക്കുന്ന റിസൎവ്വിനു അകത്തുള്ള സ്ഥലങ്ങളുടെ കാൎയ്യത്തെക്കുറിച്ചു മിസ്റ്റർ വേണുഗോപാലയ്യർ ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു:— ഏതാനും റിസൎവ്വുകൾക്കുള്ളിൽ വൃക്ഷങ്ങൾ ഒന്നും തന്നെ കാണാതെ ഈററൽ വളൎന്നിട്ടുള്ള വിശാല പ്രദേശങ്ങൾ ഇരിക്കുന്നു. അങ്ങിനെയുള്ള സ്ഥലങ്ങൾ ആദ്യം ഒരു കാലത്തു വൃക്ഷങ്ങൾ ധാരാളം വളൎന്നിട്ടുള്ള നിത്യശാദ്വല പ്രദേശങ്ങൾ ആയിരുന്നിരിക്കണം; എന്നാൽ വളരെക്കാലം മുമ്പു തന്നെ താല്ക്കാലികമായി കൃഷി ചെയ്യുന്നതിലേക്കായി അവിടങ്ങളിൽ ഉള്ള വൃക്ഷങ്ങളെ മുറിച്ചു മാററുകയും ആ കാലം മുതൽ ഇതുവരേക്കും പത്തു പന്ത്രണ്ടു കൊല്ലം കാലം കൂടുമ്പോൾ വീ

ണ്ടും വീണ്ടും കാട്ട തെളിക്കപ്പെടുകയും ചെയ്തു വന്നതുകൊണ്ട വനവൃക്ഷങ്ങൾ എല്ലാം മിക്കവാറും ഇല്ലാതെയായി; ഈറ മാത്രമേ ഇപ്പോൾ അവിടെ വളരുന്നുള്ളു. പ്രകൃത്യാ തന്നെ വനവൃക്ഷങ്ങൾ ഈ ഭൂമികളിൽ ധാരാളം ഉണ്ടാകുന്നതിലേക്ക അനേകം വർഷങ്ങൾ വേണ്ടിവരും; എന്തുകൊണ്ടെന്നാൽ പ്രകൃത്യാ തന്നെ വിത്തുകൾ കോരി ഇടേണ്ടതായ സ്ഥലങ്ങൾക്കടുത്ത വളരുന്ന വൃക്ഷം ഒന്നും തന്നെ ഇല്ല. അതുകൊണ്ട വനപ്രാന്തങ്ങളിൽ കാണപ്പെടുന്ന വൃക്ഷങ്ങളാൽ തന്നെ വിത്തുകൾ പ്രസരിപ്പിക്കപ്പെടേണ്ടതായിരിക്കുന്ന സ്ഥിതിക്ക വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കേണ്ടി തന്നെയിരിക്കുന്നു. ഈ ഭൂമികളിൽ കാട്ടനെല്ല വിതച്ചാൽ അമിതം ആയ വിളവു കിട്ടുന്നതുകൊണ്ട താൽക്കാലികം ആയി കാട്ടനെൽ കൃഷി ചെയ്യുന്നതിലേക്ക അവയെ ജനങ്ങൾ അത്യൌത്സുക്യത്തോടെ ആഗ്രഹിക്കുന്നു. ആ ഭൂമിയിൽ നിന്നു രണ്ടോ മൂന്നോ പൂ വിളവുകൾ എടുത്തുകൊള്ളുന്നതിനു സമ്മതിക്കുന്നതായാൽ അനേകം ജനങ്ങൾ ഭൂമിയെ സസന്തോഷം വെട്ടി തെളിയിക്കും. നെൽകൃഷിക്കായി വെട്ടി തെളിയിക്കപ്പെടുന്നതും വനം ഡിപ്പാർട്ടുമെണ്ടിലേക്ക തിരികെ കൊടുക്കപ്പെടുന്നതും ആയ ഭൂമിയിൽ തേക്ക വെച്ചു പിടിപ്പിക്കുന്നതിനു വനം ഡിപ്പാർട്ടുമെണ്ട ഇതിനു മുമ്പു തന്നെ ഏതാനും പരിശ്രമങ്ങൾ ചെയ്തിട്ടുണ്ട.

(*f*) വലിയ റിസർവുകൾക്കകത്തു ഉള്ള ഭൂമിയെ യാതൊരു വിധത്തിലും കാട്ടുവെട്ടി തെളിക്കുകയോ അവയിൽ കൃഷി ഇറക്കുകയോ ചെയ്യാൻ അനുവദിക്കുന്നതായാൽ തൽസ്ഥാനത്തുള്ളവനാട്ടിൽ കൃഷി ചെയ്യാവുന്ന പ്രദേശത്തെ വളർത്തുകാടാക്കി ഒഴിച്ചിടേണ്ട ആവശ്യകത വരും എന്നുള്ളതുകൊണ്ട തടിവൃക്ഷങ്ങൾ വളരുന്ന വിസ്താരത്തെ കുറക്കുന്ന സംഗതിയിൽ മിസ്റ്റർ ശങ്കരപ്പിള്ള മുമ്പു പറഞ്ഞ മെമ്മൊറാണ്ഡത്തിൽ ആക്ഷേപവാദം പറയുന്നു. റിസർവുകൾക്കകത്തു തേയില, കാപ്പി, റബ്ബർ ഇവ കൃഷി ചെയ്യുന്നതിലേക്കായി ഭൂമി കൊടുക്കുന്നതിനെ നിയന്ത്രണം ചെയ്യണം എന്നുള്ള അഭിപ്രായത്തിൽ കണ്ടെഴുത്തു പേഷ്കാരും യോജിക്കുന്നു. ഈ അഭിപ്രായത്തിൽ കൺസർവേട്ടർ യോജിക്കയും യാതൊരു വിധത്തിൽ ഉള്ള കൃഷിയേയും ഈ ഭൂമിക്കകത്തു പ്രോത്സാഹിപ്പിക്കുന്നതിനു ഗവർമ്മെണ്ട ഇച്ഛിക്കുന്നതായാൽ അതിലേക്ക ആവശ്യം ഉള്ള സ്ഥലം സിദ്ധിക്കുന്നതിലേക്കായി വളർത്തുകാടിന്റെ അതിർത്തിയെ മേലെപ്പെടുത്തി ഭൂമി ഉണ്ടാക്കുന്നതല്ലാതെ റിസർവുകൾക്കകത്തു തന്നെ ഛിന്നഭിന്നമായി കൃഷിസ്ഥലങ്ങൾ ഉണ്ടാക്കാൻ അനുവദിക്കരുതു എന്നു അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. ഏജൻസി കമിഷണരും അഭിപ്രായം ചോദിക്കപ്പെട്ട മററു ഉദ്യോഗസ്ഥന്മാരും ഇതേ അഭിപ്രായം പറയുന്നു.

(*g*) പ്രതിപാദിതം ആയ ഒടുവിലത്തെ വിഷയം വിറകിനായും കന്നുകാലികളുടെ തീററിക്കായും വനം ഒഴിച്ചിടണം എന്നുള്ളതു ആകുന്നു. കൃഷിക്ക ഉപയോഗപ്പെടുന്ന സ്ഥലങ്ങൾക്ക വലിയ ആവശ്യം ഉള്ളതുകൊണ്ട ഗ്രാമങ്ങൾക്ക അടുത്തു ലഭ്യമായ എല്ലാ സ്ഥലവും കുടികളുടെ പേരിൽ വിവേചനരഹിതമായി പതിച്ചുകൊടുക്കപ്പെട്ടിരിക്കുന്നു എന്നും ഗ്രാമങ്ങളിൽ നിന്നു അധികം അകലെ അല്ലാതെയായി മേച്ചിൽ സ്ഥലങ്ങളായും വിറക വകക്കുള്ള റിസർവുകളായും ഭൂമി തിരിച്ചു വെക്കേണ്ടതു ആവശ്യം ആണെന്നും മിസ്റ്റർ ശങ്കരപ്പിള്ള അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിൽ കണ്ടെഴുത്തു പേഷ്കാർ അധികം ബലമായി വാദിച്ചു എഴുതിയിരിക്കുന്നു. വനം കൺസർവേട്ടരും മുമ്പു പറഞ്ഞ മററു ഉദ്യോഗസ്ഥന്മാരും മിസ്റ്റർ ശങ്കരപ്പിള്ളയുടെ അഭിപ്രായത്തിൽ യോജിക്കുന്നു.

(iii) ദിവാൻ [illegible] മുതൽ [illegible] വരെ കൊല്ലത്തു സക്യൂട്ടായി താമസിച്ചപ്പോൾ ഈ ആഫീസർമാരും ആയി സമാലോചന നടത്തുകയും പര്യാലോചനക്ക എടുത്ത ഓരോ വിഷയഭാഗത്തിന്റേയും ഗുണദോഷങ്ങളെ പ്രതിപാദിക്കയും ചെയ്തു.

## അതിന്മേൽ ചെയ്ത ഉത്തരവ.

നമ്പർ S. R. [illegible] ജൂലൈ [illegible]

1. പ്രതിപാദിതങ്ങൾ ആയ സംഗതികളുടെ മുഖ്യതയെക്കുറിച്ചും അവയെ സംബന്ധിച്ചു വേണ്ട നടപടി ചെയ്യുന്നതിനുള്ള ആവശ്യകതയെക്കുറിച്ചും സമ്മന്ത്രിതന്മാർ ആയ ഉദ്യോഗസ്ഥന്മാർ ഏകാഭിപ്രായന്മാർ ആണെന്നു ഗവർമ്മെണ്ട നിരൂപിക്കുന്നു. തടിവൃക്ഷങ്ങൾക്കായുള്ള വനങ്ങളെ ഗവർമ്മെണ്ട വളർത്തുകാടായി ഒഴിച്ചു വെക്കയും സംരക്ഷിക്കയും ചെയ്യുന്നതു പ്രജകളുടെ ഉത്തമഗുണത്തിനായി തന്നെ എന്നു ഗവർമ്മെണ്ട പൂർണ്ണമായി സമ്മതിക്കുന്നുണ്ട. എന്നാൽ തടികളെ ലഭ്യങ്ങൾ ആക്കുകയും വർഷം മുതലായ കാലദേശാവസ്ഥകളെ രക്ഷിക്കയും ചെയ്യുന്നതിനോടും വേലമായി ഗവർമ്മെണ്ട ശ്രദ്ധിക്കേണ്ടവയായി മററു സംഗതികളും ഉണ്ട എന്നുള്ളതിനെ ഗവർമ്മെ

[illegible] വിസ്താരം [illegible] ... ഗതികളിൽ മുഖ്യമായതു വദ്ധമാനം ആയ ജനതക്കു [illegible] വിസ്തരിക്കാൻ പാടില്ല. [illegible] തന്നിമിത്തം കൃഷിയെ വ്യാപിപ്പിക്കുന്നതിലേക്കു ഭൂമി [illegible] ലഭ്യം അല്ല [illegible] കൃഷിപ്രധാനം ആയ രാജ്യം ആകയാൽ [illegible] ഉള്ള ആവശ്യം [illegible] ആകുന്നു [illegible] കൃഷിക്കുതകുന്ന സാധനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾക്കു തികയുന്നില്ല എന്നും അതു ഹേതുവായി വളരെ അധികം [illegible] ഇറക്കുമതി ചെയ്യേണ്ടി വരുന്നു എന്നും ഉള്ള [illegible] ആകുന്നു. ഭൂമി അത്യന്തം ലക്ഷണീയമായി [illegible] സ്വാതന്ത്ര്യം [illegible] ആകുന്നു. [illegible] ഉള്ളതാകുന്നു. ഈ വക [illegible] ഭൂമി വിട്ടു കൊടുക്കുന്നതു കൃഷീവലന്മാർ ആയ ജനങ്ങളുടെ ഗുണത്തിനു അത്യന്താവശ്യം ആകുന്നു. [illegible] വൃക്ഷങ്ങൾക്കായി ഇനിയും കൂടുതൽ ഭൂമികളെ ഒഴിച്ചിടുന്നതു ആവശ്യം ആണോ എന്നുള്ളതിനെ പറ്റി [illegible] കൺസർവേറ്റർക്ക് [illegible] വർഷത്തിൽ തന്നെയും [illegible] ജനിച്ച [illegible] ഉണ്ടാകുന്നതിൽ ഏതാനും നിയന്ത്രണം വേണം എന്നും കൃഷിക്കു കൂടുതൽ ഭൂമി ലഭ്യമാക്കണം എന്നും സമർത്ഥന്മാർ ആയ ഉദ്യോഗസ്ഥന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ [illegible] ആലോചിച്ചതിൽ മേലാൽ [illegible] വളർത്തുകാടായി ഒഴിച്ചിടുന്ന കാര്യത്തിൽ കൂടുതലായി നിയന്ത്രണവും പരിശോധനയും ആവശ്യപ്പെട്ടിരിക്കുന്നു [illegible] തടിവൃക്ഷങ്ങൾക്കായി വനം ഒഴിച്ചിടുന്ന വിഷയം എത്തിയിരിക്കുന്നു എന്നു ഗവൺമെന്റ് അഭിപ്രായപ്പെടുന്നു.

2. ഗവൺമെന്റ് റിസർവ് വനങ്ങളുടെ വിസ്താരത്തെ യാതൊരു [illegible] ആയ [illegible] നിയന്ത്രണം ചെയ്യണം എന്നു നിശ്ചയിക്കയോ മേലാൽ വളർത്തുകാടായി ഒഴിച്ചിടേണ്ടതു തീരെ ആവശ്യം ഇല്ലെന്നു വിധിക്കാൻ ആഗ്രഹിക്കയോ ചെയ്യുന്നില്ല, മേലാൽ ഭൂമികളെ തിരിഞ്ഞെടുക്കുന്നതിൽ സ്വീകരിക്കേണ്ട നീതിനിയമങ്ങളെയും നടപടിയെയും സംബന്ധിച്ചു ഏതാനും ചട്ടങ്ങൾ പ്രവൃത്തിപ്പെടുത്തുന്നതിനു മാത്രമെ ഗവൺമെന്റ് ആഗ്രഹിക്കുന്നുള്ളു. തടിവൃക്ഷങ്ങൾ വളരുന്നവയായ മുഖ്യ പ്രദേശങ്ങളെ എല്ലാം ഇപ്പോൾ വളർത്തുകാടാക്കീട്ടുള്ളതുകൊണ്ടും വളർത്തുകാടാക്കുന്നതിനു ഉൾനാട്ടിൽ ഉള്ള ഭൂമികളെ എടുത്തുവരുന്നതുകൊണ്ടും ഈ സംസ്ഥാനത്തിലെ വനങ്ങളെപ്പറ്റി ഉള്ള റിപ്പോർട്ടിൽ മിസ്റ്റർ [illegible] പ്രതിപാദിച്ചിട്ടുള്ള നീതിതത്വത്തിൽ സ്ഥിരമായി ദൃഷ്ടിവച്ചു നടക്കുന്നു [illegible] ആയിരിക്കും. ആ തത്വം എന്തെന്നാൽ, കാടുകൊണ്ടു മൂടപ്പെട്ടിരിക്കുന്നതോ വളർത്തുകാടാക്കാൻ കൊള്ളാവുന്നവയും കൃഷിക്കു കൊള്ളാത്തവയും ആയിരിക്കുന്നതോ ആയി ഉൾനാട്ടിൽ ഉള്ള ഭൂഭാഗങ്ങളെ മാത്രമെ വളർത്തുകാടായി ഒഴിച്ചിടുന്നതിലേക്കു തിരിഞ്ഞെടുക്കാവൂ, എന്നു തന്നെയല്ലാ ലഭ്യമായ വന വിസ്താരത്തിൽ ശേഷിച്ച സ്ഥലത്തെ ജനങ്ങൾക്കു വിറകും ചെറു തടികളും ലഭിക്കുന്നതിലേക്കായിട്ടും, ഉൾനാട്ടിൽ തടിവൃക്ഷങ്ങൾ വളർത്തുന്നതിനേക്കാൾ കൃഷി വ്യവസായം അധികം ഗുണകരവും ആദായകരവും ആയിരിക്കുന്നതുകൊണ്ടു വർദ്ധമാനം ആയ ജനതയുടെ ആവശ്യങ്ങളെ നിവഹിക്കുന്നതിലേക്കായി കൃഷിയെ പ്രചരിപ്പിക്കുന്നതിലേക്കായിട്ടും വിടേണ്ടതും ആകുന്നു. അതുകൊണ്ടു ഉൾനാട്ടിൽ ഉള്ള വല്ല ഭൂമിയെയും വളർത്തുകാടായി ഒഴിച്ചിടാം എന്നു മേലാൽ അഭിപ്രായപ്പെടുന്നതിനു മുമ്പു അങ്ങിനെ വളർത്തുകാടാക്കുന്നതിലേക്കുള്ള ആവശ്യകതയെ പൂർണ്ണമായി സ്ഥാപിക്കേണ്ടതാകുന്നു. ഇതിലേക്കായി വനം ഡിപ്പാർട്ടുമെന്റിലെ ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥൻ അതതു സ്ഥലത്തുള്ള റവന്യൂ ഉദ്യോഗസ്ഥന്മാരോടുകൂടി ആ സ്ഥലത്തു ചെന്നു പൂർണ്ണമായ വിചാരണ നടത്തണം. വിചാരണ നടത്തേണ്ട സംഗതികൾ ആവിതു:— (എ) പ്രസ്തുത ഭൂമി വളർത്തുകാടു ആക്കുന്നതിനോ കൃഷി ചെയ്യുന്നതിനോ കൊള്ളാവുന്നതാണോ അല്ലയോ എന്നും (ബി) ആ ഭൂമിക്കു അകത്തോ അതിന്റെ സമീപത്തോ കൃഷി ചെയ്യപ്പെട്ട ഭൂമികളും കുടികളുടെ അനുഭവത്തിൽ ഇരിക്കുന്ന ഭൂമികളും എത്ര ഉണ്ടു എന്നും (സി) അടുത്തുള്ള വില്ലേജുകളിൽ ഭൂമി അനുഭവക്കാർക്കു ഉള്ള അവകാശങ്ങളും [illegible] ഏതു വിധത്തിൽ ഉള്ളവ എന്നും എത്ര ഉണ്ടു എന്നും (ഡി) പ്രസ്തുത ഭൂമിയെ റിസർവ് ആക്കുന്നതുകൊണ്ടു അങ്ങിനെയുള്ള അവകാശങ്ങൾക്കും ബാദ്ധ്യതകൾക്കും എന്തെങ്കിലും ദോഷം തട്ടും എന്നും ആകുന്നു. ഈ വിധത്തിൽ പ്രസ്തുത ഭൂമിയെ വളർത്തുകാടു ആക്കിയാൽ ആ [illegible] അല്ലെങ്കിൽ കൃഷിചെയ്യുന്നതിനു വിട്ടാൽ ആകട്ടെ അതുകൊണ്ടു ഗവൺമെന്റിലേയും കുടികളുടേയും ഗുണങ്ങൾക്കു അനുകൂലമായിരിക്കുമോ എന്നു ശരിയായ തീരുമാനം വരുത്തുന്നതിനും ഇടയാകും. ഈ വിധം ഒരു പ്രാരംഭ വിചാരണ നടത്തി അതിന്റെ ഫലം [illegible] ഭൂമിയെ റിസർവ് ആക്കുന്നതു ആവശ്യം ആണെന്നു റവന്യൂ ഉദ്യോഗസ്ഥന്മാരും വനം ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരും യോജിച്ചു അഭിപ്രായപ്പെടുമ്പോൾ മാത്രമെ മേലാൽ യാതൊരു ഭൂമിയെയും വളർത്തുകാടായി ഒഴിച്ചിടണം എന്നു നിശ്ചയിക്കയോ അങ്ങനെ ഒഴിച്ചിടുന്നതായി പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളു. എന്നാൽ ഉത്തമ വൃ

ക്ഷങ്ങൾ സമൃദ്ധിയായി നിൽക്കുന്ന സ്ഥലങ്ങളെ തിരഞ്ഞു എടുക്കുന്നതിൽ ഈ നിയന്ത്രണങ്ങളെ ഖണ്ഡിതമായി അനുവർത്തിക്കണം എന്നില്ല. ആ സംഗതിയിൽ കൃഷിക്കു യോഗ്യമായി ഉൾനാട്ടിൽ ഉള്ള ഭൂമിയേയും ഒഴിച്ചിടപ്പെട്ട വനം ആക്കാവുന്നതാകുന്നു. ഇതിനു മുമ്പിലെ വളർത്തുകാടായി ഒഴിച്ചിടപ്പെട്ടിട്ടുള്ള ഭൂമി വൃക്ഷങ്ങൾ വളർത്തുന്നതിനേക്കാൾ കൃഷിക്കു അധികം യോഗ്യമാണെന്നു കാണപ്പെട്ടാൽ ആ ഭൂമിയെ റിസർവിൽ നിന്നു ഒഴിച്ചു കൃഷിക്കായി വിടേണ്ടതാണെന്നു സമ്മന്ത്രിതന്മാർ ആയ എല്ലാ ഉദ്യോഗസ്ഥന്മാരാലും സമ്മതം ആയ അഭിപ്രായത്തെ ഗവർമ്മെണ്ടു അനുമതിക്കുന്നു. ഇങ്ങനെ ചെയ്യുന്നതു റിസർവിന്റെ അതിർത്തികളെ ഭേദപ്പെടുത്തി വേണ്ടതും അതല്ലാതെ റിസർവിനു അകത്തു തന്നെ അവിടവിടെ ആയി കൃഷി ചെയ്യുന്നതിനു അനുവദിച്ചിട്ടു വിട്ടുകൊടുക്കുന്നതല്ലാത്തതും ആകുന്നു.

3. തടിവൃക്ഷങ്ങൾ വളരുന്ന വിസ്താരത്തിനു യാതൊരു കുറവും വരാത്ത വിധത്തിൽ കൃഷിയെ വ്യാപിക്കുന്നതിനായി, ഇപ്പോൾ തടിവൃക്ഷങ്ങൾ ഇല്ലാതെയും അവ വളരുന്നതിനു കൊള്ളാതെയും ഉള്ള റിസർവുകളിൽ ഉള്ള ചതുപ്പു പ്രദേശങ്ങളേയും മറ്റു സ്ഥലങ്ങളേയും നെല്ക്കൃഷിക്കായി വിടണം എന്നും ഏറ്റവും നല്ല തരത്തിലുള്ള തടിവൃക്ഷങ്ങൾ ധാരാളം പിന്നീടു വെച്ചുപിടിപ്പിക്കുന്നതിലേക്കായിട്ടു ഈറകൊണ്ടു നിറഞ്ഞിരിക്കുന്ന പ്രദേശങ്ങളെ നെല്ക്കൃഷിക്കായി വിടണം എന്നും ഉള്ള അഭിപ്രായങ്ങളേയും ഗവർമ്മെണ്ടു അംഗീകരിക്കുന്നു. എന്നാൽ കൃഷിക്കു ഭൂമിയെ തിരിഞ്ഞെടുക്കുന്ന കാര്യം വനം ഡിപ്പാർട്ടുമെന്റിനു ബോധിച്ചപോലെ ആകുന്നു. ഉൾനാട്ടിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള സാധാരണ വ്യവസ്ഥകളിന്മേൽ ഈ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതല്ല; എന്നു തന്നെയല്ല ഇങ്ങനെ ഭൂമികൾ കൊടുക്കുന്നതു നിയതകാലങ്ങൾക്കു മാത്രം ആയിട്ടിരിക്കുന്നതും അവ ലഭിക്കുന്നവർക്കു സ്ഥിരമായ യാതൊരു ഉടമസ്ഥാവകാശവും കിട്ടാത്തതും എന്നാൽ അതതു കാലത്തു ഏർപ്പെടുത്താവുന്ന വ്യവസ്ഥകൾക്കു അധീനമായിരിക്കുന്നതും ആകുന്നു. എന്നാൽ കഴിയുന്നിടത്തോളം വേഗത്തിൽ വനം ഡിപ്പാർട്ടുമെണ്ടു കൃഷിക്കായി വിടുന്നതിനുള്ള സ്ഥലങ്ങളെ തിരഞ്ഞു എടുത്തു ഈ ആജ്ഞകളെ നടപ്പിൽ വരുത്തേണ്ടതാകുന്നു.

4. സാധാരണ വിളവു ഉണ്ടാകാത്ത ഭൂമിയെ ഒഴിച്ചിടപ്പെട്ട വനം ആക്കുകയും ആ സ്ഥലത്തു വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കയും ചെയ്യുന്ന കാര്യത്തിൽ ഇങ്ങിനെ ചെയ്യണം എന്നുള്ള അഭിപ്രായം സാധ്യം തന്നെ എന്നു എല്ലാവരും ഒന്നുപോലെ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ മാർഗ്ഗത്തിൽ ഇതിനു മുമ്പു യാതൊരു പ്രവൃത്തിയും ചെയ്യപ്പെട്ടിട്ടില്ലാത്തതുകൊണ്ടും, ഈ പരിശ്രമം സാധിതപ്രായം ആകുന്നപക്ഷം കൃഷിക്കു ലഭ്യമായ ഭൂമിയിന്മേൽ അതിക്രമിക്കാതെതന്നെ വനവിസ്താരത്തെ വ്യാപിപ്പിക്കാവുന്നതുകൊണ്ടും, ഈ പരിശ്രമം പരീക്ഷക്കായി നടത്തിനോക്കേണ്ടതാണെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നു. പ്രസ്തുതമാർഗ്ഗം ഈ രാജ്യത്തു അവിദിതം ആയ ഒരു മാർഗ്ഗം ആണെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ ചേരികൾ ഭൂമികൾ അടപ്പിച്ചു കൃഷിചെയ്യുന്നതുനിമിത്തം വിളവുശക്തി ക്ഷയിച്ചവയും വൃക്ഷഹീനകളും ആയി തീരുമ്പോൾ കുടിയാന്മാർ ഏതാനും കൊല്ലങ്ങൾ അടപ്പിച്ചു അവയിൽ വിത്തുകൾ വിതച്ചു അവയെ വൃക്ഷങ്ങൾകൊണ്ടു നിറച്ചുവരുന്ന പതിവു ഉണ്ടു. ഇതിലേക്കു ചിലവു അധികം വേണ്ടിവരികയും ഇല്ല. വിത്തുകൾ ശേഖരിക്കയും തുടർച്ചയായി അനേകം കൊല്ലങ്ങൾക്കു പരക്കെ വിതക്കയും ചെയ്യുന്നതിനുള്ള സ്വല്പം ചിലവു മാത്രമേ വേണ്ടിവരികയുള്ളു. പിന്നെ, കുടിപാർപ്പുള്ള സ്ഥലങ്ങളിൽനിന്നു അകലെ ഉള്ള ഭൂമിയെ പരീക്ഷക്കായി തിരഞ്ഞെടുത്താൽ, കന്നുകാലിമേച്ചിൽകൊണ്ടു നഷ്ടപ്പെടും എന്നതിനെയും പേടിക്കേണ്ടതില്ല. എന്നാൽ വളർന്നുവരുന്ന തൈകളെ മനഃപൂർവമായി നശിപ്പിക്കാതെ തടുക്കുന്നതിലേക്കു ഏതാനും കൊല്ലത്തേക്കു ഒരു വിധം മേൽനോട്ടം ആവശ്യം ആയിരിക്കാം. ഈ പരിശോധന ആ ഭൂമി ഏതു സ്ഥലത്തു ഇരിക്കുന്നുവോ ആ സ്ഥലത്തിലെ വനം ഡിപ്പാർട്ടുമെണ്ടുകാരെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കാവുന്നതാകുന്നു. ഓരോ ആണ്ടിലും ഒരു ഏക്കർ സ്ഥലത്തു ഏതാനും എണ്ണം വിത്തുകൾ മാത്രമേ വേരുപിടിച്ചു മുളക്കുന്നു എന്നിരുന്നാലും കുറെ കാലത്തിനകം തൈകൾ എണ്ണത്തിൽ ധാരാളം ആകയും, അവ വളർന്നു വിത്തുകൾ ചൊരിയുമ്പോൾ അവയുടെ സംഖ്യ സ്വയം വർദ്ധിക്കയും ചെയ്യും. താത്കാലികകൃഷിക്കു മുമ്പു പറഞ്ഞതുപോലെ കൊടുക്കുന്ന ഈറകൾ വളർന്നിട്ടുള്ള പ്രദേശങ്ങൾക്കും ഈ നിശ്ചയങ്ങൾ സംബന്ധിക്കുന്നതാകുന്നു.

5. വലിയ റിസർവുകൾക്കകത്തുള്ള ഭൂമിയെ യാതൊരു വിധത്തിലും കാടുവെട്ടിത്തെളിച്ചു കൃഷിചെയ്യുന്നതിനു അനുവദിക്കുന്നതായാൽ ഈ വിധം രണ്ടാമതു വച്ചുപിടിപ്പിക്കുന്ന സ്ഥലങ്ങളുടെ സ്ഥാനത്തു വളർത്തുകാടാക്കുന്നതിലേക്കു ഉൾനാട്ടിൽ അധികം കൃഷിയോഗ്യമായ സ്ഥലങ്ങളെ എടുക്കേണ്ടിവരും എന്നുള്ളതുകൊണ്ടു അപ്രകാരം അനുവദിച്ചു തടിവൃക്ഷങ്ങൾ വളരുന്ന വിസ്താരത്തെ കുറയ്ക്കരുതു എന്നു സമ്മന്ത്രിതന്മാർ ആയ എല്ലാ ഉദ്യോഗസ്ഥന്മാരും ഐകകണ്ഠ്യേന അഭി

പ്രായപ്പെടുന്നു. ഈ തരത്തെ വനംവക കൺസർവേട്ടരുടെ പതിയിൽ ഉള്ള റിസെർവ് വനങ്ങളെ സംബന്ധിച്ചിടത്തോളം ഗവർമ്മെണ്ട് അംഗീകരിക്കുന്നു. എന്നാൽ സ്ഥാനികങ്ങളും ഉള്ളതും റവിന്യു ഡിപ്പാർട്ട്മെണ്ടിലെ അധികാരത്തിൻകീഴിൽ ഉള്ള വനങ്ങൾക്ക ഈ സിദ്ധാന്തത്തെ ഗവർമ്മെണ്ട വ്യാപിപ്പിക്കാൻ ഇടയില്ല.

6. ഗ്രാമങ്ങളിൽ നിന്നു അധികം അകലെ അല്ലാതെ, സൌകര്യം ഉള്ള സ്ഥലങ്ങളിൽ വിറകിനും കന്നുകാലിത്തീറ്റിക്കും ആയി ഭൂമികൾ ഒഴിച്ചുവെക്കേണ്ടതിന്നുള്ള ആവശ്യകതയുടെ സംഗതിയിൽ ആകട്ടെ, സമമന്ത്രിതന്മാരായ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായഭേദം ഇല്ല. ഈ ദീർഘസൂത്രത പാടില്ലാത്തതായുള്ള ഒരു അത്യന്താവശ്യം ആകുന്നു. പുറമ്പോക്കുകൾ ആയ ഭൂമികൾ മിക്കവാറും കുടികളുടെ പേരിൽ പതിക്കപ്പെട്ടിരിക്കയും, പൊതുവെ ജനസാമാന്യത്തിന്നായുള്ള ഈ കാര്യത്തിന്നു സ്ഥലം ഒട്ടും രക്ഷിച്ചിട്ടില്ലാതിരിക്കയും ചെയ്യുന്ന ചില താലൂക്കുകളിൽ, ഈ പൊതുജനാവശ്യകത ഇപ്പോഴെ ഗുരുവായ ശ്രദ്ധയെ പ്രാപിച്ചിരിക്കുന്നു. അതുകൊണ്ടു വിവേചനശൂന്യമായി ഭൂമികളെ കുടികളുടെ പേരിൽ പതിച്ചുകൊടുത്തു, മറ്റു താലൂക്കുകളിൽ ഗ്രാമങ്ങളിലൊ ഗ്രാമങ്ങൾക്ക സമീപത്തൊ പുറമ്പോക്കുകൾ ആയ ഭൂമികൾ മുഴുവനും കുടിവക സ്വത്തായിപ്പോകുംമുമ്പെ, അവയെ എങ്കിലും തിരിച്ചുവെക്കേണ്ടതിന്നുള്ള കാലം അതിക്രമിച്ചിരിക്കുന്നു. ഇപ്പോൾതന്നെ വിറകുവകക്കായി ചില റിസർവുകൾ ഉണ്ടു. എന്നാൽ ഇവയെ മുമ്പിൽകൂട്ടി അവകാശനിർണ്ണയം യാതൊരു വിധത്തിലും ചെയ്യാതെ തിരിഞ്ഞെടുക്കയും, ഇവയുടെ കാര്യത്തിൽ പരസ്യംചെയ്യുകയും, ഇവയെ സർവ്വേപ്പടങ്ങളിൽ നിന്നു ഗവർമ്മെണ്ടിലേക്ക ചേർന്നവയായി കാണുന്ന ഭൂമികളിൽ നിന്നു എടുക്കുകയും അത്രെ ചെയ്തിട്ടുള്ളു. വനം റെഗുലേഷൻ 5ാം അദ്ധ്യായം അനുസരിച്ചു, ഈ റിസർവുകളുടെ കാര്യത്തിൽ ഉള്ള അവകാശങ്ങളെ നിർണ്ണയിക്കുന്നതിനു വനം കൺസർവേറ്റർ ഉടൻ നടപടി ചെയ്യേണ്ടതാകുന്നു. എന്നാൽ ഈ റിസർവുകളിൽ അനേകങ്ങൾ ഗ്രാമങ്ങളിൽ നിന്നു വളരെ അകന്നിരിക്കുന്നു; അനേകം പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കും ഉപയോഗം ആയി റിസർവുകൾ ഒഴിച്ചുവെക്കപ്പെട്ടിട്ടില്ല. അതുകൊണ്ടു ഈ വിഷയത്തിൽ റവെന്യു ഡിപാർട്ടുമെണ്ടു ഉടൻതന്നെ ചെയ്യേണ്ടതു ഉപയോഗപ്പെടുത്താനുള്ള ജനസംഖ്യയുടേയും, തീറ്റിക്കാനുള്ള കന്നുകാലികളുടെ സംഖ്യയുടേയും സ്ഥിതി നോക്കി ഓരോ ഗ്രാമത്തിന്നൊ ഗ്രാമസമൂഹത്തിന്നൊ എന്തു വിസ്താരം സ്ഥലം വിറകു വകക്കായും കന്നുകാലികളുടെ മേച്ചിൽ വകക്കായും ആവശ്യം ഉണ്ടെന്നു നിശ്ചയിക്കയും ഇതിലേക്ക കൊള്ളാവുന്നതായ പേരിൽ പതിയാത്ത ഭൂമിയെ എല്ലാം തിരിഞ്ഞെടുക്കയും ആകുന്നു. ഈ പ്രദേശങ്ങളെ പിന്നീടു വനം റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു, സാധാരണ റിസർവുകളായി പരസ്യപ്പെടുത്തി നിശ്ചയിക്കയും, അവകാശങ്ങൾ തീർച്ച കഴിഞ്ഞതിനുമേൽ, അതിന്റെ കാര്യത്തിൽ ഗവർമ്മെണ്ട് നിശ്ചയിക്കാവുന്ന ചട്ടങ്ങൾ അനുസരിച്ചു വർത്തിക്കയും ചെയ്യേണ്ടതാകുന്നു.

ഈ സ്ഥലങ്ങളുടെ ഭരണം ആദ്യമായി വനംഡിപ്പാർട്ടുമെണ്ടിൽ ഇരിക്കാവുന്നതും ക്രമേണ റവെന്യു ഡിപ്പാർട്ടുമെണ്ടിനെ ഏല്പിക്കാവുന്നതും ആകുന്നു. എന്നാൽ സംസ്ഥാനത്തിൽ ഉള്ള എല്ലാ കന്നുകാലികൾക്കും മേച്ചിലിന്നു മതിയാകുന്ന സ്ഥലങ്ങൾ ഉണ്ടാക്കി കൊടുക്കാം എന്നു ഗവർമ്മെണ്ടിനു ഏല്ക്കാൻ കഴിവില്ല എന്നും, തൊഴുത്തിൽ കെട്ടി തീറ്റികൊടുക്കുന്നതിനോടുകൂടി തീറ്റിയെ പൂർണ്ണ ഫലവത്താക്കാൻ മാത്രമേ പരിശ്രമിക്കാൻ നിവൃത്തിയുള്ളു എന്നുംകൂടി ഈ സന്ദർഭത്തിൽ പ്രസ്താവിക്കുന്നതിനു ഗവർമ്മെണ്ട് ആഗ്രഹിക്കുന്നു. വലിയ പട്ടണങ്ങളിലൊ ഗ്രാമങ്ങളിലൊ അവയുടെ സമീപത്തൊ, പുറമ്പോക്കു പേരിൽ പതിയാത്ത തരിശുഭൂമിയും കാണുന്നതു എളുപ്പം അല്ലാതിരിക്കാം. കന്നുകാലികൾക്ക മേച്ചിൽസ്ഥലങ്ങൾക്കായി ഭൂമികൾ പൊന്നുംവില കൊടുത്തു ഒഴിപ്പിക്കുന്നതിന്നു അപരിഹാര്യം ആയി വേണ്ടിവരുന്ന വലിയ ചിലവുചെയ്യുന്നതു അഭിലഷണീയം അല്ലാത്തതുകൊണ്ടു അങ്ങനെയുള്ള സ്ഥലങ്ങളിൽ കന്നുകാലിമേച്ചിൽസ്ഥലങ്ങൾ സുകരം ആയി ഉണ്ടാക്കിക്കൊടുക്കുന്നതു സാദ്ധ്യം അല്ല എന്നു വരികിലും, പുറമ്പോക്കുകൾ ആയ ഭൂമികളെ ഇതിലേക്കായി ഒഴിച്ചുവെക്കയും, എത്രത്തോളം സ്ഥലം പൊന്നുംവില കൊടുത്തു വാങ്ങി തനിപ്പടെയൊ ഒഴിച്ചിടപ്പെട്ട ഭൂമിയോടു ചേർത്തൊ മേച്ചിൽസ്ഥലം ആക്കേണ്ടിവരും എന്നു നിർണ്ണയിക്കയും ചെയ്തതിനു മേൽ, ഈ വിഷയത്തെപ്പറ്റി മേലും പര്യാലോചിക്കുന്നതാകുന്നു.

എസ്. ഗോപാലാചാര്യർ,
ദിവാൻ.

TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 23, 1907. / Karkadagom 8, 1082.

## EXCISE DEPARTMENT.

നമ്പർ, ൮൨൦൧.

വടക്കൻ ഡിവിഷൻ അസിസ്റ്റൻറ്റു എക്സൈസ് കമ്മിഷണരാഫീസ്,

൧൦൮൨-ാമാണ്ടു മിഥുനമാസം ൧൮-ാം.

പരസ്യം.

നിറുത്തൽചെയ്ത ആലുവാ പുകയില പണ്ടകശാല വകയും ആലുവാ സർക്കിൾ ആഫീസ്സിൽ സൂക്ഷിച്ചിട്ടുള്ളതും ആയ താഴെ പറയുന്ന സാമാനങ്ങൾ വരുന്ന ആടി മാസം ൨൧-ാം-നു പകൽ ൨ മണിക്കു ആലുവാ സർക്കിൾ ആഫീസിൽവെച്ചു ഒരു വിലക്കു സർക്കിൾ ആപ്പീസ്സരാൽ ലേലത്തിൽ വിൽക്കപ്പെടുന്നതാകുന്നു. ലേലത്തിൽ വിളികൊള്ളുന്നതിനു ആഗ്രഹിക്കുന്നവർ അന്നേ ദിവസം സർക്കിൾ ആഫീസ്സിൽ ഹാജരായിക്കൊള്ളണം.

അസിസ്റ്റൻറ്റു എക്സൈസ് കമ്മിഷണർ,
സി. രാജരത്നനായ്ക്കർ.

സാമാന വിവരം.

| | | | |
|---|---|---|---|
| പണ്ടപ്പലക | ൩ | ചതിരകട്ടി | ൨ |
| താഴ് | ൪ | പഴയ തുടൽ | ൪ |
| ചാരുപലക | ൨ | കൊളുത്താഴ | ൧ |
| ഒരച്ചുപലക | ൧ | പണ്ടപ്പലക | ൧ |
| പഴയ ത്രാസ് | ൧ | കലശം | ൨ |
| ൫൦ റാത്തൽ കട്ടി | ൧ | | |

വടക്കൻഡിവിഷൻ അസിസ്റ്റൻറ്റു എക്സൈസു കമ്മിഷണരാഫീസിൽ നിന്നും

ചെയ്യുന്ന പരസ്യം

പാണാവള്ളി ഉപ്പുപണ്ടകശാല മാസപ്പടിയായിരുന്നു മരിച്ചുപോയ പാണാവള്ളി പ്രവൃത്തിയിൽ ചെലാട്ടുഭാഗം മുറിയിൽ പറയകാട്ടായ വെളിയിൽ ഇട്ടിയാരിച്ചൻ കുഞ്ഞൻ കെട്ടിവച്ചിട്ടുള്ള ജാമ്യമണിവക പണം കൊടുപ്പിക്കണമെന്നു ടിയാൻെറ അനന്തിരവൻ ടിയിൽ കുഞ്ഞൻ ഗോവിന്ദൻ ബോധിപ്പിച്ചു വൈക്കം താലൂക്ക മുഖാന്തരം അവകാശ വിചാരണ നടത്തിച്ചതിൽ ടി വക പണത്തിനു അപേക്ഷക്കാരൻ അവകാശിയാണെന്നു വെളിപ്പെട്ടിരിക്കുന്നപ്രകാരം താലൂക്കിൽനിന്നും എഴുതിവന്നിരിക്കുന്നതിനാൽ അപേക്ഷക്കാരനെക്കൂടാതെ വേറെ അവകാശികളോ തടസ്ഥക്കാരോ ഉണ്ടെങ്കിൽ ടി പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതിമുതൽ ൧൫ ദിവസത്തിനകം ടി ആപ്പീസ്സുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം അവധികഴിഞ്ഞു വരുന്ന അപേക്ഷകളെ സ്വീകരിക്കുന്നതല്ലാ എന്നു

൧൦൮൨ മിഥുനം ൨൭-ാം

അസിസ്റ്റൻറ്റു എക്സൈസു കമ്മിഷണർ,
സി. രാജരത്നനായ്ക്കർ.

# TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 23, 1907. / Karkadagom 8, 1082.

## POLICE DEPARTMENT.

Office of the Superintendent of Police,
Trivandrum,
19-7-07.

No. 1517.

ORDER.

Constable No. 576, Krishna Pillai of the Alwaye Station, Alengad Taluk, has been permitted to accept the reward of Rs. (2) two offered by the Superintendent of Police, Cochin, for arresting the accused with stolen property concerned in Crime No. 247 of 1082 of the Ernaculam Cusbah Station.

O. H. BENSLEY,
Superintendent of Police.

നമ്പർ ൧൫൧൭.

പൊലീസു സൂപ്രണ്ടാഫീസ്.
തിരുവനന്തപുരം ൧൯-൭-൦൭.

ഉത്തരവു

എറണാകുളം കസ്ബാ സ്റ്റേഷൻ ൧൦൮൨-ലെ ൨൪൭-ാം നമ്പർ കേസിൽ സംബന്ധിച്ച പ്രതിയെ കളവുവക മുതലോടുകൂടി പിടിച്ചതിനുള്ള ആലങ്ങാട്ട താലൂക്കിൽ ചെന്ന ആലുവാ സ്റ്റേഷനിൽ ജോലിനോക്കുന്ന ൫൭൬-ാം നമ്പർ കാൺസ്റ്റേബിൾ കൃഷ്ണപിള്ളക്ക കൊച്ചി പൊലീസു സൂപ്രണ്ടിനാൽ ഇനാമായി കൊടുക്കുന്ന ൨ രൂപായെ വാങ്ങിക്കൊള്ളുന്നതിന അനുവദിച്ചിരിക്കുന്നു.

ഒ. എച്ച്. ബെൻസിലി,
പൊലീസു സൂപ്രണ്ട്.
തിരുവിതാംകൂർ.

No. 158/C. D.

NOTICE.

Aiyappan Narayanan *alias* Nanoo Pillay proclaimed in Police Sheet published in the Gazette, dated 18th June 1907, has been arrested by Head Constable No. 35, S. Daniel of the Attungal Station, at Colombo.

Office of the Supt. of Police,
Trivandrum,
19–7–07.

O. H. BENSLEY,
Superintendent of Police.

൧൫൮ നമ്പ്ര.
സി. ഡി.

നോട്ടീസ്.

൧൦൮൨-ാം വൎഷം മിഥുനമാസം ൪-നുലെ ഗസെററിൽ പരസ്യം ചെയ്തിരിക്കുന്ന പൊലീസു ഷീററിൽ പെരുവിവരം പറയുന്ന നാണുപിള്ള എന്നു വിളിക്കുന്ന അയ്യപ്പൻ നാരായണനെ ആററുങ്ങൽ സ്റ്റേഷനിൽ ജോലിനോക്കുന്ന ൩൫-ാം നമ്പർ ഹെഡ് കാൺസ്റ്റേബിൾ എസ്. ഡാനിയൽ കൊളുമ്പിൽവച്ചു പിടിച്ചിരിക്കുന്നു.

പൊലീസു സൂപ്രണ്ടാഫീസു
തിരുവനന്തപുരം ൮൨–൧൨–൦൩

ഒ. എച്ച്. ബെൻസ്ലി,
പൊലീസു സൂപ്രണ്ടു.

# TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 23. 1907. / Karkadagom 8, 1082.


## SETTLEMENT DEPARTMENT.

൭-ാം പാട്ടി ഡിപ്പ്യൂട്ടി സെററിൽമെൻറ പെഷ്കാരാപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. വൈക്കം താലൂക്കിൽ ചെമ്പ് മുറികളും പകുതി വക തെളിവുശീട്ടുകൾ ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൨-ാം൲ മുതൽ ൨൫-ാം൲ വരെ ചെമ്പുവയിൽ കളപ്പുര വീട്ടിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അവകാശമുള്ളവർ അവരവർ തന്നെയൊ രേഖാമൂലം അധികാരം സിദ്ധിച്ചിട്ടുള്ള കാര്യസ്ഥന്മാർ മുഖേനയൊ ആ സ്ഥലത്തു ഹാജരായി മുറയ്ക്കു രസീതു കൊടുത്തു വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൨. തെളിവുശീട്ടിൽ പറയുന്ന സംഗതികളെപ്പററി എന്തെങ്കിലും ബോധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതു ഉണ്ടായിരുന്നാൽ * ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൩൧-ാം൲ മുതൽ ൨൦-ാം൲ക്കകം മേൽ പറഞ്ഞ സ്ഥലത്തു കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറാപ്പീസരുടെ അടുക്കൽ ഹാജരായി ഹർജി ബോധിപ്പിച്ചു തെളിവുകൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധികഴിഞ്ഞു വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ഒന്നാമതു വകുപ്പിൽ വിവരിച്ചിരിക്കുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത തെളിവുശീട്ടുകൾ ആ പകുതിയിലെ ഹർജി വിചാരണ അവസാനിക്കുന്നതു വരെ ആ സെററിൽമെൻറാപ്പീസരുടെ അടുക്കൽ ഇരിക്കുന്നതും പിന്നീടു ഹെഡ് ആപ്പീസിൽ വരുത്തി സൂക്ഷിക്കുന്നതും ആളുകളെ കണ്ടിയാനവന്മാർ ഹാജരായി വാങ്ങിക്കൊള്ളാമെന്നുള്ളതും ആകുന്നു. അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു എന്തെങ്കിലും ബോധിപ്പിച്ചു നിവൃത്തി തേടേണ്ടിവന്നാൽ അതിലേക്കു മുൻപറഞ്ഞ അവധിയിൽ കൂടുതൽ സാവകാശം അനുവദിക്കുന്നതല്ലാ എന്നു

*൧൦൮൨-ാമാണ്ടു മിഥുനമാസം ൨൧-ാം൲

ഡിപ്പ്യൂട്ടി സെററിൽമെൻറ പെഷ്കാർ,
എൻ. കൃഷ്ണയ്യങ്കാർ.

൭-ാം പാട്ടി ഡിപ്പ്യൂട്ടി സെററിൽമെൻറു പെഷ്കാരാഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. വൈക്കം താലൂക്കിൽ ചെമ്പ് പടിഞ്ഞാറെക്കര പകുതിവക തെളിവുശീട്ടുകൾ ൧൦൮൩-ാമാണ്ടു കർക്കടകമാസം ൨൨-ാം൲ മുതൽ ൩൧-ാം൲ വരെ പടിഞ്ഞാറെക്കര അമ്പലത്തിൽ മഠത്തിൽവച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അവകാശമുള്ളവർ അവരവർ തന്നെയൊ രേഖാമൂലം അധികാരം സിദ്ധിച്ചിട്ടുള്ള കാര്യസ്ഥന്മാർ മുഖേനയൊ ആ സ്ഥലത്തു ഹാജരായി മുറക്കു രസീതു കൊടുത്തു വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൨. തെളിവുശീട്ടിൽ പറയുന്ന സംഗതികളെപ്പററി എന്തെങ്കിലും ബോധിപ്പിച്ചു നിവൃത്തി വരുത്തേണ്ടതുണ്ടായിരുന്നാൽ ൧൦൮൩-ാമാണ്ടു കർക്കടകമാസം ൨൨-ാം൲ മുതൽ ൩൧-ാം൲ക്കകം മേൽപ്പറഞ്ഞ സ്ഥലത്തു കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ തെളിവുശീട്ടുസഹിതം ഹാജരായി ഹർജിബോധിപ്പിച്ചു തെളിവുകൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധികഴിഞ്ഞു വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ഒന്നാമത്തു വകുപ്പിൽ വിവരിച്ചിരിക്കുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകൾ ഹജിവിചാരണ അവസാനിക്കുന്നതുവരെ ആ സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ഇരിക്കുന്നതും പിന്നീടു ഒരു ആപ്പീസിൽ വരുത്തി വെപ്പിക്കുന്നതും അതുകളെ കിയാനവന്മാർ ഹാജരായി വാങ്ങിക്കൊള്ളാമെന്നുള്ളതും ആകുന്നു. അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന തെളിവുശീട്ടുകളെ സംബന്ധിച്ചു ഏതെങ്കിലും ബോധിപ്പിച്ചു നിവൃത്തി തേടേണ്ടിവന്നാൽ അതിലെക്കു സങ്കല്പത്തിൽ കൂടുതൽ സാവകാശം അനുവദിക്കുന്നതല്ലാ എന്നു

൧൦൮൨-മാണ്ടു മിഥുനമാസം ൨൫-നു

ഡിപ്പുട്ടി സെററിൽമെൻറു പെഷ്കാർ,

എൻ. കൃഷ്ണയ്യങ്കാർ,

൭-ാം പാട്ടി ഡിപ്പുട്ടി സെററിൽമെൻറു പെഷ്കാരാപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. വൈക്കം താലൂക്കിൽ ചെന്നു മറവന്തുരുത്തു പകുതിവക തെളിവുശീട്ടുകൾ ൧൦൮൨-മാണ്ടു കൎക്കടകമാസം ൧൫-നു മുതൽ ൨൫-നു വരെ തെക്കുംഭാഗത്തു കാട്ടാംപള്ളി മഠത്തിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അവകാശമുള്ളവർ അവരവർ തന്നെയൊ മുഖാന്തിരം അധികാരം സിദ്ധിച്ചിട്ടുള്ള കാൎയ്യസ്ഥന്മാർ മുഖേനയൊ ആ സ്ഥലത്തു ഹാജരായി മുറക്കു രസീതു കൊടുത്തു വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൨. തെളിവുശീട്ടിൽ പറയുന്ന സംഗതികളെപ്പററി വല്ലതും ബോധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതായിരുന്നാൽ ൧൦൮൨-മാണ്ടു കൎക്കടകമാസം ൨൫-നു മുതൽ ൨൫-നു കകം മേൽപ്പറഞ്ഞ സ്ഥലത്തു കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറാഫീസരുടെ അടുക്കൽ തെളിവുശീട്ടു സഹിതം ഹാജരായി ബോധിപ്പിച്ചു തെളിവു കൊടുത്തു തീൎച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧-ാമത്തു വകുപ്പിൽ വിവരിച്ചിരിക്കുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകൾ ഹജിവിചാരണ അവസാനിക്കുന്നതുവരെ ആ സെററിൽമെൻറു ആഫീസരുടെ അടുക്കൽ ഇരിക്കുന്നതും പിന്നീടു ഒരു ആഫീസിൽ വരുത്തി വെപ്പിക്കുന്നതും അതുകളെ കിയാനവന്മാർ ഹാജരായി വാങ്ങിക്കൊള്ളാവുന്നതും ആകുന്നു. അങ്ങനെ താമസിക്കുന്ന തെളിവുശീട്ടുകളെ സംബന്ധിച്ചു ഏതെങ്കിലും ബോധിപ്പിച്ചു നിവൃത്തി തേടേണ്ടിവന്നാൽ അതിലെക്കു മുൻ പറഞ്ഞ അവധിക്കുമെൽ സാവകാശം അനുവദിക്കുന്നതല്ലാ.

൧൦൮൨-മാണ്ടു മിഥുനമാസം ൨൫-നു

ഡിപ്പുട്ടി സെററിൽമെൻറു പെഷ്കാർ,

എൻ. കൃഷ്ണയ്യങ്കാർ.

൭-ാം പാട്ടി ഡിപ്പുട്ടി സെററിൽമെൻറു പെഷ്കാരാഫീസിൽ നിന്നും

പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧. വൈക്കം താലൂക്കിൽ ചെന്നു വൈക്കം പകുതിവക തെളിവുശീട്ടുകൾ ൧൦൮൨-മാണ്ടു ചിങ്ങമാസം ൨൫-നു മുതൽ ൩൦-നു വരെ പള്ളിപ്പുറംശെരി മുറിയിൽ കാട്ടാംപള്ളി മനയിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അവകാശമുള്ളവർ അവരവർ തന്നെയൊ മുഖാന്തിരം അധികാരം സിദ്ധിച്ചിട്ടുള്ള കാൎയ്യസ്ഥന്മാർ മുഖേനയൊ ആ സ്ഥലത്തു ഹാജരായി മുറക്കു രസീതു കൊടുത്തു വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൨. തെളിവുശീട്ടിൽ പറയുന്ന സംഗതികളെപ്പററി ബോധിപ്പിച്ചു നിവൃത്തി വരുത്തേണ്ടതായിരുന്നാൽ ൧൦൮൨-മാണ്ടു ആവണിമാസം ൩൦-നു മുതൽ ൧൦-നുകകം മെൽ പറഞ്ഞ സ്ഥലത്തു കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആഫീസരുടെ അടുക്കൽ തെളിവുശീട്ടുസഹിതം ഹാജരായി ഹജി ബോധിപ്പിച്ചു തെളിവു കൊടുത്തു തീൎച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധികഴിഞ്ഞുവരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧-ാമത്തു വകുപ്പിൽ വിവരിച്ചിരിക്കുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകൾ ഹജിവിചാരണ അവസാനിക്കുന്നതുവരെ ആ സെററിൽമെൻറു ആഫീസരുടെ അടുക്കൽ ഇരിക്കുന്നതും പിന്നീടു ഒരു ആഫീസിൽ വരുത്തി വെപ്പിക്കുന്നതും അതുകളെ കിയാനവന്മാർ ഹാജരായി വാങ്ങിക്കൊള്ളാവുന്നതും ആകുന്നു. അങ്ങനെ താമസിക്കുന്ന തെളിവുശീട്ടുകളെ സംബന്ധിച്ചു ഏതെങ്കിലും ബോധിപ്പിച്ചു നിവൃത്തി തേടേണ്ടിവന്നാൽ അതിലെക്കു മുൻ പറഞ്ഞ അവധിക്കുമെൽ സാവകാശം അനുവദിക്കുന്നതല്ലാ.

൧൦൮൨ മിഥുനം ൨൫-നു

ഡിപ്പുട്ടി സെററിൽമെൻറു പെഷ്കാർ,

എൻ. കൃഷ്ണയ്യങ്കാർ.

## Notification.

In accordance with para 5 of the Proceedings of Government, No. 8/262 dated 23rd September 1904/8th Kanni 1080 Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with Para 1, Part III of the Classification and Registration Rules, published in the Government Gazette of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in the Perumbavoor Pakuthi of the Kunnathunad Taluk between the 15th Chingom 1083 and the 5th Makarom 1083, to find out the persons who are entitled to be registered as holders of property in the said Pakuthi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should between the dates above specified present themselves before the said Registering Officers with all the oral and documentary evidence which should enable them to establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,
Trivandrum,
2nd July 1907.
18th Mithunom 1082.

S. PADMANABHA AIYAR,
Settlement Dewan Peishkar.

### സെറ്റിൽമെന്റു സെന്ട്രലാഫീസിൽ നിന്നു പരസ്യം ചെയ്യുന്നതെന്തെന്നാൽ

സെറ്റിൽമെന്റു സംബന്ധിച്ചു ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-ാം-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൮/൨൬൨-ാം നമ്പർ ഗവൎമ്മെന്റു പ്രൊസീഡിംഗ്സു ൫-ാം വകുപ്പിലെയും തുലാമാസം ൨-ാം-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷൻ രജിസ്ട്രേഷനും സംബന്ധിച്ചു റൂൾസു ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പൎയ്യം അനുസരിച്ചു കുന്നത്തുനാടു താലൂക്കിൽ പെരുമ്പാവൂർ പകുതിയിൽ ഉള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെല്ലാമെന്നുള്ളതിനെപ്പറ്റി രജിസ്റ്ററിംഗ് ആഫീസർ മുഖാന്തരം ആ പകുതിയിൽ വച്ചു ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൧൫-ാം-നു മുതൽ വിചാരണ തുടങ്ങി ൧൦൮൩-ാമാണ്ടു മകരമാസം ൫-ാം-നകം തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലേക്കു അപേക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു രേഖാമൂലമായും വാക്കുമൂലമായും ഉള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ മേലെഴുതിയ അവധിക്കകം തന്നെ ഹാജരായി തെരിയപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധികഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചു ആലോചിക്കുന്നതല്ലാത്തതും സർക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം രജിസ്റ്ററിംഗ് ആഫീസരിടെ തീർച്ച അവസാന തീർച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

സെറ്റിൽമെന്റു സെന്ട്രലാഫീസു
തിരുവനന്തപുരം
൧൯൦൭ ജൂലൈ ൨-ാംക്കു ൧൦൮൨ മിഥുനം ൧൮-ാം

സെറ്റിൽമെന്റു ദിവാൻപേഷ്കാർ
എസ്. പത്മനാഭയ്യർ.

## Notification.

In accordance with para 5 of the Proceedings of Government, No. S/262 dated 23rd September 1904,/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 1, Part III of the Classification and Registration Rules, published in the Government Gazette, of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in the Vendoor Pakuthi of the Kunnathunad Taluk, between the 15th Chingom 1083 and the 20th Makarom 1083, to find out the persons who are entitled to be registered as holders of property in the said Pakuthi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should between the dates above specified present themselves before the said Registering Officers with all the oral and documentary evidence which should enable them to establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,
Trivandrum,
2nd July, 1907.
18th Mithunom, 1082.

S. PADMANABHA AIYAR,
Settlement Dewan Peishkar.

സെറ്റിൽമെൻറു സെൻട്രലാഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സെറ്റിൽമെൻറു സംബന്ധിച്ചു ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-നു-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൨൬൨-ാം നമ്പർ ഗവർന്മെൻറു പ്രൊസീഡിംഗ്സ് ൫-ാം വകുപ്പിലെയും തുലാമാസം ൨-നു-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷൻ രജിസ്ട്രേഷനും സംബന്ധിച്ച ചട്ടം ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പര്യം അനുസരിച്ചു കുന്നത്തുനാട്ടു താലൂക്കിൽ വെണ്ടൂർ പകുതിയിൽ ഉള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെന്നുള്ളതിനെപ്പറ്റി രജിസ്റ്ററിംഗ് ആഫീസർ മുഖാന്തരം ആ പകുതിയിൽ വച്ചു ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൧൫-നു- മുതൽ വിചാരണ തുടങ്ങി ൧൦൮൩-ാമാണ്ടു മകരമാസം ൨൦-നു-കകം തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിനു രജിസ്റ്റർ ചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലേക്കു അപേക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു രേഖാമൂലമായും വാക്കുമൂലമായും ഉള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്മാരുടെ മുൻപറഞ്ഞ അവധിക്കകം തന്നെ ഹാജരായി തെരിയപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധികഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചു ആലോചിക്കുന്നതല്ലാത്തതും സർക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം രജിസ്റ്ററിംഗ് ആഫീസരുടെ തീർച്ച അവസാന തീർച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

സെറ്റിൽമെൻറു സെൻട്രലാഫീസു
തിരുവനന്തപുരം
൨-ാം ജൂലൈ ൧൯൦൭ ൧൦൮൨ മിഥുനം ൧൮

സെറ്റിൽമെൻറു ദിവാൻപേഷ്കാർ,
എസ്. പത്മനാഭയ്യർ.

## Notification.

In accordance with para 5 of the Proceedings of Government, No. S/262 dated 23rd September 1904/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with Para 1, Part III of the Classification and Registration Rules, published in the Government Gazette of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in the Chiranalloor Pakuthi of the Kunnathunad Taluk between the 15th Chingom 1083 and the 15th Dhanu 1083, to find out the persons who are entitled to be registered as holders of property in the said Pakuthi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should between the dates above specified present themselves before the said Registering Officers with all the oral and documentary evidence which should enable them to establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

| | |
|---|---|
| Settlement Central Office,<br>Trivandrum,<br>2nd July 1907.<br>18th Mithunom 1082. | S. PADMANABHA AIYAR,<br>Settlement Dewan Peishkar. |

സെററിൽമെൻറു സെൻട്രലാഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സെററിൽമെൻറു സംബന്ധിച്ച ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-നു-ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൨൬൨-ാം നമ്പർ ഗവർൺമെൻറു പ്രൊസീഡിംഗ്സ ൫-ാം വകുപ്പിലെയും തുലാമാസം ൨-നു-ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസ്സിഫിക്കെഷൻ രജിസ്ത്രെഷൻ സംബന്ധിച്ച ചട്ടം ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പര്യം അനുസരിച്ചു കുന്നത്തുനാട്ടു താലൂക്കിൽ ചേരാനല്ലൂർ പകുതിയിൽ ഉള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെന്നുള്ളതിനെപ്പററി രജിസ്റ്ററിംഗ് ആഫീസർ മുഖാന്തരം ആ പകുതിയിൽ വച്ചു ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൧൫-നു-മുതൽ വിചാരണതുടങ്ങി ൧൦൮൩-ാമാണ്ടു ധനുമാസം ൧൫-നു-കകം തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിനെ രജിസ്റ്റർ ചെയ്യിക്കുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലെക്കു അപെക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു രെഖാമൂലമായും വാക്കുമൂലമായും ഉള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ മെലെഴുതിയ അവധിക്കകംതന്നെ ഹാജരായി തെരിയപ്പെടുത്തുകയും ചെയ്യെണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചു ആലോചിക്കുന്നതല്ലാത്തതും സർക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം രജിസ്റ്ററിംഗ് ആഫീസരുടെ തീർച്ച അവസാന തീർച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

| | |
|---|---|
| സെററിൽമെൻറു സെൻട്രലാഫീസ്<br>തിരുവനന്തപുരം<br>൧൯൦൭ ജൂലൈ ൨-നു ൧൦൮൨ മിഥുനം ൧൮-നു | സെററിൽമെൻറു ദിവാൻപേഷ്കാർ,<br>എസ്. പത്മനാഭയ്യർ. |

## Notification.

In accordance with para 5 of the Proceedings of Government, No. S/262 dated 23rd September 1904/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 1, Part III of the Classification and Registration Rules, published in the Government Gazette of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in the Rayamangalom Pakuthi of the Kunnathunad Taluk between the 15th Chingom 1083, and the 20th Makarom 1083, to find out the persons who are entitled to be registered as holders of property in the said Pakuthi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should between the dates above specified present themselves before the said Registering Officers with all the oral and documentary evidence which should enable them to establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,<br>Trivandrum,<br>2nd July 1907.<br>18th Mithunom 1082

S. PADMANABHA AIYAR,<br>Settlement Dewan Peishkar.

സെറ്റിൽമെന്റ് സെന്റ്രലാപ്പീസിൽ നിന്നും<br>പരസ്യം ചെയ്യുന്നതെന്തെന്നാൽ

സെറ്റിൽമെന്റ് സംബന്ധിച്ച് ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-നു-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ൮/൨൬൨-ാം നമ്പർ ഗവർന്മെന്റു പ്രൊസീഡിംഗ്സ് ൫-ാം വകുപ്പിലെയും തുലാമാസം ൨-നു-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷനും രജിസ്ത്രേഷനും സംബന്ധിച്ച ചട്ടങ്ങൾ ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പര്യം അനുസരിച്ചു കുന്നത്തുനാട്ടു താലൂക്കിൽ രായമംഗലം പകുതിയിൽ ഉള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്തർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെല്ലാമെന്നുള്ളതിനെപ്പറ്റി രജിസ്ട്രറിംഗ് ആപ്പീസർമാർ ആ പകുതിയിൽവച്ചു ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൧൫-നു മുതൽ വിചാരണകൾ നടത്തി ൧൦൮൩-ാമാണ്ടു മകരമാസം ൨൦-നു-കകം തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിൽ രജിസ്തർ ചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലേക്കു അപേക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു രേഖാമൂലമായും വാക്കാമൂലമായും ഉള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ മേലെഴുതിയ അവധിക്കകത്തുതന്നെ ഹാജരായി തെളിയപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതല്ലാത്തതും. സർക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം രജിസ്ട്രറിംഗ് ആപ്പീസരുടെ തീർച്ച അവസാനത്തീർച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

സെറ്റിൽമെന്റ് സെന്റ്രലാപ്പീസ്<br>തിരുവനന്തപുരം<br>൧൯൦൭ ജൂലൈ ൨-നു ൧൦൮൨ മിഥുനം ൧൮-നു

സെറ്റിൽമെന്റ് ദിവാൻപേഷ്കാർ,<br>എസ്. പത്മനാഭയ്യർ.

## Notification.

In accordance with para 5 of the Proceedings of Government, No. 8/262 dated 23rd September 1904/8th Kanni 1080 Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with Para 1, Part III of the Classification and Registration Rules, published in the Government Gazette of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in the Vazhakulam Pakuthi of the Kunnathunad Taluk between the 15th Chingom 1083 and the 10th Vrichigom 1083, to find out the persons who are entitled to be registered as holders of property in the said Pakuthi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should between the dates above specified present themselves before the said Registering Officers with all the oral and documentary evidence which should enable them to establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,<br>Trivandrum,<br>2nd July 1907.<br>18th Mithunom 1082.

S. PADMANABHA AIYAR,<br>Settlement Dewan Peishkar.

## സെററിൽമെൻറു സെന്ട്രലാഫീസിൽ നിന്നു പരസ്യം ചെയ്യുന്നതെന്തെന്നാൽ

സെററിൽമെൻറു സംബന്ധിച്ച ൧൦൮൦ ാമാണ്ടു കന്നിമാസം ൧൨-ാം൹ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൮/൨൬൨ ാം നമ്പർ ഗവമ്മെൻറു പ്രൊസീഡിംഗ്സു ൫ ാം വകുപ്പിലെയും തുലാമാസം ൨-ാം൹ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷനും രജിസ്ത്രേഷനും സംബന്ധിച്ച റൂൾസു ൩ ാം ഭാഗം ൧ ാം വകുപ്പിലെയും താല്പര്യം അനുസരിച്ച കുന്നത്തുനാട്ടു താലൂക്കിൽ വാഴക്കുളം പകുതിയിൽ ഉള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെന്നുള്ളതിനെപ്പററി രജിസ്റ്ററിംഗ് ആഫീസർ മുഖാന്തരം ആ പകുതിയിൽ വച്ചു ൧൦൮൩ ാമാണ്ടു ചിങ്ങമാസം ൧൫-ാം൹ മുതൽ വിചാരണ തുടങ്ങി ൧൦൮൩ ാമാണ്ടു വൃശ്ചിക മാസം ൧൦-ാം൹ക്കകം തീക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിനെ രജിസ്റ്റർ ചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലെക്ക അപേക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു രെഖാമൂലമായും വാക്കമൂലമായും ഉള്ള തെളിവൊടുകൂടി ആ ഉദ്യോഗസ്ഥന്മാരുടെ മെലെഴുതിയ അവധിക്കകം തന്നെ ഹാജരായി തെരിയപ്പെടുത്തുകയും ചെയ്യെണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധികഴിഞ്ഞു ബൊധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ച ആലൊചിക്കുന്നതല്ലാത്തതും സക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തൊളം രജിസ്റ്ററിംഗ് ആഫീസരിടെ തീച്ച അവസാന തീച്ചയായിരിക്കമെന്നുള്ളതും ആകുന്നു.

സെററിൽമെൻറു സെന്ട്രലാഫീസു<br>തിരുവനന്തപുരം<br>൧൯൦൭ ജൂലൈ ൨-ാം൹ ൧൦൮൨ മിഥുനം ൧൮-ാം൹

സെററിൽമെൻറു ദിവാൻപെഷ്കാർ<br>എസ്. പത്മനാഭയ്യർ.

## Notification.

In accordance with para 5 of the Proceedings of Government, No. S/252 dated 23rd September 1904,/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 1, Part III of the Classification and Registration Rules, published in the Government Gazette, of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in the Vengola Pakuthi of the Kunnathunad Taluk, between the 15th Chingom 1083 and the 30th Makarom 1083, to find out the persons who are entitled to be registered as holders of property in the said Pakuthi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should between the dates above specified present themselves before the said Registering Officers with all the oral and documentary evidence which should enable them to establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,
Trivandrum,
2nd July, 1907.
18th Mithunom, 1082.

S. PADMANABHA AIYAR,
Settlement Dewan Peishkar.

സെറ്റിൽമെന്റു സെന്റ്രലാഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സെറ്റിൽമെന്റു സംബന്ധിച്ച ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-നു-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൮൲൨൫൨-ാം നമ്പർ ഗവൎമ്മെന്റു പ്രൊസീഡിംഗ്സ ൫-ാം വകുപ്പിലെയും തുലാമാസം ൨-നു-ലെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കെഷനും രജിസ്ത്രെഷനും സംബന്ധിച്ച ചട്ടം ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പൎയ്യം അനുസരിച്ച കുന്നത്തുനാട്ടു താലൂക്കിൽ വെങ്ങോല പകുതിയിൽ ഉള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്തർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെന്നുള്ളതിനെപ്പറ്റി രജിസ്തരിംഗ് ആഫീസർ മുഖാന്തരം ആ പകുതിയിൽ വച്ചു ൧൦൮൩-ാമാണ്ടു ചിങ്ങമാസം ൧൫-നു- മുതൽ വിചാരണ തുടങ്ങി ൧൦൮൩-ാമാണ്ടു മകരമാസം ൩൦-നു-കകം തീൎക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിനെ രജിസ്തർ ചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലെക്കു അപെക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു രെഖാമൂലമായും വാക്കാമൂലമായും ഉള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ മെലെഴുതിയ അവധിക്കകം തന്നെ ഹാജരായി തെരിയപ്പെടുത്തുകയും ചെയ്യെണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധികഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചു ആലൊചിക്കുന്നതല്ലാത്തതും സൎക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം രജിസ്തരിംഗ് ആഫീസരുടെ തീൎച്ച അവസാന തീൎച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

സെറ്റിൽമെന്റു സെന്റ്രലാഫീസു
തിരുവനന്തപുരം
൧൯൦൭ ജൂലൈ ൨-നു-ക്ക ൧൦൮൨ മിഥുനം ൧൮-നു-

സെറ്റിൽമെന്റു ദിവാൻപെഷ്കാർ,
എസ്. പത്മനാഭയ്യർ.

## Notification.

ആലപ്പുഴ ടൌണിൽ ഉള്ള തെരുവീഥികളും, റോഡുകളും, ഇടവഴികളും, തോടുകളും തുറന്ന സ്ഥലങ്ങളും മുതലായവയുടെ വശങ്ങളിൽ കെട്ടിടങ്ങളും പുത്തനായൊ പൊളിച്ചൊ ഉള്ള കെട്ടിടങ്ങളൊടു ചെർത്തു കൂടുതലായൊ ഭെദപ്പെടുത്തിയൊ കെട്ടുന്ന സന്ദർഭങ്ങളിൽ ടി. ഐ. സി. റെഗുലെഷനിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻവണ്ണം കെട്ടിടങ്ങൾ കെട്ടുന്ന ആളുകൾ കമ്മിററിയുടെ അനുവാദം മുമ്പിൽകൂട്ടി പലപ്പോഴും വാങ്ങാതെയിരിക്കുന്നതു നിമിത്തം കയ്യേററങ്ങളും നിരവധി കെട്ടിടങ്ങളും സാധാരണ ഉണ്ടാകുന്നതായി കണ്ടുവരുന്നതിനാൽ മെൽ വിവരിച്ച ഏതൊ സന്ദർഭങ്ങളിലും കെട്ടിടങ്ങൾ കെട്ടുന്നതിനു മുമ്പായി കമ്മിററിയുടെ അനുവാദം വാങ്ങിക്കൊള്ളെണ്ടതാണെന്നു ഇതിനാൽ ടൌണിൽ ഉള്ള എല്ലാ ജനങ്ങളെയും തെര്യപ്പെടുത്തിയിരിക്കുന്നു.

ടി. ഐ. സി. ആഫീസ്<br>ആലപ്പുഴ<br>൧൦൮൨ മിഥുനം ൨൮ന്നു.

പ്രസിഡണ്ട്,<br>കെ. എൻ. അയിപ്പ്.

ആലപ്പുഴ ടൌൺ ഇംപ്രൂവ്മെന്റു കമ്മിററിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ആലപ്പുഴ ടൌണിൽ ഉള്ള തെരുവീഥികളും റോഡുകളും മുതലായവയുടെ വശങ്ങളിൽ കെട്ടിടങ്ങളും കെട്ടുമ്പോളും കെട്ടിടങ്ങളൊടുചെർത്തു കയ്യാല, ഇറമ്പു, തിണ്ണ തട്ടി മുതലായവ സർക്കാർ സ്ഥലങ്ങളിലെക്കു കടത്തി കെട്ടുന്നതായി സാധാരണ കണ്ടുവരുന്നതിനാൽ ടൌണിൽ മെലാൽ പുതിയതായി കെട്ടിടങ്ങളും കെട്ടുമ്പോളും മെൽ വിവരിച്ച വകക്കു ആവശ്യപ്പെടുന്ന സ്ഥലങ്ങളും കൂടി കെട്ടിട ഉടമസ്ഥന്മാർ തങ്ങളുടെ വസ്തു അതൃത്തിക്കകത്തുതന്നെ മുൻകൂട്ടി കരുതിക്കൊള്ളെണ്ടതാണെന്നു ഇതിനാൽ ടൌണിൽ ഉള്ള എല്ലാ ജനങ്ങളെയും തെര്യപ്പെടുത്തിയിരിക്കുന്നു.

ടി. ഐ. സി. ആഫീസ്<br>ആലപ്പുഴ<br>൧൦൮൨ മിഥുനം ൨൮ന്നു

പ്രസിഡണ്ട്,<br>കെ. എൻ. അയിപ്പ്.

തിരുവനന്തപുരം ടൌൺ ഇംപ്രൂവ്മെൻറു കമ്മിററി ആഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തിരുവനന്തപുരം ടൌണിലുള്ള ചവറുകളെയും മററും മാററിക്കുന്ന വകയ്ക്കു സർക്കാരിൽ നിന്നും വാങ്ങിച്ചിട്ടുള്ള ൩൮ ജോഡി കാളകളുടെ തീററി ചിലവു വകക്കും മററും ൧൦൮൩-മാണ്ടു ഒന്നിക്കു ആവശ്യമുള്ള താഴെ പറയുന്ന സാമാനങ്ങളെ കരാറായി ഏല്പിക്കുന്നതിനു ആളെ ഏല്പെടുത്തുന്നതിനു വരുന്ന കർക്കടകമാസം ൧൯-നു പകൽ ൪ മണിക്കു ഈ ആഫീസിൽ വച്ചു ലേലം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ലേലത്തിൽ ചേരുന്നതിനു മനസ്സുള്ള ആളുകൾ ലേല സമയം ഈ ആഫീസു മുമ്പാകെ ഹാജരായി ലേലത്തിൽ ചേർന്നു കുറഞ്ഞ തുകക്കു പിടിക്കേണ്ടതാകുന്നു.

൧. ലേലത്തിൽ ചേരുന്ന ഓരോരുത്തരും പത്തു (൧൦) ബ്രിട്ടീഷ് രൂപാ ഡെമണി കെട്ടിവെക്കേണ്ടതും അപ്രകാരം കെട്ടിവെക്കാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ലേലം തീരുമ്പോൾ ലേലത്തിൽ വിളികെട്ടിട്ടുള്ള ആളുകളുടെ രൂപാ ഒഴിച്ചു ശേഷം രൂപാ ഉടനെ തന്നെ തിരിയെ അതാതു ആളുകൾക്കു കൊടുക്കപ്പെടുന്നതും ആകുന്നു.

൨. കുറഞ്ഞ തുകക്കു വിളികൊള്ളുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ലേലം സ്ഥിരപ്പെടുത്തുന്നതു മുതൽ മൂന്നു (൩) ദിവസത്തിനകം ലേലക്കാരൻ ലേലസമയം വെക്കുന്നതുൾപ്പെടെ നൂറു (൧൦൦) ബ്രിട്ടീഷ് രൂപാ ഡെമണി കെട്ടിവെക്കയും ലേലക്കാരന്റെ ചിലവിന്മേൽ മുദ്രപത്രത്തിൽ ഉടമ്പടി എഴുതി വെക്കയും ചെയ്യേണ്ടതും ആകുന്നു.

൩. മൂന്നാമതു വകുപ്പിലെ താല്പര്യപ്രകാരം ഡെമണി വെക്കാതെയോ ഉടമ്പടി എഴുതി വെക്കാതെയോ ഇരുന്നാൽ ലേല സമയം വെക്കപ്പെടുന്ന രൂപാ പ്രായശ്ചിത്തമായി മുതൽ കൂട്ടുകയും ആവർത്തിച്ചു ലേലം ചെയ്തു വേറെ ആളെ ഏല്പെടുത്തി നടത്തിക്കയും ചെയ്യുന്നതും അതിൽവച്ചു സർക്കാരിലേക്കു വല്ല നഷ്ടവും നേരിടുന്നതായാൽ ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം വരുന്നതായാൽ അതിലേക്കു ആദ്യലേലക്കാരനു അവകാശം പറയാകൂടാത്തതും ആകുന്നു.

൪. സാമാനങ്ങൾ പ്രത്യേകമായിട്ടോ ഒന്നായിട്ടോ ലേലം ചെയ്തു കൊടുക്കപ്പെടുന്നതാണ്.

൫. വൈക്കോൽ ഒഴിച്ചു ശേഷമുള്ള സാമാനങ്ങളെ അതാതു മാസാരംഭത്തിൽ ഒന്നാകെയും ഓരോ മാസത്തേക്കു ആവശ്യമുള്ള വൈക്കോലിനെ അതതു മാസം ൨ ഗഡുക്കളായും കരാറുകാരന്റെ സ്വന്തച്ചിലവിന്മേൽ സാനിട്ടേരി ആഫീസിൽ ഹാജരാക്കേണ്ടതാകുന്നു. അപ്രകാരം ഹാജരാക്കുന്ന വൈക്കോലിനെ കരാറുകാരന്റെ സ്വന്തച്ചിലവിന്മേൽ കുട്ടിക്കേണ്ടതാണ്.

൬. ഇതിൽ കൂടുതലായി വല്ല വിവരവും അറിവാൻ ആവശ്യപ്പെടുന്നവർ ഈ ആഫീസിൽ ഹാജരായി ചോദിച്ചാൽ പറഞ്ഞുതരുന്നതാണ്.

൭. കരാറു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും പ്രസിഡണ്ടിന്റെ യുക്തംപോലെ ആയിരിക്കും.

൧൦൮൨-മാണ്ടു മിഥുനമാസം ൩൧-

പ്രസിഡണ്ടു വി. നാഗമയ്യാ.

മാസം ഒന്നുക്കു ആവശ്യമുള്ള സാമാന വിവരം.

| | | |
|---|---|---|
| വൈക്കോൽ | തുലാം | ൨൪൦൦ |
| കിഴങ്ങൻ പരുത്തിക്കുരുവു ൧-ാം തരം | തുലാം | ൨൭൨ |
| പുളിയങ്കുരുവു | പറ | ൫ |
| കാണം | പറ | ൫ |
| തവിട്ടു (ഒന്നാം തരം ചുവന്നതു) | പറ | ൨൦൦ |
| കാളകൾക്കു മൂക്കിൽചരടു | ജോടി | ൩൮ |
| കാളകൾക്കു തലക്കയറിനും വണ്ടികളുടെ നുകം കെട്ടുന്നതിനും ഉപയോഗിക്കപ്പെടുന്ന കയർ (ചുരുൾ ഒന്നു ൧൫ മാർ നീളം) | ചുരുൾ | ൩൦ |
| ആവണക്കെണ്ണ | ഇടങ്ങഴി | ൫ |

## പട്ടണപരിഷ്കരണ കമ്മിട്ടി ആലപ്പുഴ.

൧൦൮൨ ഇടവം ൩൦-ാം ബുധനാഴ്ച കമ്മിട്ടി ആഫീസിൽ വെച്ചു കൂടിയ യോഗത്തിലെ നടപടികൾ.

ഹാജർ :—

മിസ്റ്റർ കെ. എൻ. ഐപ്പ്, ബി. എ. പ്രെസിഡണ്ടു.
മ. രാ. രാ. എം. അപ്പാവു പിള്ള.
മിസ്റ്റർ ഇ. ജെ. ചെറിയാൻകുഞ്ഞു.
മ. രാ. രാ. എസ്. കൃഷ്ണയ്യർ ബി. എ. ബി. എൽ.
മിസ്റ്റർ നൌറോജി പെസ്ടൊൺജി നരിൽവാലാ.
മ. രാ. രാ. എസ്. രാമസ്വാമി അയ്യർ എം. ബി, സി. എം.

യോഗം കാലത്തു ൮ മണിക്കു കൂടി.

൧. കഴിഞ്ഞ യോഗത്തിലെ മിനിട്ടുകൾ വായിച്ചു.

൨. താഴെ വിവരിക്കുന്ന ഗവർമ്മെണ്ടിൽ നിന്നും വന്ന ലട്ടറുകളെ വായിച്ചു റെക്കാർഡു ചെയ്തു.

(൧) സാനിട്ടറി ഇൻസ്പെക്ടർക്കു വണ്ടി വകക്കായി ഉള്ള ൧൦ രൂപാ അലവൻസിനെ മാസം തോറും കുതിര അലവൻസായി ൧൫ രൂപായാക്കി അനുവദിച്ചു വന്ന ൧൦൮൨ മെ൨-ം൯-യിലെ G. ൩൨൩൫ നമ്പർ.

(൨) ഈയിടെ ഉണ്ടായ അഗ്നിബാധയിൽ ദഹിച്ചുപോയ വീടുകളെ ഓടു ഇടുന്ന സംഗതിയിൽ ആലപ്പുഴ വക്കീൽ ഔസേപ്പു മുതൽപേർക്കു കൊടുത്ത എൻഡാർസ്മെണ്ടിന്റെ ഒരു പ്രതി അയച്ചു എഴുതി വന്ന ൧൦൮൨ മെ ൧൯-ലെ G. ൨൯൦൨ നമ്പർ.

(൩) കശാപ്പു വൃത്തിയാക്കുന്നതിനുള്ള ഫീസും ലൈസൻസ് ഫീസും ഈടാക്കുന്നതിനു ൧൦൭൮-ാമാണ്ടത്തെ ൧൦-ാം റെഗുലേഷൻ ൧൦-ാം വകുപ്പു അനുസരിച്ചു സ്ഥലം സാനിട്ടറി ഇൻസ്പെക്ടർ ജി. ഫിലിപ്പിനു ഒരു പ്രവൃത്തികാരന്റെ അധികാരം കൊടുത്തിരിക്കുന്നു എന്നു എഴുതി വന്ന ൧൦൮൨ മെ ൨൦-ലെ G. ൨൯൭൧ നമ്പർ.

൩. ആലപ്പുഴമാർക്കട്ടിനും അതിനോടടുക്കും സമീപത്തുള്ള തോട്ടിൻകര റോഡുകളിൽ ജനങ്ങൾ സ്ഥലാതിക്രമണം ചെയ്തിരിക്കുന്നതിനെപ്പററി ചീഫ് എഞ്ജിനീയർ അയച്ച ലട്ടറിന്റെ ഒരു പ്രതി അയച്ചും ഈ വിഷയത്തിൽ നടത്തേണ്ട നടപടിയെപ്പററി കമ്മിട്ടിയുടെ അഭിപ്രായം ചോദിച്ചും ഗവർമ്മെണ്ടിൽ നിന്നു എഴുതി വന്ന ൧൦൮൨ മാർച്ച് ൨൮-ലെ P. W. ൧൦൩൭ നമ്പർ ലട്ടർ വായിച്ചു.

ആലപ്പുഴ ടൌണിലെ റോഡുകളുടെയും തോടുകളുടെയും പബ്ലിക് ഇടവഴികളുടെയും വീതിയെയും തുറന്നു കിടക്കുന്ന സർക്കാർ സ്ഥലങ്ങളുടെ വിസ്തീർണ്ണത്തെയും അവയ്ക്കു സമീപത്തുള്ള കുടികളുടെ വസ്തുക്കളുടെ സർവ്വെ നമ്പരുകളും കാണിച്ചു ആലപ്പുഴ ടൌണിന്റെ ഒരു വലിയ പടം കമ്മിട്ടിക്കു അയക്കുന്നതായാൽ സ്ഥലാതിക്രമണങ്ങളെ ഇനിമേലാൽ നിറുത്തുന്നതിനു കമ്മിട്ടിക്കു എളുപ്പം ആയിരിക്കും എന്നു ഗവർമ്മെണ്ടിലേക്കു എഴുതി അയക്കണം എന്നു നിശ്ചയിച്ചു.

കമ്മിട്ടിയുടെ അനുവാദം കൂടാതെ പബ്ലിക് റോഡിനൊ ഇടവഴിക്കൊ തുറന്ന സർക്കാർ സ്ഥലങ്ങൾക്കൊ അടുത്തു പുത്തനു കെട്ടിടങ്ങൾ കെട്ടുകയൊ പഴയ കെട്ടിടങ്ങളെ വീണ്ടും നന്നാക്കി കെട്ടുകയൊ ചെയ്യരുതു എന്നു ഗസററിൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും നിശ്ചയിച്ചു.

ടൌണിലെ റോഡുകളിനു സമീപത്തു പുത്തൻ കെട്ടിടങ്ങൾ കെട്ടുന്നതായാൽ അതു സ്ഥലാതിർത്തിക്കു അകത്തുതന്നെ കെട്ടിപ്പടുക്കും ഇടയിനു സ്ഥലം ഇരിക്കത്തക്കവണ്ണം ആയിരിക്കണം എന്നു ജനങ്ങൾ അറിയുന്നതിനായി വേറൊരു പരസ്യം കൂടി ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു നിശ്ചയിച്ചു.

൪. ഇപ്പോൾ കുടികളുടെ അനുഭവത്തിൽ ഇരിക്കുന്ന കടൽപ്പുറത്തു പൊട്ടിച്ചില്ലറിനു വടക്കു വശത്തുള്ള പുറംപോക്കു സ്ഥലത്തെ മീൻ കച്ചവടക്കാരുടെ പാർപ്പിടത്തെ ടൌണിനകത്തു

നിന്നു മാറുന്നതായാൽ അതു ഉപയോഗപ്പെടുത്താം എന്നു അറിയിപ്പു കൊല്ലം ദിവാൻപേ-
ഷ്കാർ എഴുതിയ ൧൦൮൨ മെ ൧൧൨൦-ലെ R. [illegible] നമ്പർ ലട്ടരും അതിന്റെ ഉം അടക്കങ്ങ-
ളും വായിച്ചു.

വാടത്തോട്ടിനു വടക്കുവശം കടപ്പുറത്തുള്ള സ്ഥലത്തെപ്പററി കൊട്ടയം ദിവാൻപേഷ്കാ-
രുടെ അടുക്കൽനിന്നു എഴുതി വന്നതിന്മേൽ ഈ കാൎയ്യത്തിനെ ആലോചനക്കായി എടുക്കണം
എന്നു നിശ്ചയിച്ചു.

൫. [illegible] താഴെവിവരിക്കുന്ന ആളുകൾക്കു അവരുടെ കച്ചവടത്തിനാ-
യി പ്രസിഡണ്ടു ലൈസൻസു കൊടുത്തതിനുള്ള ലിസ്റ്റ് വായിച്ചു.

(൧) വി. നരസിംഹരാവ് നാടകം അഭിനയിക്കുന്നതിനായി രണ്ടു ലൈസൻസു.
(൨) കരുവിള ജോസഫ് കൊപ്രാ ചില്ലറ വ്യാപാരം
(൩) അബ്ദുല്ലാ ചരിതു } എണ്ണ ചില്ലറ കച്ചവടത്തിനു
(൪) മൈതീൻകുഞ്ഞു ചരിതു }

കൊടുത്തിട്ടുള്ള ലൈസൻസിനെ സ്ഥിരപ്പെടുത്തണം എന്നു നിശ്ചയിച്ചു.

൬. ഈ ടൌണിലെ ജനനമരണ കണക്കുകളെ പററി സാനിട്ടറി കമ്മിഷണരുടെ അഭി-
പ്രായവും സാനിട്ടറി ഇൻസ്പെക്ടരുടെ ൧൦൮൨ മെ ൧൧൨൧-ലെ മിഥുനം നംപർ റിപ്പോർട്ടു ഈ
സംഗതിയെ പററിയുള്ള മററു റെക്കാൎഡുകളും വായിച്ചു.

സാനിട്ടറി ഡിപ്പാർട്ടുമെണ്ടു സിബ്ബന്തികൾക്കു ജനനമരണ കണക്കുകൾ തയാറാക്കുന്ന-
തിനു പുറമെ വേണ്ടുവോളം മുഖ്യമായ ജോലികൾ ഉള്ളതിനാൽ ഈ കണക്കുകൾ ശരിയായും
തൃപ്തികരമായ വിധത്തിലും തയ്യാറാക്കുവാൻ സാധിക്കാതിരിക്കുന്ന സ്ഥിതിക്കു ജനങ്ങൾ ഈ
വകകൾ ശരിയായ സമയത്തു അറിവു കൊടുക്കേണ്ടതാണെന്നു ഒരു നിയമം ഇപ്പോൾ ഇല്ലാ-
തിരിക്കുന്ന സ്ഥിതിക്കു ഇപ്പോഴത്തെ ഏൎപ്പാട്ടിൻപ്രകാരം ഒരു പൂൎണ്ണമായും വാസ്തവമായും ഉ-
ള്ള കണക്കു തയ്യാറാക്കി വെക്കുന്നതു അസാദ്ധ്യം എന്നാണു കമ്മിട്ടി വിചാരിക്കുന്നതു. അതി-
നാൽ ഈ കണക്കുകൾ തയ്യാറാക്കുന്നതിനെ സാനിട്ടറി ഡിപ്പാർട്ടുമെണ്ടിൽ നിന്നു എടുത്തു ഇതി-
നായി പ്രത്യേകം ആളുകളെ നിയമിക്കേണ്ടതാണെന്നു കമ്മിട്ടി അഭിപ്രായപ്പെടുന്നു.

൭. വഴിച്ചേരി റോഡിൽ ഉള്ള സ്ഥലാതിക്രമണത്തെ പററി കാദിർകുഞ്ഞു മാലികർ മര-
ഷിന്റെ സമാധാനവും അതിനെ സംബന്ധിച്ച റെക്കാൎഡുകളും വായിച്ചു.

അയാളെ പ്രാസിക്യൂട്ടു ചെയ്യണം എന്നു നിശ്ചയിച്ചു.

൮. മൊയ്തീൻപള്ളി ശവസംസ്കാര സ്ഥലത്തിന്റെ അശുദ്ധിയായ സ്ഥിതിയെ പററി
സാനിട്ടറി ഇൻസ്പെക്ടരിന്റെ ൧൦൮൨ മിഥുനം ൧൧൨൧-ലെ [illegible] നംപർ റിപ്പോർട്ടു വായിച്ചു.

ആ ശവസംസ്കാര സ്ഥലത്തു അസഹ്യോപദ്രവം ഉണ്ടാകാതിരിപ്പാൻ വേണ്ട മതിലുക-
ളും പടികളും കെട്ടിവെപ്പാൻ പള്ളി അധികൃതന്മാരായ ആസ്സൻ അബ്ദുൽകാദിർ മുത്തവല്ലി-
ക്കും കാദിർകുഞ്ഞു മരക്കാരുവിനും നൊട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

യോഗം കാലത്തു ൧൦ മണിക്കു പിരിഞ്ഞു.

കെ. എൻ. പൈപ്പാ,
പ്രസിഡണ്ടു.

## പട്ടണ പരിഷ്കരണ കമ്മിററി കോട്ടയം

൧൦൮൨ മിഥുനം ൩൧൹ ബുധനാഴ്ച കൂടിയ സാധാരണ യോഗത്തിലെ നടപടി.

ഹാജർ:—

മ. രാ. രാ. കെ. പി. ശങ്കരമെനോൻ അവർകൾ ബി. എ., ബി. എൽ.
പ്രസിഡണ്ട.

മിസ്റ്റർ പി. എം. ജോജ് എൽ. എം. എസ്.
മ. രാ. രാ. ആർ. വെലുപ്പിള്ള അവർകൾ.

൧. താഴെ പറയുന്ന എഴുത്തുകൾ വായിച്ചു റിക്കാഡു ചെയ്തു.

(൧) സാനിട്ടെറി ഇൻസ്പെക്ടൎക്കു മാസം ഒന്നുക്കു ൫ രൂപാ അലവൻസും കമ്മിട്ടിക്ലാൎക്കിനു ൩ രൂപാ ശമ്പളക്കൂടുതലും അനുവദിച്ചു നവമ്പർ ൨൨൹ G ൬൬൭൬ നമ്പർ ഗവൎമ്മെണ്ടു ലെട്ടർ.

(൨) ചന്തക്കടവിലും പഴയ സെമനാരിക്കടവിലും കുളിക്കടവുകൾക്കു അററകുററം തീൎക്കുന്നതിനെപ്പററി ചീഫ് എഞ്ചിനീയൎക്കു എഴുതിയിരുന്ന ലെട്ടറിന്റെ പകൎപ്പു അയച്ചു ഡിസംബർ ൩൹ P. W. ൩൨൬൦ ാം നമ്പരിൽ വന്ന ഗവൎമ്മെണ്ടു ലെട്ടർ.

(൩) പട്ടണ പരിഷ്കരണകമ്മിട്ടിക്കു കീഴിൽ ഉള്ള പട്ടണങ്ങളിൽ കടകൾക്കു കടപ്പാട്ടം വസൂലാക്കുന്നതിനെപ്പററി പത്മനാഭപുരം ഡിവാൻപെഷ്കാൎക്കു എഴുതിയ ലെട്ടറിന്റെ പകൎപ്പു അയച്ചു ഡിസംബർ ൩൹ ൩൦൪൧ ാം നമ്പരിൽ വന്ന ഗവൎമ്മെണ്ടു ലട്ടർ

(൪) പബ്ലിക്കു മാൎക്കെട്ടുകൾ ആരംഭിച്ചു നടത്തുന്നതിനെപ്പററി ഗവൎമ്മെണ്ടു നടപ്പാക്കിയ ചട്ടങ്ങളുടെ പ്രതി അയച്ചു ഗവൎമ്മെണ്ടു ചീഫ് സെക്രിട്ടറി ഡിസംബർ ൨൪൹ G. ൭൨൭൪ ാം നമ്പരിൽ എഴുതിയ ഡാക്കട്ട.

(൫) ജീവനത്തിൽ നിന്നു പിരിഞ്ഞ കൺസർവെൻസി ഓവർസീയർ നാരായണപിള്ളക്കു അടുത്തുണ്ൺ സംഖ്യ കൊടുത്തുകൊള്ളുന്നതിനു കോട്ടയം ഖജനാക്കാഫീസൎക്കു ഉത്തരവയച്ചിട്ടുണ്ടെന്നു പ്രസ്താവിച്ചു സെൻട്രൽ അക്കൌണ്ടും ആഡിട്ടും ആഫീസു മെൽവിചാരം വഹിക്കുന്ന ഉദ്യോഗസ്ഥൻ നവംബർ ൨൭൹ T. A. ൪൬൭൨ ാം നമ്പരിൽ എഴുതിയ ലട്ടർ

(൬) സാംക്രമിക രോഗ റിപ്പൊട്ടും ജനനമരണ കണക്കും അയക്കുന്നതിലെക്കു അവക്കുള്ള ഫാറങ്ങളുടെ എതിർ പ്രതി ഓരോന്നു അയച്ചു സാനിട്ടറി കമ്മിഷണർ ഡിസംബർ ൬൹ ൭൫൫൦ ാം നമ്പരിൽ എഴുതിയ ലട്ടർ വായിച്ചു

(൭) തിരുനക്കര ക്ഷെത്രം പുരയിടത്തിനു ഒരു മതിൽ കെട്ടുന്ന വകക്കു ൧൦൮൨ ാമാണ്ടത്തെ ബഡ്ജററിൽ വക വച്ചിട്ടുള്ള തുകയെ കുറച്ചിരിക്കുന്നതായി വിവരിച്ചു കൊട്ടയം എക്സിക്യൂട്ടീവു എഞ്ജിനീർ ജൂൺ ൧൨൹ ൧൫൨൭ ാം നമ്പരിൽ അയച്ച ലട്ടർ

൨. ഊരുമ്പാറയിലുള്ള സൎക്കാർവക കുഷ്ഠരോഗശാലയിലെക്കു കുഷ്ഠരൊഗികളെ കൊണ്ടുപൊകുന്നതിനുള്ള ചിലവിനു ഫണ്ട് ലഭിക്കണം എന്നു പ്രസ്താവിച്ചു ൧൦൮൨-൧൦-൧൭൹ ൭൬൨ ാം നമ്പരിൽ കൊട്ടയം പൊലീസ് ഇൻസ്പെക്ടർ എഴുതിയ റിപ്പൊട്ടു വായിച്ചു.

ഇതിലെക്കു ഫണ്ട് അനുവദിക്കാൻ ഗവൎമ്മെണ്ടിനൊടപെക്ഷിക്കണം എന്നു നിശ്ചയിച്ചു.

൩. റിപ്പൊട്ടിൽ പറഞ്ഞിരിക്കുന്ന പുരയിടത്തെ നൊട്ടീസിനുപ്രകാരം അടച്ചുകെട്ടി വൃത്തിയാക്കീട്ടുണ്ടെന്നു പ്രസ്താവിച്ചു ൧൭൨ ാം നമ്പരിൽ സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പൊട്ടുവായിച്ചു റിക്കാഡുചെയ്തു

൪. റിപ്പൊട്ടിൽ പറഞ്ഞിട്ടുള്ള കുരിയൻ കൊരാ രണ്ടാമത്തെ നൊട്ടീസിൻപ്രകാരം തന്റെ വസ്തിപ്പുരയിടം വൃത്തിയാക്കുകയാകട്ടെ അടച്ചുകെട്ടുകയാകട്ടെ ചെയ്തിട്ടില്ലെന്നു പ്രസ്താവിച്ചു ൧൭൩ ാം നമ്പരിൽ സാനിട്ടെരി ഇൻസ്പെക്ടർ എഴുതിയ റിപ്പൊട്ടു വായിച്ചു

പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ പറയണം എന്നു കുരിയൻ കൊരക്കു നൊട്ടീസ് അയക്കാൻ നിശ്ചയിച്ചു.

൫. ലൈസൻസു കൂടാതെ തടിക്കച്ചവടവും ചിരട്ടക്കച്ചവടവും ചെയ്തതിലെക്കു പ്രാസിക്യൂട്ടുചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ കാണിക്കണം എന്നു ൧൫ പെൎക്കു അയച്ച നൊട്ടീസു വായിച്ചു.

൧൦ം ൧൫ പെരിൽ ൯ പെർ ലൈസൻസിനപെക്ഷിക്കയും ഫീസ് തരികയും ചെയ്തിട്ടുണ്ട.

ഫീസ് തന്നിട്ടുള്ള ൧ ൭൮ ഷാ ലൈസൻസു കൊടുക്കാനും കാരണം കാണിക്കുന്നതിൽ നോട്ടീസിൽ നിശ്ചയിച്ചിരുന്ന ദിവസത്തിൽ യോഗം ഇല്ലായിരുന്നതിനാൽ ശേഷംപേർക്കു പുതുതായി നോട്ടീസ് അയക്കാനും നിശ്ചയിച്ചു.

൭. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നവർക്കു പിരട്ടയും മട്ടൺ ഇറച്ചിയും കച്ചവടം ചെയ്യുന്നതിലേക്ക ലൈസൻസു കൊടുക്കാൻ ശിപാർശചെയ്തു ആക്ടിംഗ് സാനിട്ടെറി ഇൻസ്പെക്ടർ ൧൨൧, ൧൨൨ ഉം നമ്പരുകളിൽ എഴുതിയ റിപ്പോർട്ട് വായിച്ചു.

അപ്രകാരം ലൈസൻസു കൊടുക്കാൻ നിശ്ചയിച്ചു.

൮. തിരുനക്കരചന്തക്ക തെക്കുവശം ഉള്ള മൈതാനത്തിലും കോട്ടയം ആററിലും ഉള്ള സ്ഥലാതിക്രമങ്ങളെ നീക്കുന്നതിലേക്ക നടപടി ചെയ്യണം എന്നപേക്ഷിച്ചു ആക്ടിംഗ് സാനിട്ടെറി ഇൻസ്പെക്ടർ ൧൨൩, ൧൨൪ ഉം നമ്പരുകളിൽ എഴുതിയ റിപ്പോർട്ടുകളും വായിച്ചു.

ഭൂമി സംരക്ഷണ റെഗുലേഷൻ അനുസരിച്ചു വേണ്ട നടപടി ചെയ്യുന്നതിനു ഇതു സംബന്ധിച്ച പേപ്പർകളെ ദിവാൻപേഷ്കാർക്കു അയച്ചുകൊടുക്കാൻ നിശ്ചയിച്ചു.

൯. ൯ ദിവസത്തെ കാഷ്വൽ അവധിയോടു തുടന്നു ഒരു ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധിക്കപേക്ഷിച്ചു സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ അപേക്ഷ വായിച്ചു.

൰. സാനിട്ടെറി ഇൻസ്പെക്ടർ ഒരു മാസത്തെ പ്രിവിലെജ് അവധിക്കപേക്ഷിച്ചുവെച്ചു പഞ്ചിയും ൯൮ ൨൬ മുതൽ അവധി ഉപയോഗിച്ചുകൊള്ളുന്നതിലേക്ക അനുവാദത്തിന്നപേക്ഷിച്ചു ൧൨൫ ാം നമ്പരിൽ എഴുതിയ റിപ്പോർട്ടും വായിച്ചു.

ആവശ്യം ഉള്ള അനുവാദം കൊടുത്തും സ്വന്തജോലിയോടുകൂടി ഇൻസ്പെക്ടർ ജോലി കൂടി നോക്കുന്നതിനു കമ്മിട്ടിയിലെ മെമ്പരെ നിയമിച്ചും വൈസ് പ്രസിഡണ്ടു ചെയ്ത ഉത്തരവും വായിച്ചു.

അപേക്ഷിക്കപ്പെട്ട പ്രിവിലെജ് അവധികൊടുക്കാൻ ഗവമ്മെണ്ടിലേക്ക ശിപാർശ ചെയ്യാൻ നിശ്ചയിച്ചു

സാനിട്ടറി ഇൻസ്പെക്ടരുടെ ജോലി നോക്കുന്നതിലേക്ക കമ്മിട്ടി മെമ്പർക്ക ഇൻസ്പെക്ടരുടെ അലവൻസ ആയ ൭ രൂപാ കൊടുക്കുന്നതിനു ഗവമ്മെണ്ടു അനുവാദം വാങ്ങിക്കാൻ നിശ്ചയിച്ചു.

൧൧. കമ്മിട്ടിയുടെ അനുമതികൂടാതെ പുരക്ക വീണ്ടും ഓലകെട്ടിയതിലേക്ക റിപ്പോർട്ടിലെ ആളെ പ്രാസിക്യൂട്ടുചെയ്യാൻ അനുവാദത്തിന്നപേക്ഷിച്ചു ൧൨൭ ാം നമ്പരിൽ സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ കാണിക്കണം, എന്നു നോട്ടീസു അയക്കാൻ നിശ്ചയിച്ചു.

൧൨. ൧൦൮൨ മാണ്ടത്തെ ബഡ്ജററിൽ തന്റെ ആഫീസ് കെട്ടിടം വാടകവകക്ക ൩൦ രൂപാ അനുവദിച്ചിട്ടില്ലെന്നും അനുവദിക്കണം എന്നും പ്രസ്താവിച്ചു ൧൨൮ ാം നമ്പരിൽ ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു

കഴിഞ്ഞ കൊല്ലത്തെപ്പോലെ ടൌൺ ഫണ്ടിൽ നിന്നു ഈ ചിലവു അനുവദിക്കുന്നതിനു ഗവമ്മെണ്ടിനോടപേക്ഷിക്കാൻ നിശ്ചയിച്ചു.

൧൩. ലേലത്തിൽ വില്ക്കാൻ സാധിക്കാത്ത വിധം പഴകിയവയും കേടുപാടുള്ളവയും ആയ ൻ വിളക്കുകളെ കണക്കിൽ ചിലവെഴുതുന്നതിലേക്ക അനുവാദത്തിന്നപേക്ഷിച്ചു ൧൨൯ ാം നമ്പരിൽ സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

അപ്രകാരം അനുവാദം കൊടുക്കാൻ നിശ്ചയിച്ചു

൧൪. കളഞ്ഞുപോയ ൨ റിസർവായർ ൨ ബർണർ ൩ ചിമ്നി ഇവയുടെ വിലയെ വിളക്കുവെപ്പുകാരിൽ നിന്നു ഈടാക്കണം എന്നു പ്രസ്താവിച്ചു സാനിട്ടെറി ഇൻസ്പെക്ടർ ൧൩൦ ാം നമ്പരിൽ എഴുതിയ റിപ്പോർട്ട് വായിച്ചു.

അതതു വിളക്കുവെപ്പുകാരുടെ ശമ്പളത്തിൽ നിന്നു ഈടാക്കി ആ സംഖ്യ (൫ രൂപാ ൧൫ ചക്രം) വസൂലാക്കണം എന്നും പുതിയവ വാങ്ങിക്കണം എന്നും നിശ്ചയിച്ചു

൧൫. സ്റ്റേഷനറി സാമാനങ്ങളും കൊണ്ടുവരുന്നതിലേക്ക തിരുവനന്തപുരത്തേക്കു പോയി വന്നതിന്നു കൺസർവെൻസി ശിപായി കൃഷ്ണപിള്ള തനിക്കു ബത്ത കിട്ടണം എന്നു അപേക്ഷിച്ചു എഴുതിയ അപേക്ഷ വായിച്ചു.

തഞ്ചിലവു ഇനത്തിൽ നിന്നു ബത്ത കൊടുക്കുന്നതിലേക്ക വേണ്ട അനുവാദം വാങ്ങണം എന്നു നിശ്ചയിച്ചു.

൭൭. ആക്ടിംഗ് സാനിട്ടെറി ഇൻസ്പെക്ടർ അയച്ച താഴെ പറയുന്ന റിപ്പോർട്ടുകൾ വായിച്ചു.

(൧) നാകമ്പാടം മണപ്പുറത്തിൽ താൽകാലികം ആയി പന്തൽ കെട്ടുന്നതിലെക്ക റിപ്പോർട്ടിലെ ആളുകൾക്ക ലൈസൻസു കൊടുക്കാൻ അപെക്ഷിച്ചു എഴുതിയ ൨൦൭ാം നമ്പർ.

(൨) താൽകാലികം ആയി പന്തലുകൾ കെട്ടുന്നതിലെക്ക തിരുവട്ടാ മണപ്പുറം ലെലം ചെയ്തതിനെ സംബന്ധിച്ചുള്ള പെപ്പർകളെ ഉത്തരവിന്നായി അയച്ചു എഴുതിയ ൨൭൦ാം നമ്പർ.

ലെലം സ്ഥിരപ്പെടുത്തണം എന്നും കഴിഞ്ഞ ആണ്ടുകളിൽ എന്നപൊലെ ഉള്ള വ്യവസ്ഥകളിന്മെൽതന്നെ വാങ്ങിച്ചവൎക്ക ലൈസൻസു കൊടുക്കണം എന്നും നിശ്ചയിച്ചു.

൭൮. മത്സ്യമാംസ വച്ചുസൂക്ഷിക്കയും വില്ക്കയും ചെയ്യുന്നതിലെക്കുള്ള ലൈസൻസുകളെ റദ്ദ് ചെയ്യാതിരിക്കാൻ കാരണം കാണിച്ചു ഉലഹന്നാൻ കയ്യൻ, തൊമ്മൻ ഉതുപ്പു ചെറിയാൻ അബ്രഹാം ഇവർ അയച്ച ഹർജി വായിച്ചു.

ഉലഹന്നാൻ കയ്യൻ വെലക്കൊലിനെ നീക്കിയിരിക്കുന്നതായി കാണുന്നതിനാൽ മെൽ നടപടി വെണ്ടെന്നു നിശ്ചയിച്ചു.

ചെറിയാൻ അബ്രഹാമിന്റെ ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ള മുറിയുടെ അനുഭവസ്ഥനും തൊമ്മൻ ഉതുപ്പിന്റെ ഹർജിയിൽ പറഞ്ഞിരിക്കുന്ന കടയുടെ ഉടമസ്ഥനും പുതുതായി നൊട്ടീസു അയക്കാനും നിശ്ചയിച്ചു.

൭൯. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ആൾക്ക അയാളുടെ അധീനതയിൽ ഇരിക്കുന്ന പുരയിടത്തെ അടച്ചുകെട്ടി വൃത്തിയാക്കുന്നതിന്നു നൊട്ടീസ് അയക്കാൻ ശിപാൎശചെയ്തു ൨൮൭ാം നമ്പരിൽ ആക്ടിംഗ് സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

ഏഴു ദിവസത്തിനകം പുരയിടത്തെ അടച്ചുകെട്ടി വൃത്തിയാക്കണം എന്നു അയാൾക്ക നൊട്ടീസ് അയക്കാൻ നിശ്ചയിച്ചു.

൮൦. സൎക്കാർവക ശ്മശാനസ്ഥലത്തു കാടു തെളിക്കുന്നതിലെക്ക ൨ രൂപാ അനുവദിക്കാൻ അപെക്ഷിച്ചു ൨൮൯ാം നമ്പരിൽ ആക്ടിംഗ് സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

ഇതു അത്യാവശ്യം ആയ വെല അല്ല; അതുകൊണ്ടു ഒരു ചിലവു ഇപ്പോൾ ചെയ്യണം എന്നില്ലാ.

൮൧. റിപ്പോർട്ടിലെ ആൾക്ക അയാളുടെ കക്കൂസിനെ വൃത്തിയാക്കിയിടുന്നതിന്നു നൊട്ടീസ് അയക്കാൻ ശിപാൎശചെയ്തു ൨൯൦ാം നമ്പരിൽ ആക്ടിംഗ് സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

ഏഴു ദിവസത്തിനകം കക്കൂസ് വൃത്തിയാക്കണം എന്നു അയാൾക്ക നൊട്ടീസ് അയക്കാൻ നിശ്ചയിച്ചു.

൮൨. വെല്ലൂർ റൊഡിൽ ഒരു വിളക്ക വെക്കണം എന്നപെക്ഷിച്ചു മത്തായി ഔസെപ്പു മുതൽപെർ [illegible] എഴുതിയ ഹർജി വായിച്ചു.

റിക്കാൎഡു ചെയ്തു.

൮൩. തിരുനക്കര ക്ഷെത്രത്തിന്നു കിഴക്കുവശം ഉള്ള പുരയിടത്തെ പൊന്നുംവില കൊടുത്തു വാങ്ങുന്നതിനെപ്പററി [illegible] ൩൭൪ാം നമ്പരിൽ കൊട്ടയം തഹശീൽദാർ എഴുതിയ സാധനം വായിച്ചു.

ഇതു സംബന്ധിച്ച പെപ്പർകളെ ദിവാൻപെഷ്കാൎക്ക അയച്ചുകൊടുക്കണം എന്നു നിശ്ചയിച്ചു.

൮൪. ടൌണിലെ തൊടുകളെയും അവയുടെ സൂക്ഷിപ്പിനെയും കമ്മിട്ടിക്കായിട്ടു മാററികിട്ടണം എന്നും ഡിവിഷൻ മരാമത്തു ഓവർസീയരുടെയും കൊട്ടയം അമിനാദാരുടെയും സഹായത്തൊടുകൂടി അധികം കൂടുതൽ ചിലവുവരാതെതന്നെ കമ്മിട്ടി ഒരു വെലയെയും ഏററുകൊള്ളാം എന്നും ഗവൎമ്മെണ്ടിലെക്ക എഴുതിയയക്കാൻ നിശ്ചയിച്ചു.

കെ. പി. ശങ്കരമെനൊൻ,

പ്രസിഡണ്ടു

## പട്ടണപരിഷ്കരണ കമ്മിററി തിരുവനന്തപുരം.

൧൦൮൨ മെടം ൨൧-നു കൂടിയ വിശെഷാൽ യൊഗത്തിലെ നടപടികൾ.

ഹാജർ.

മ. രാ. രാ. വി. നാഗമയ്യാ അവർകൾ ബി. എ., എഫ്. ആർ. എച്ച്. എസ്. പ്രെസിഡണ്ടു.

,, കെ. നാരായണൻതമ്പി അവർകൾ.

ഡാക്ടർ ജൊസഫ്, എൽ. ആർ. സി. പി. ഇ., എൽ. ആർ. സി. എസ്. ഇ., എൽ എഫ് പി. എസ്. ജി.

൧. വഴുതക്കാട്ടു നന്താവനത്തിനു സമീപത്തു കളത്തൈരി എന്ന പുരയിടത്തിൽ ലൈസൻസു കൂടാതെ മീൻ വിററതിനു റിപ്പൊൎട്ടിൽ പറഞ്ഞിട്ടുള്ള ആളുകളെ പ്രൊസിക്യൂട്ടു ചെയ്വാൻ അനുവാദം അപെക്ഷിച്ചു ഹെൽത്താഫിസർ എഴുതിയ ൧൦൮൨ മീനം ൨൭-നു-ലെ ൬൩൦-ാം നമ്പർ റിപ്പൊൎട്ടു വായിച്ചു.

കമ്മിട്ടിയുടെ ലൈസൻസു കൂടാതെ പുരയിടത്തിൽ മീൻ വിററു കുറ്റസ്ഥമുണ്ടാകുന്നതിനു ൫൨-ാമത്തെ വകുപ്പു ൫-ാമത്തെ ചട്ടം അനുസരിച്ചു ഹെൽത്താഫീസരുടെ റിപ്പൊൎട്ടിൽ പറഞ്ഞിട്ടുള്ള ആളെ പ്രൊസിക്യൂട്ടു ചെയ്യണം എന്നു നിശ്ചയിച്ചു.

൨. തൈക്കാട്ടിൽ ചില ചെക്കാലന്മാരുടെ വീട്ടിനു ചെന്നു പുരയിടങ്ങൾക്കു തിട്ടിച്ചു. ലൈസൻസു ഫീസിനെപററി പരാതിപറഞ്ഞും, അവിടെ ഉള്ള ചിരട്ടകൾ എല്ലാം എണ്ണക്കച്ചവടത്തിനായി വാങ്ങിച്ചു തങ്ങളുടെ ചിരട്ടകൾ എന്നല്ലാതെ കച്ചവടത്തിനായി വാങ്ങിച്ച ചിരട്ട അല്ലെന്നു വാദിച്ചും എഴുതിയ അവരുടെ ൧൦൮൨ മെടം ൩൩-ലെ ഹൎജി വായിച്ചു.

ഈ സംഗതിയിൽ സ്ഥലം പട്ടണപരിഷ്കരണകമ്മിട്ടി റെഗുലെഷനിലെ ൫൨-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നപൊലെ ചിരട്ട വില്ക്കുന്നുള്ള ഡെപ്പൊവായി വിചാരിച്ചുകൂടാ എന്നു നിശ്ചയിച്ചു.

മുമ്പുതന്നെ തീൎപ്പിച്ചിട്ടുള്ള ഫീസിനെ റദ്ദ് ചെയ്യണം എന്നുള്ള അപെക്ഷയെപററി ഗണിപ്പാൻ മാൎഗ്ഗമില്ലെന്നു നിശ്ചയിച്ചു.

൩. കാണിമാറാമാൎക്കട്ടിനു സമീപത്തു ലൈസൻസു കൂടാതെ മീൻവിററതിനു ടൌൺ ൨-ാം ക്ലാസു മജിസ്ത്രെട്ടാൽ ശിക്ഷപ്പെട്ട ആളുകൾ ശിക്ഷ ലഘുവായിപൊയതിനാൽ വീണ്ടും അവിടെ കച്ചവടം ചെയ്തുവരുന്നു എന്നു കാണിമാറാമാൎക്കട്ടിൽ ഇപ്പൊഴത്തെ മീൻ കണ്ട്രാക്ടർ മാതവടിയാൻ അയച്ചിട്ടുള്ള ഹൎജി വായിച്ചു.

ഈ ഹൎജിയുടെ ഒരു പ്രതി ഈ വിഷയത്തിൽ ഗണിപ്പാനായി ടൌൺ ൨-ാം ക്ലാസു മജിസ്ത്രെട്ടിനു അയക്കണം എന്നു നിശ്ചയിച്ചു.

വി. നാഗമയ്യാ, പ്രെസിഡണ്ടു.

## പട്ടണപരിഷ്കരണ കമ്മിററി ആലപ്പുഴ.

൧൦൮൨ മെടം ൩൧-ക്കു ൧൯൦൭ ഏപ്രിൽ ൧൩-നു ബുധനാഴ്ച കമ്മിട്ടിയുടെ ആഫീസിൽ കൂടിയ യൊഗത്തിലെ നടപടികൾ.

ഹാജർ.

മിസ്റ്റർ കെ. എൻ. ഐപ്പു ബി. എ. പ്രെസിഡണ്ടു.

മ. രാ. രാ. എം. അപ്പാവുപിള്ള.

മിസ്റ്റർ. നാറൊഞ്ജി പെസ്തൊൺജി നരീൽ വാലാ.

മ. രാ. രാ. കെ. മാധവൻപിള്ള എൽ. എം. എസ്.

യൊഗം കാലത്തു ൧൧ മണിക്കു കൂടി.

൧. കഴിഞ്ഞയൊഗത്തിലെ മിനിട്ടുകൾ വായിച്ചു.

൨. കമ്മിട്ടിവകക്കുള്ള റെഗുലെഷനും ചട്ടങ്ങളും അനുസരിച്ചു സ്ലാട്ടർഹൌസിലും മാൎക്കെറ്റിലും എല്ലാമുള്ള കുടിശികയെ പിരിക്കുന്നതിലെക്ക പ്രാപ്ത്യകാരന്റെ അധികാരത്തൊടുകൂടി കമ്മിട്ടിക്ക കീഴിൽ ഉള്ള ഒരു ജീവനക്കാരനെ നിയോഗിക്കുന്നതിനുള്ള ആവശ്യകതയെപ്പറ്റി കമ്മിട്ടി പൎയ്യാലൊചിച്ചു.

മുമ്പു പറഞ്ഞ അധികാരത്തൊടുകൂടി സ്ഥലത്തെ സാനിട്ടരി ഇൻസ്പെക്ടർ ജി. ഫിലിപ്പിനെ നിയോഗിക്കുന്നതിലെക്ക ഗവൎമ്മെണ്ടിനു എഴുതാൻ നിശ്ചയിച്ചു.

൩. ഈ ടൌണിൽ അടുത്തു മുമ്പുണ്ടായ അനിബാധ ഹെതുവായി സിദ്ധിച്ചു കമ്മിട്ടിയുടെ അനുഭവം നിമിത്തം, തീയണ്ക്കുന്നതിന ഒന്നിനെ കമ്മിട്ടിവക കൂലിക്കാർ പ്രവൃത്തിപ്പിക്കുന്നതു അത്യാപല്ക്കരം ആയിരിക്കുന്നു എന്നുകാണുകയാൽ, അധികം നന്നായി അതിനെ നടത്തിക്കുന്നതിലെക്കായി, ഈ ജൊലി കഴിയുമെങ്കിൽ ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള മലയാംപട്ടാള ഭടന്മാരെയൊ, പൊലീസുകാരെയൊ ഏല്പിക്കുന്നതിലെക്ക ഗവൎമ്മെണ്ടിനു എഴുതി അയക്കണം എന്നു പ്രസിഡണ്ടിനൊടു അപെക്ഷിക്കാൻ നിശ്ചയിച്ചു.

൪. ൧൦൮൨ ജനുവരി ൧൮-ാംനു- വിഷൂചിക സംക്രമവിഷമായി പ്രവൎത്തിക്കുന്ന പ്രതിവിധികൾ അടങ്ങിയവയും കല്പിച്ചുവെച്ചിട്ടുള്ളവയും ആയ ചട്ടങ്ങൾ വായിച്ചു.

ഈ വിഷയത്തിൽ പ്രസിഡെണ്ട ഗവൎമ്മെണ്ടിലെക്ക എഴുതണം എന്നും, ചട്ടങ്ങളിൽ താഴെപറയുന്ന സംഗതികളെ വ്യക്തം ആക്കണം എന്നും നിശ്ചയിച്ചു.

ചട്ടങ്ങൾ ൨-ാം ഖണ്ഡവും ൫-ാം ഖണ്ഡവും അനുസരിച്ചു നിയമിക്കുന്നതിനു പ്രസിഡെണ്ടിനെ അധികാരപ്പെടുത്തീട്ടുള്ള പരിശൊധന സിബ്ബന്തികൾക്കും പ്രിവെണ്ടിവ സിബ്ബന്തികൾക്കും ശമ്പളം കൊടുക്കുന്നതിലെക്കും, ചട്ടങ്ങൾ ൩, ൨, ഈ ഖണ്ഡങ്ങളിൽ അടങ്ങിയിരിക്കുന്ന ആജ്ഞകളെ നടത്തിക്കുന്നതിനു വെണ്ടചിലവുകൾ നിവൎഹിക്കുന്നതിലെക്കും വിശെഷാൽ ഫണ്ട ഗവൎമ്മെണ്ട അനുവദിക്കുമൊ എന്നു നിൎണ്ണയിക്കണം.

൩-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വിഷപരിഹാരൌഷധങ്ങൾക്ക ഇണ്ടെണ്ട അയക്കയും, തിരുവനന്തപുരം ജെനറാൽ മെഡിക്കൽ സ്റ്റോർസിൽ നിന്നു അവ അയക്കുന്നതിലെക്ക ഗവൎമ്മെണ്ടിനൊടു അപെക്ഷിക്കയും ചെയ്യണം എന്നും നിശ്ചയിച്ചു.

൫. വിഷൂചിക വൎദ്ധിച്ചിരിക്കുന്ന കൊച്ചിയിൽ നിന്നു ഇവിടെയും കടന്നുകൂടുന്ന സംഗതിയെപ്പറ്റി പ്രസ്താവിച്ചും, ൪-ാം നിശ്ചയത്തിൽ പറഞ്ഞ ചട്ടങ്ങൾ അനുസരിച്ചു പരിശൊധന സിബ്ബന്തികളും പ്രിവെണ്ടിവ സിബ്ബന്തികളും നിയമിക്കണം എന്നു അഭിപ്രായപ്പെട്ടും സാനിട്ടരി ഇൻസ്പെക്ടർ എഴുതിയ റിപ്പൊൎട്ടുകൾ വായിച്ചു.

ഇങ്ങനെയുള്ള ജൊലികൾക്ക താല്കാലികം ആയി നിയമിക്കപ്പെടുന്ന ആളുകളാൽ, ഈ തരത്തിലുള്ള സമയങ്ങളിൽ ഫലം ഉണ്ടാകുന്നില്ല പട്ടണത്തിൽ ഈ സാംക്രമികരൊഗം ഉണ്ടാകും എന്നു പെടിക്കാനുള്ള സംഗതിയുണ്ടെന്നല്ലാതെ, ഇതുവരെ ഉണ്ടായിട്ടും ഇല്ല. അതുകൊണ്ടു, ടൌണിലെ സകല ഭാഗങ്ങളിലും കുളങ്ങളിലും കിണറുകളിലും അനവരതം ചെയ്യുന്നതിലെക്കായി സാനിട്ടരി ഇൻസ്പെക്ടൎക്ക കുതിരയായി അലവൻസു കൊടുക്കയും ഒരു കുതിര വാങ്ങി പാലിച്ചുകൊള്ളണം എന്നു ഇൻസ്പെക്ടരെ നിൎബന്ധിക്കയും ഇതിലെക്കായി, ഇൻസ്പെക്ടൎക്ക ഇപ്പൊൾ ഉള്ള യാത്രാഅലവൻസു ൫൦ രൂപാ ഉള്ളതിനെ ൫൦ രൂപാ ആക്കി കുതിരപ്പടിയായി മാറ്റണം എന്നു ഗവൎമ്മെണ്ടിലെക്ക അടിയന്തരം ആയി പ്രസിഡെണ്ട എഴുതുകയും ചെയ്യണം എന്നും ആലപ്പുഴയിലെ റൊഡുകളുടെയും മുടുക്കുകളുടെയും സ്ഥിതിക്ക ബൈസക്കിൾ കൊള്ളുകയില്ലെന്നും നിശ്ചയിച്ചു.

കൊച്ചിയിൽ നിന്നു വരുന്ന ആളുകളെ ചുങ്കത്തു പരിശൊധിക്കുന്നതിലെക്ക ഏൎപ്പാടുകൾ ചെയ്യുന്നതാകുന്നു.

യാത്രക്കാരെ പരിശൊധിക്കുന്നതിലെക്ക കമ്മിട്ടിയുടെ കീഴ്വഴക്കത്തിൽ രണ്ടു പൊലീസു കാൻസ്റ്റബിൾമാരെ വിട്ടുതരുന്നതിലെക്ക ഗവൎമ്മെണ്ടിനൊടപെക്ഷിക്കാൻ നിശ്ചയിച്ചു.

൬. ടൌണിലെ തെരുവുകളിൽ ചെയ്തിട്ടുള്ള സ്ഥലാതിക്രമണങ്ങളുടെ വിഷയത്തിൽ (൧) മമ്മത്സാഹിബ് അവൎകൾ കാദിൎസാ രാവുത്തർ, (൨) ഇബ്രാഹിംസാഹിബിന്റെ കടയിലെ അഹമ്മത് എസ്സാ (ഈ അഹമ്മത് എസ്സായ്ക്കും നോട്ടീസു അയച്ചിരുന്നു) (൩) ലുക്ക്മൻസിങ്ങ് ലാല്ജി (൪) സുലൈമാൻ മുഹമ്മത് കുഞ്ഞു ഇവർ എഴുതിയ സമാധാനങ്ങളും, അവയെ സംബന്ധിച്ചുള്ള പെപ്പൎകളും വായിച്ചു.

[illegible] തീരുമാനം കിട്ടുന്ന തീയതി മുതൽ ൩ ദിവസത്തിനകം [illegible] ആവിശ്യക്കാർ [illegible] ചെയ്യണം എന്ന നിശ്ചയിച്ചു.

൭. ശെവ്വ വാവാ, കാളർകൊണ്ടു [illegible] ഇൻസ്പെക്ടർ [illegible] ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട വായിച്ചു.

[illegible] ദിവസത്തിനകം [illegible] അയക്കാൻ നിശ്ചയിച്ചു.

൮. പ്രെസിഡെണ്ട കഴിഞ്ഞ മാസത്തെക്ക താഴെപ്പറയുന്നവക്ക അവരുടെ കച്ചവടം ചെയ്യുന്നതിന്ന കൊടുത്ത ലൈസൻസുകൾ വായിച്ചു.

(൧) കൊപ്രാ ചില്ലറ കച്ചവടത്തിന്ന് [illegible]

(൨) [illegible] ഇലിയാസിന്ന്.

(൩) [illegible] ചില്ലറ കച്ചവടത്തിന്ന് [illegible]

(൪) [illegible] നരിയൽ [illegible]

(൫) [illegible] ദിവസത്തെക്ക [illegible]

കൊടുക്കപ്പെട്ട ഈ ലൈസൻസുകളെ സ്ഥിരപ്പെടുത്താൻ നിശ്ചയിച്ചു.

[illegible] ലെട്ടർ വായിച്ചു.

സാനിട്ടറികമ്മിഷണരുടെ അഭിപ്രായം പ്രെസിഡെണ്ട അറിയണം എന്ന നിശ്ചയിച്ചു.

[illegible] യോഗം രാവിലെ ൧൦ മണിക്ക പിരിഞ്ഞു.

[illegible]

## Town Improvement Committee, Kottayam.

Proceedings of an ordinary meeting held on Wednesday the

*Present.*

M. R. Ry. K. P. Sankara Menon Avergal — *President.*
" M. Palpoo Pillay Avergal, B. A. — *Vice-President.*
Mr. E. M. L. Lysaught.
" P. M. George, L. M. & S.
M. R. Ry. Kumara Menon Avergal.
" R. Veloo Pillay Avergal.
Mr. C. Cherian.

I. Read and recorded the following letters from Government.

(1) No. 3005 P. W. dated 4th June 1907 forwarding copy of a letter sent to the Chief Engineer, Travancore, sanctioning a sum of Rs. 1500 for reconstructing the bathing ghauts at the Chungam and old Seminary landing places.

(2) No. 3620/G. dated 5th June 1907 sanctioning the entertainment of a special peon on Rs. 5 per mensem to accompany the vaccinator deputed to work in the Town.

(3) No. 4007/G. dated 22nd June 1907 stating that arrangements have been made to have the Census population of the Town of Kottayam entered as 14552 in the Almanac and other Government publications.

II. Read Sanitary Inspector's report No. 461 stating that there are no other suitable places near the Cutcherry than the present site.

Resolved that a Sub-Committee be formed consisting of Messrs. R. Velu Pillay and C. Cherian to select a proper place and report within 10 days.

III. Read and recorded the following reports from the Sanitary Inspector.

(1) No. 469 stating that the persons named therein have been fined by the Magistrate for disobeying the Committee's notices to enclose and clean their compounds.

(2) No. 479 stating that the persons named therein have been fined by the Magistrate for trading in kerosine oil without licenses.

(3) No. 482 stating that the person named therein has been fined by the Magistrate for having thatched the roof of his building with cadjan without the permission of the Committee.

IV. Read Sanitary Inspector's report No. 478 requesting sanction for a sum of Rs. 11 for buying Carbolic powder as the same is absolutely necessary.

Resolved that the amount be sanctioned out of the item for Supplies and Services.

V. Read Kottayam Range Supervisor's report No. 304 dated 12-10-82 forwarding 21 cases of unregistered puduval lands in the Town for favour of orders whether the same may be registered in the names of private persons.

Resolved that a reply be sent to the effect that no Sirkar land in the Town be registered in the names of private individuals or bodies.

VI. Read Sanitary Inspector's report No. 444 stating that Kuriah Itty prosecuted for having thatched the roof of his house with cadjan without the permission of the Committee was acquitted by the Kottayam Second Class Magistrate and forwarding copies of records for orders

Read also copy of judgment in the case.

Resolved that the papers be forwarded to the District Magistrate for such action as he may deem fit to take.

VII. Read Sanitary Inspector's report No. 422 requesting sanction to prosecute the person named therein for having renewed the roof of his building with cadjan without the permission of the Committee.

Resolved that a notice be issued to the person to show cause why he should not be prosecuted for the offence.

VIII. Read Sanitary Inspector's report No. 397 returning served the notices and stating that none of the houses has been tiled in obedience to the notices.

Read also the list of houses and their owners.

Resolved that peremptory notices be issued to the owners of houses Nos. 5, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22 and 29 given in the list stating that if their houses are not tiled or the thatching of the roofs is not removed preparatory to tiling within 14 days after the service of notices the Committee, will, in virtue of the powers vested in them, by sub-section (2) of section 86 of the T. I. C. Regulation, enter their premises and remove the roofs of their houses.

Resolved further that the consideration of the other cases be adjourned

IX. Read petitions from Andrayos Varughese, Vakeel P. K. Kurian and Kuppu Ravoothan Kaseem Ravoothan dated respectively the 2nd and 16th Edavom and 13th Mithunam 1082 applying for permission to thatch their houses with cadjan this year.

Read also report No. 494 from the Sanitary Inspector on the petition of Kuppu Ravoothan Kaseem Ravoothan.

Resolved that permission be refused.

X. Read again letters from the Principal of the C. M. S. College and the Head Masters of other institutions applying for permission for their students to play football in the maidan east of the Kottayam Taluq Cutcherry.

Resolved that permission be granted by the President till the Committee converts the maidan to a garden.

K. P. SANKARA MENON,
*President.*

---

NOTICE.

**Town Improvement Committee, Alleppey.**

It having come to the notice of the Committee that in several instances persons building houses by the side of streets and roads in this town have encroached upon street and road space for providing flights of steps, eaves, thinnas and thatties to their buildings, the town-people are hereby warned that when new buildings are put up hereafter in such places, the persons concerned should so construct the buildings as to have room within thier property limits for the above purposes also.

T. I. C. Office,
Alleppey, 12th July 1907.

K. N. EIPPA,
President.

## Notice.

**Town Improvement Committee, Alleppey.**

It having been brought often to the notice of the Committee that persons building houses newly or rebuilding or making additions or alterations to the old ones on the sides of streets, roads, lanes, canals, open grounds &c., in this town do not in the majority of cases obtain previous sanction of the Committee as required by the T. I. C. Regulation, and consequently encroachments and deviations from the line of buildings are of constant occurrence, notice is hereby given that in the cases of all such buildings the persons concerned should invariably obtain the previous sanction of the Committee before commencing the buildings.

T. I. C. Office,
Alleppey, 12th July 1907.

K. N. EIPPA,
President.

## പട്ടണ പരിഷ്കരണ കമ്മിററി ആലപ്പുഴ.

൧൦൮൨ മകരം ൧൭-നു തിങ്കളാഴ്ച കമ്മിട്ടിയുടെ ആഫീസിൽ കൂടിയ അസാധാരണ യൊഗത്തിലെ നടപടികൾ.

ഹാജർ:—

മിസ്റ്റർ കെ. എൻ. ഐപ്പ് ബി. എ. പ്രസിഡണ്ട്
മ. രാ. രാ. എം. അപ്പാവുപിള്ള
മിസ്റ്റർ എൻ. പി. നവീൽ വാലാ
മ. രാ. രാ എസ്. വെങ്കിട്ടരാമനായഡു എൽ. എം. എസ്.

യൊഗം കാലത്തു ൮ മണിക്കു കൂടി.

൧. ൨൩-നു ഉണ്ടായ അഗ്നിബാധയെ ശമിപ്പിക്കുന്നതിനു സമയത്തു ചെയ്ത വിലയെറിയ സഹായത്തിനായി മെസ്സേർസ് ഡാറാസ്മെയിൽ ആൻഡ് കമ്പനിക്കും മെസ്സേർസ് വിപ്ലി മെക്കെയിനും മററും കമ്മിട്ടിയുടെ അഭിനന്ദനം കൊടുക്കണം എന്നു നിശ്ചയിച്ചു.

൨. മാർക്കെട്ടിൽ അടുത്തു ഉണ്ടായ അഗ്നിബാധയെപ്പററി താഴെ വിവരിക്കുന്ന റിക്കാർഡുകൾ വായിച്ചു.

ആലപ്പുഴ ൧ാം ക്ലാസ്സ മജിസ്ട്രെട്ടിലെക്കു ആലപ്പുഴ പൊലീസ് ഇൻസ്പെക്ടരുടെ ൧൦൮൨ മകരം ൧൬-ലെ ൫൭൬ാം നമ്പർ റിപ്പോർട്ട്.

സാനിട്ടെറി ഇൻസ്പെക്ടരുടെ ൧൯൦൭ ജാനുവരി ൩൧-ലെ ൧൯൪ാം നമ്പർ റിപ്പോർട്ട്

അഗ്നി ശമനയന്ത്രങ്ങളെപ്പററി മെസ്സേർസ് ഡാറാസ്മെയിൽ ആൻഡ് കമ്പനിയുടെ ൧൯൦൭ ജാനുവരി ൨൯-ലെ ലെട്ടർ.

ആലപ്പുഴ പൊലീസ് ഇൻസ്പെക്ടരുടെ ൧൦൮൨ മകരം ൧൭-ലെ ൫൯൩ാം നമ്പർ റിപ്പോർട്ട്.

ഗവൎമ്മെണ്ടിനു വെണ്ടി രണ്ടു അഗ്നിശമനയന്ത്രങ്ങളുടെ ചില സാമഗ്രികളും ൫൦ തൊട്ടിയും ഇരുമ്പുപിടിയും മടക്കു ഏണിയും മററും വാങ്ങി തയ്യാറായി വച്ചിരിക്കെണ്ടതാണെന്നും ഇവ വാങ്ങുന്നതിനു ചിലവു എത്രയാകും എന്നു മെസ്സേർസ് ഡാറാസ്മെയിൽ ആൻഡ് കമ്പനിയൊടു ചൊദിക്കണം എന്നും നിശ്ചയിച്ചു.

ഇപ്പൊൾ കമ്മിട്ടിയിൽ ഫണ്ടു ഇല്ലാത്തതിനാൽ വെണ്ട മുതൽ അനുവദിക്കാൻ ഗവൎമ്മെണ്ടിനൊടു അപെക്ഷിക്കെണ്ടതാകുന്നു.

ചുങ്കം മുതൽ മുല്ലക്കൽവരെ വലിയ കായൽക്കര റൊഡുകളുടെ ഇരുവശത്തും ഉള്ള കെട്ടിടങ്ങൾക്കും വഴിച്ചെരി റൊഡിലും ഡെഡ്മാർക്കെട്ട റൊഡുകളിലും ഇടവഴികളിലും ഉള്ള കെട്ടിടങ്ങൾക്കും ഓടു ഇടെണ്ടതാണെന്നു ഗവൎമ്മെണ്ടു ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനു മെൽ ൬ മാസത്തിലകം അങ്ങനെ ചെയ്യെണ്ടതാണെന്നു നിശ്ചയിച്ചു.

൩. മെൽ വിവരിച്ച ൩-ാം നിശ്ചയത്തിൽ പറയപ്പെട്ടിട്ടുള്ള സ്ഥലത്തിലെ റൊഡിലും ഇടവഴിയിലും ഉള്ള വീടുകളുടെയും കടകളുടെയും മുൻവശത്തു തട്ടികളെയും അവിടെയുള്ള ഓലപ്പുര കെട്ടിടങ്ങളെയും എടുത്തുകളയെണ്ടതാണെന്നും ഇയിടെ ഉണ്ടായ അഗ്നിബാധയിൽ നാശിക്കപ്പെട്ടവയെ തിരികെ വെക്കരുതെന്നും നിശ്ചയിച്ചു

മെൽപ്പറഞ്ഞ നിശ്ചയത്തിന്റെ ഒരു പകൎപ്പ് ആലപ്പുഴ പൊലീസ് ഇൻസ്പെക്ടരുടെ അറിവിനും ശ്രദ്ധക്കും ആയി അയാൾക്കു അയച്ചുകൊടുക്കണം എന്നു നിശ്ചയിച്ചു.

൪. കെട്ടിടങ്ങൾക്കു ഓടു ഇടുന്നതിനെപ്പററി ൧൮൭൨ ഫെബ്രുവരി ൧൭-ലെ ഗവൎമ്മെണ്ടു ഗസെററിൽ പ്രസിദ്ധപ്പെടുത്തിയ ടി ൧൭-ലെ ഗവൎമ്മെണ്ടു പരസ്യത്തിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ ഓലപ്പുരയൊടുകൂടി ഒരു കെട്ടിടവും കെട്ടിക്കൂടാ എന്നു നിശ്ചയിച്ചു.

൫. പട്ടണ പ്രവെശങ്ങൾക്കു തീവെട്ടി ഉപയൊഗിക്കാൻ അനുവാദം അപെക്ഷിച്ചു ൫ ഹൎജികളും അതിന്മെൽ സാനിട്ടെറി ഇൻസ്പെക്ടരുടെ ൧൯൦൭ ജാനുവരി ൨൫-ലെ ൧൯൨ാം നമ്പർ റിപ്പോർട്ടും വായിച്ചു.

പട്ടണ പ്രവെശത്തിനുള്ള മാറ്റത്തെയും അതിനു വെണ്ട ചന്തത്തിന്റെ എണ്ണത്തെയും പററി മുൻകരുതലുകൾ എല്ലാം എടുത്തു ഓരൊ ഹൎജിക്കാൎക്കും വെണ്ട തീവെട്ടികൾ ഉപയൊഗിക്കാൻ അനുവാദം പ്രസിഡണ്ടു കൊടുക്കാം എന്നു നിശ്ചയിച്ചു.

യൊഗം കാലത്തു ൮ മണിക്കു പിരിഞ്ഞു.

കെ. എൻ. ഐപ്പ്,
പ്രസിഡണ്ട്.

## Trivandrum Observatory Notices.

| Meteorological Observations From 15th—21st July 1907. | | Monday, 15th July 1907 | Tues. 16th Do. | Wed. 17th Do. | Thurs. 18th Do. | Friday, 19th Do. | Sat. 20th Do. | Sun. 21st Do. | Total fall of rain. During the week. | Total fall of rain. From 1st Jan. 1907 |
|---|---|---|---|---|---|---|---|---|---|---|
| | | inch. | inch. | inch. | inch. | inch. | inch. | inch. | inches. | inches. |
| Reduced Atmospheric Pressure Maximum | 9 A. M....... | 29·695 | 29·694 | 29·641 | 29·622 | 29·650 | 29·640 | — | | |
| Id. Id. Minimum | 3 P. M....... | ·637 | ·603 | ·549 | ·554 | ·568 | ·578 | — | | |
| Temperature of Air | 6 A. M....... | 74°0 | 73°7 | 75°1 | 73°6 | 73°4 | 73°0 | — | | |
| Id. Id. | 0 P. M....... | 84·6 | 83·2 | 84·1 | 83·1 | 85·2 | 77·4 | — | | |
| Id. of Evaporation | 6 A. M... ... | 72·0 | 71·4 | 72·9 | 71·9 | 71·3 | 71·4 | — | | |
| Id. Id. | 0 P. M....... | 75·9 | 75·9 | 77·3 | 75·8 | 75·9 | 73·9 | — | | |
| Depth of Rain in inches (read at 8 A. M.) ........... | | — | 0·15 | — | — | 0·20 | 0.22 | 0·92 | 1·40 | 39·26 |
| Daily Velocity of wind in miles........................... | | 100·5 | 171·0 | 176·6 | 225·2 | 201·3 | 202·7 | 217·4 | | |
| * Mean Humidity............................................... | | ·93 | ·93 | ·94 | ·94 | ·94 | ·96 | — | | |
| * Proportion of sky clouded (whole sky=10·0)...... | | 8·0 | 10·0 | 9·4 | 10·0 | 10·0 | 10·0 | — | | |
| Daily amount of Evaporation in the shade in inches.. | | ·037 | ·045 | ·047 | ·045 | ·039 | ·033 | ·028 | | |

* Mean of 5 Observations made in the day time.

E. COOMARASWAMY PILLAI,
Second Assistant,
In charge.

| | | 1081. | 1082. |
|---|---|---|---|
| | | Inches. | Inches |
| Rainfall from 1st Chingom to the 14th of Edavom 1081 and 1082 | ... | 37·02 | 48·08 |
| Do. from 15th of Edavom to the 5th of Karkadagom ... | ... | 20·49 | 26·94 |
| Do. on the 6th Do. ... ... | ... | 0·36 | 0·92 |
| Total......... | | 57·87 | 75·94 |

## Observatory Time Notice.

*The flash of the noon day gun has been noted as follows in Trivandrum Mean Time.*

| | | | h | m. | s. |
|---|---|---|---|---|---|
| 1907 July | 15th | ... | 12 | 0 | 0 |
| „ | 16th | ... | 12 | 0 | 0 |
| „ | 17th | ... | 12 | 0 | 0 |
| „ | 18th | ... | 12 | 0 | 0 |
| „ | 19th | ... | 12 | 0 | 0 |
| | 20th | ... | 12 | 0 | |

# CALENDAR.

## പഞ്ചാംഗം

| ൧൦൮൨ ജൂലായി തിയതി | ൧൦൮൩ കർക്കടകം തിയതി | ആഴ്ച | നക്ഷത്രം | തിഥി | വിശേഷ ദിവസങ്ങൾ |
|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | [illegible] | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | ൧൩- [illegible] |
| [illegible] | [illegible] | [illegible] | [illegible] | [illegible] | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | |

## PRICE LIST.

൧൦൮൨-ാമാണ്ടു ആടി മാസം ൧൩- മുതൽ ൧൯- വരെയുള്ള
തിരുവനന്തപുരത്തു കമ്പോളത്തിലെ നിരക്ക

| ചരക്കു വിവരം | അളവു എണ്ണം | വില പണം |
|---|---|---|
| നെല്ലു ഒന്നാം തരം ... ... ... | പറ ഒന്നിനു | [illegible] |
| ടി രണ്ടാം തരം ... ... ... | ടി | [illegible] |
| ചമ്പാളം പാടി വെള്ള അരി ... ... ... | ടി | ... |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | [illegible] | [illegible] |
| [illegible] ഒന്നാം തരം ... ... ... | [illegible] ഒന്നിനു | [illegible] |
| ടി രണ്ടാം തരം ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ... ... ... ... ... | ടി | [illegible] |
| [illegible] ഒന്നാം തരം ... ... ... | ടി | [illegible] |
| ടി രണ്ടാം തരം ... ... ... | ടി | [illegible] |

## SEASON REPORT

For the week ending 14th July 1907.

Water supply, pasturage, sufficient—Paddy growing—Prices stationary—Condition cattle good—Public health satisfactory—Week's rainfall 1·98 inches.

൧൯൦൭ ജൂലായി ൧൪-നൊടുകൂടി അവസാനിക്കുന്ന ആഴ്ചവട്ടത്തിലെ കാലാവസ്ഥ റിപ്പോർട്ട്.

വെള്ളവും പുല്ലും ധാരാളം. നെല്ലു വളർന്നുവരുന്നു. വില ഒരേ സ്ഥിതിയിൽ ഇരിക്കുന്നു. കന്നുകാലികളുടെ സ്ഥിതി നന്നു. ജനസൌഖ്യം തൃപ്തികരം. ആഴ്ചവട്ടത്തിലെ മഴ ൧.൯൮ ഇഞ്ച്.

## Terms of Subscription to the Government Gazette from and after the 1st Chingom 1083/17th August 1907.

| | | |
|---|---|---|
| For one year ... | ... | 4 Bh. Rs. |
| For one month | ... | 10 Chuckrams. |
| Single copy ... | ... | 4 Chuckrams. |

Postage to be added at the rate of Bh. Rs. 4½ if the Gazette is to be sent by British Post.

The subscription is payable strictly in advance and payment by instalments or by deductions from pay will not be allowed. The rates of subscription of single copies and by the month refer only to ordinary issues of the Gazette, and do not apply to issues containing lengthy Legislative Enactments.

A. J. VIEYRA,
*Chief Secretary to Government.*

Huzur Cutcherry,
Trivandrum,
17th May, 1907.

## Charges for Advertisements.

| | Rs. | Ch. | C |
|---|---|---|---|
| Per column line, 1st insertion | ,, | 1 | 12 |
| Do. subsequent insertions... ... ... | ,, | 1 | 8 |
| For a full page of 50 lines 1st insertion ... | 5 | , | ,, |
| Do. Do. subsequent insertions. ... ... | 4 | ,, | ,, |

Standing advertisements will be charged at reduced rates. Information regarding such rates can be obtained from the Superintendent of the Government Press.

Tabular work will be charged according to the nature of work.

The above rates are for Pica type in English and Tamil and Malayalam type cast on English body.

## Notice.

In supersession of the notice dated 23rd December 1905, it is hereby notified that all matter whether official or private intended for publication in the Government Gazette should be sent in diglott wherever necessary, plainly and legibly written on one side of the paper only so as to reach "the Chief Secretary to Government, Huzur Cutcherry, Trivandrum," not later than Friday previous to the issue of the Gazette in which they are meant to be published.

Lengthy papers should be sent even earlier and in sufficient time.

## Notice.

With reference to the notice dated 23rd December 1905, it is hereby notified that the Superintendent, Government Press, is entrusted with the printing and issue of the Government Gazette and the receiving of subscriptions on account of the same.

All communications relating to the issue of the Gazette and remittances on account of subscription should be addressed to "the Superintendent, Government Press, Trivandrum."

A. J. VIEYRA,
*Chief Secretary to Government.*

Huzur Cutcherry,
Trivandrum,
16th April 1906.

## പരസ്യം

൧൦൮൩ ആണ്ടു ചിങ്ങം ൧-൹ മുതൽ സൎക്കാർ ഗസെറ്റിലെക്കുള്ള വില വിവരം.

| | |
|---|---|
| ഒരു കൊല്ലത്തെക്ക | ൪ ബ്രിട്ടീഷ രൂപാ |
| ഒരു മാസത്തെക്ക | ൧൦ ചക്രം |
| ഒരു പ്രതിക്ക | ൪ ചക്രം |

ബ്രിട്ടീഷ തപാൽ വഴി അയക്കേണ്ട ഗസെറ്റുകൾക്ക ഇതിനു പുറമെ ആണ്ടൊന്നുക്ക ൪½ ബ്രിട്ടീഷ രൂപാ കൂടി തപാൽ കൂലി വകക്കായി അയക്കേണ്ടതാകുന്നു.

ഗസെറ്റിൻ്റെ വില മുമ്പായിട്ടുതന്നെ കൊടുക്കേണ്ടതാകുന്നു. തവണകളായിട്ടൊ ശമ്പളത്തിൽ പിടിച്ചൊ കൊടുക്കാൻ ഇനിമെൽ സമ്മതിക്കുന്നതല്ലാ. ഒറ്റ പ്രതിക്കും മാസംതോറും ഉള്ള വില വിവരം സാധാരണ ഗസെറ്റുകൾക്ക മാത്രമെ സംബന്ധിക്കുന്നുള്ളു. ദീൎഘമായ നിയമങ്ങൾ അടങ്ങിയിരിക്കുന്ന ഗസെറ്റുകൾക്ക സംബന്ധിക്കുന്നില്ല.

ഹജൂർക്കച്ചെരി
തിരുവനന്തപുരം
൧൦൮൨ മെ ൧൭-൹

ഗവൎമ്മെണ്ട ചീഫ് സിക്രിട്ടരി
എ. ജെ. വിയെറാ.

## ഇതിൽ ചെൎക്കുന്നതിനു കൊടുക്കെണ്ടുന്ന കൂലിയുടെ വിവരം.

| | രു | ച | കാ |
|---|---|---|---|
| ഒന്നാമതു പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു പംക്തിയിൽ കാണുന്ന വരിക്കു | ,, | ൧ | ൧൨ |
| പിന്നീടു പ്രസിദ്ധപ്പെടുത്തുന്നതിനു | ,, | ൧ | ൮ |
| ഒന്നാമതു പ്രസിദ്ധം ചെയ്യുന്ന ൫൦ വരിയുള്ള ഒരു മുഴുപെജിനു | ൫ | ,, | ,, |
| പിന്നീടും പ്രസിദ്ധം ചെയ്യുന്നതിനു | ൪ | ,, | ,, |

സ്ഥിരമായും ഇടവിടാതെ പ്രസിദ്ധപ്പെടുത്തേണ്ട പരസ്യങ്ങൾക്കു കുറഞ്ഞ കൂലി അനുവദിച്ചിരിക്കുന്നു. ഇങ്ങനെയുള്ള കൂലിയുടെ ക്രമം ഗവൎമ്മെണ്ട പ്രസ്സ സൂപ്രണ്ടിനൊടു ആവശ്യപ്പെട്ടാൽ അറിയാവുന്നതാകുന്നു.

ടബ്ബിളിൻ്റെ വേലയുടെ മാതിരിപോലെ കൂലി ഈടാക്കുന്നതാകുന്നു.

മെൽ കാണിച്ചിരിക്കുന്ന കൂലിയുടെ ക്രമങ്ങൾ ഇംഗ്ലീഷിലും തമിഴിലും പൈക്കാ ബോഡിയും മലയാളത്തിൽ ഇംഗ്ലീഷ ബോഡിയും അക്ഷരങ്ങൾ ആകുന്നു.

## പരസ്യം

൧൯൦൫ ഡിസംബർ ൨൩-ലെ പരസ്യത്തെ റദ്ദുചെയ്തു ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ ഗവൎമ്മെണ്ട ഗസെറ്റിൽ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്ന എല്ലാ സംഗതികളെയും അവ സൎക്കാർ കാൎയ്യം ആയിരുന്നാലും ഒരാളുടെ സ്വന്തം വക ആയിരുന്നാലും കടലാസ്സിൻ്റെ ഒരു വശത്തു മാത്രം സ്പഷ്ടമായും വായിക്കാൻ തക്ക വിധത്തിലും എഴുതേണ്ടതും ആവശ്യമുള്ളപ്പോൾ ഇംഗ്ലീഷിലും നാട്ടുഭാഷയിലും വെണമെങ്കിൽ രണ്ടു ഭാഷകളിലും എഴുതി അവയെ ഏതു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തണം എന്നു വിചാരിക്കുന്നുവൊ ആ ഗസെറ്റ അച്ചടിച്ചുവരുന്ന ദിവസത്തിനു മുമ്പത്തെ വെള്ളിയാഴ്ച തിരുവനന്തപുരം ഹജൂർക്കച്ചെരി ഗവൎമ്മെണ്ട ചീഫ് സിക്രിട്ടരിയുടെ കയ്യിൽ കിട്ടത്തക്കവണ്ണം അയച്ചുകൊള്ളേണ്ടതാകുന്നു.

വലുതായി എഴുതീട്ടുള്ള കടലാസ്സുകളെ കുറെ കൂടി മുമ്പെ മതിയായ അവസരം ഉണ്ടായിരിക്കത്തക്കവണ്ണം അയക്കേണ്ടതാകുന്നു.

## പരസ്യം

൧൯൦൫ ഡിസംബർ ൨൩-ലെ പരസ്യത്തെ സംബന്ധിച്ചു ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ ഗവൎമ്മെണ്ട ഗസെറ്റിനെ അച്ചടിക്കയും അയക്കയും അതിനുള്ള വില വാങ്ങിക്കയും ചെയ്യുന്നതിനു ഗവൎമ്മെണ്ട പ്രസ്സ സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഗസെറ്റ അയക്കുന്നതിനെപ്പറ്റിയുള്ള എല്ലാ എഴുത്തുകളും അതിലേക്കു വിലയായി അയക്കുന്ന പണവും "തിരുവനന്തപുരം ഗവൎമ്മെണ്ട അച്ചുക്കൂടം സൂപ്രണ്ടെണ്ടിന" എന്ന മെൽവിലാസംവെച്ചു അയക്കേണ്ടതാകുന്നു.

ഗവൎമ്മെണ്ട ചീഫ് സിക്രിട്ടരി
എ. ജെ. വിയെറാ.

ഹജൂർക്കച്ചെരി
തിരുവനന്തപുരം
൧൯൦൬ ഏപ്രിൽ ൧൬-൹

# List of Holidays for the Huzur Cutcherry in the month of Karkadagom 1082.

| English Month. | Date. | Malayalam Month. | Date. | Day of the week. | Nature of Holidays. |
|---|---|---|---|---|---|
| 1907. | | 1082. | | | |
| July ... | 16 | Karkadagom. | 1 | Tuesday ... | Karkadaga Seevali. |
| August ... | 7 | Do. ... | 23 | Wednesday ... | Vavu Orikal. |
| Do. ... | 8 | Do. ... | 24 | Thursday ... | New Moon. |
| Do. ... | 16 | Do. ... | 32 | Friday ... | Adi Aroothi. |

## ൧൦൮൨-ാമാണ്ട കർക്കടകമാസത്തിൽ ഹജൂർകച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം ലിസ്റ്റ.

| ഇംഗ്ലീഷ് മാസം | തിയതി | മലയാള മാസം | തിയതി | ആഴ്ച | വിശേഷ ദിവസം |
|---|---|---|---|---|---|
| ൧൯൦൭ | | | | | |
| ജൂലായി | ൧൬ | കർക്കടകം | ൧ | ചൊവ്വാ | കർക്കടകശ്ശീവേലി |
| ആഗസ്റ്റ് | ൭ | ടി | ൨൩ | ബുധൻ | വാവിന്റെ ഒരിക്കൽ |
| ടി | ൮ | ടി | ൨൪ | വ്യാഴം | കറുത്ത വാവു |
| ടി | ൧൬ | ടി | ൩൨ | വെള്ളി | ആടിയറുതി |